# കരയോഗ സൗഹൃദം

*സത്യം പരം ധീമഹീ*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 44

വാല്യം - 14 ലക്കം - 9 ചിങ്ങം - 1198 സെപ്റ്റംബർ 2022











എറണാകുളം കരയോഗം ഓണം വിപണന മേള  കേരള ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ശ്രീ. എ.സി.കെ നായർ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു.



എറണാകുളം കരയോഗത്തിൽ പ്രസിഡണ്ട് എ. മുരളീധരൻ ആസാദി കാ അമൃത് വർഷാഘോഷത്തിന്റെ ഭാഗമായി 13-9-2022 ൽ പതാക ഉയർത്തുന്നു.



വിനായക ചതുർത്ഥി ദിനത്തിൽ കരയോഗം വിഘ്നേശ്വരക്ഷേത്രത്തിൽ നടത്തിയ മഹാഗണപതിഹോമം



## എഡിറ്റോറിയൽ

# ലഹരിയിൽ എരിയുന്ന കൗമാരം

**അ**ടുത്തിടയായി കാണുന്നതും കേൾക്കുന്നതുമായ ചില വാർത്തകൾ നമ്മെ ഏറെ ഭയപ്പെടുത്തുന്നതാണ്. നമ്മുടെ നാട്ടിൽ ലഹരിക്കടിമപ്പെട്ട് നശിക്കുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. വരും കാലങ്ങളിൽ വീടും നാടും രാജ്യവുമെല്ലാം ഏറ്റെടുത്ത് നടത്തിക്കൊണ്ട് പോകേണ്ട ഇന്നത്തെ യുവതലമുറയാണ് മാരകമായ ലഹരിക്കടിമപ്പെട്ട് ഇല്ലാതാകുന്നതെന്ന വസ്തുത മനസ്സിലാക്കുമ്പോൾ നമ്മുടെ കുടുംബങ്ങളുടെയും രാജ്യത്തിന്റെയും ഒക്കെ ഭാവി എന്താകുമെന്നോർത്ത് വല്ലാതെ വ്യാകുലപ്പെടുകയാണ്. മയക്കുമരുന്ന് വ്യാപാരത്തിന്റെ ഒരു ഹബ്ബായി (മറ്റ് പലതിലുമെന്ന പോലെ) കേരളം മാറിക്കൊണ്ടിരിക്കുകയാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പ്രത്യേകിച്ച് നമ്മുടെ എറണാകുളം.

ഒരു രാജ്യത്തെ ഇല്ലാതാക്കണമെന്നുണ്ടെങ്കിൽ ആ രാജ്യത്തെ യുദ്ധത്തിൽ തോല്പിക്കുകയോ പിടിച്ചടക്കുകയോ വേണ്ട. അവരുടെ തനതായ സാംസ്കാരിക, ധാർമ്മിക അടിത്തറ ഇളക്കുവാൻ പറ്റിയ വിധത്തിലുള്ള വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുകയും അവിടെയുള്ള യുവതലമുറയെ മദ്യത്തിനും മയക്കുമരുന്നിനും അടിമകളാക്കുകയും ചെയ്യുക. ആ രാജ്യം തനിയെ തകർന്നുകൊള്ളും.

ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ നിന്ന് അതിമാരകമായ എംഡിഎംഎയുമായി ഒരു യുവാവിനേയും യുവതിയേയും പോലീസ് പിടികൂടുകയുണ്ടായി. പഠിക്കാൻ അതിസമർദ്ധയായിരുന്ന, വീട്ടിലെ സ്വീകരണമുറിയിലെ ഷെൽഷുകൾ മുഴുവനും പാഠ്യേതരവിഷയങ്ങളിലെ മികവിന്റെ തെളിവുകളായി ലഭിച്ച ട്രോഫികൾകൊണ്ട് നിറച്ച, ആ പേൺകുട്ടിയാണ് മയക്ക് മരുന്നു മാഫിയായിലെ കണ്ണികളിൽ ഒരുവനോടൊപ്പം പിടിയിലായതും ഇപ്പോൾ ജയിലിൽ കിടക്കുന്നതും. ഇതു

# ഉള്ളടക്കം

വാല്യം 14 | ലക്കം 9 | 2022

എഡിറ്റോറിയൽ....3
സെക്രട്ടറിയുടെ പംക്തി.... 5
ബാലലോകം .... 7
വാസ്തു....10
ക്ഷേത്രങ്ങളിലൂടെ....12
ശ്രീമഹാഭാഗവതം....14
നവരാത്രി....18–26
യൂറോപ്യൻ യാത്ര....27
തത്ത്വമസി....30
കൈകേയി.... 32
മതചിന്തകൾ....34
ഭാഗ്യം ....37
മാസഫലം....41
മാട്രിമോണിയൽ.... 42

## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

പോലെ തന്നെ മദ്ധ്യപ്രദേശിലെ ഒരു ഹുക്കബാറിൽ നിന്നും 30 പേരെ അവിടുത്തെ പോലീസ് അറസ്റ്റുചെയ്തു. പതിനഞ്ച് പുരുഷന്മാരും പതിനഞ്ച് പെൺകുട്ടികളും. പോലീസിന്റെ പിടിയിലകപ്പെട്ടുവെന്ന് മനസ്സിലായപ്പോഴാണ് അവർ ഉടുവസ്ത്രങ്ങൾ പോലും ശരിയായി ധരിക്കുന്നത്. ഇങ്ങനെ നശിപ്പിക്കപ്പെടുന്ന എത്ര പെൺകുട്ടികളാണ് സമൂഹത്തിന്റെ മുന്നിൽ ചോദ്യചിഹ്നങ്ങളായി കണ്ണുനീർ വാർത്തുകൊണ്ട് നില്ക്കുന്നത്. അതുകൊണ്ടു തന്നെ ഇക്കാര്യത്തിൽ ഇടപെടുക എന്നുള്ളത് സമൂഹത്തിന്റെ കടമയല്ലേ.?

കേരളത്തിൽ ഇന്ന് മദ്യം സുലഭമാണ്. നേരിട്ട് ലഭിക്കാത്തവർക്ക് എത്തിച്ചുകൊടുക്കുവാൻ മദ്യറാക്കറ്റിലെ ആളുകൾ ഏറെയും. മയക്കുമരുന്നോ പണ്ടെന്നത്തേക്കാളും ഏറെ, അല്ല പതിന്മടങ്ങാണ് വിറ്റഴിക്കപ്പെടുന്നത് എന്നാണറിയാൻ കഴിയുന്നത്. LSD, ഹെറോയിൻ, മോർഫിൻ, കഞ്ചാവ്, കറുപ്പ്, എം.ഡി.എം.എ തുടങ്ങി ഒട്ടേറെ വീര്യം കൂടിയ ഇനം ലഹരിവസ്തുക്കളാണ് ഇന്ന് നമ്മുടെ നാട്ടിൽ വിറ്റഴിക്കപ്പെടുന്നത്. ഇതിൽ കൂടുതലും വിദ്യാലയങ്ങളിലാണെന്നുള്ളതാണ് അപകടകരമായ വസ്തുത. പ്രത്യേകിച്ചും പെൺകുട്ടികളെയാണ് ഈ മാഫിയകൾ വലയിൽ വീഴ്ത്തുന്നത്. അവരെ മയക്കുമരുന്ന് നല്കി ലൈംഗീക അടിമകളാക്കുകയെന്നു നീചലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തമാണവരുടേത്.

അടുത്തിടയായി നമ്മുടെ നാട്ടിലേയ്ക്ക് ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടു വരുന്നത് ഏറെയും കേരളത്തിലെ വിമാനത്താവളങ്ങൾ വഴിയാണ് എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സ്ത്രീകളെപോലും ലഹരിമാഫിയകൾ ഏജന്റന്മാരായും കാരിയേഴ്സ് ആയും ഉപയോഗിക്കുന്നുണ്ട്. അടുത്തിടെ രണ്ട് സിംബാവേക്കാരായ വനിതകളെ ലഹരിക്കടത്തിന് അറസ്റ്റ് ചെയ്തത് ഓർക്കുക. വെനേസ്വേല, പരാഗ്വേ, എൽസാൽവഡോർ തുടങ്ങിയ ദക്ഷിണ അമേരിക്കൻ രാജ്യങ്ങളിൽ നിന്നും ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുമുള്ളവരാണ് നമ്മുടെ കൊച്ചി അടക്കമുള്ള വിമാനത്താവളങ്ങൾ വഴി മയക്കുമരുന്നുകള്ളക്കടത്തിലേർപ്പെട്ടിരിക്കുന്നത്. ഏത് വിധേനയും ഈ കള്ളക്കടത്ത് പരിപൂർണ്ണമായും ഇല്ലായ്മ ചെയ്യേണ്ടതുണ്ട്.

നമ്മുടെ യുവതയെ നാശഗർത്തത്തിലേയ്ക്ക് തള്ളി വിടുന്ന ഇമ്മാതിരി തിന്മകൾക്കെതിരെ നാം ഏറെ ജാഗരൂകരാകേണ്ടിയിരിക്കുന്നു. അതിന് നിയമപരമായി വേണ്ടതെല്ലാം സർക്കാർ തലത്തിൽ ചെയ്യണം. മയക്കുമരുന്ന് മാഫിയകൾക്കുള്ള ശിക്ഷ വർദ്ധിപ്പിക്കണം.

ഏറെ ശ്രദ്ധിക്കേണ്ടത് മാതാപിതാക്കളാണ്. കുട്ടികളെ വിദ്യാലയത്തിലേക്കയച്ചാൽ മതി, അവർ തന്നെ പഠിച്ചു വളർന്നോളും എന്ന ചിന്തവേണ്ട, ഒട്ടും വേണ്ട. ആ കാലം കഴിഞ്ഞു. നമ്മുടെ കുഞ്ഞുങ്ങളെ റാഞ്ചാൻ തക്കം പാർത്തിരിക്കുന്ന കഴുകന്മാർ ഏറെയുണ്ടിവിടെ. പിടിക്കപ്പെട്ടാലും സ്വാധീനമുപയോഗിച്ച് അവൻ പുറത്ത് വരും, കൂടെ പിടിക്കപ്പെട്ടവൾ അകത്തും. അതോടെ അവളുടെ ജീവിതം നശിച്ചു. അവൻ പുറത്തിറങ്ങി മയക്കുമരുന്നുമായി അടുത്ത ഇരയെതേടും. ഇത് ആവർത്തിച്ചുകൊണ്ടേയിരിക്കും. കുട്ടികളുടെ മേൽ എപ്പോഴും ഒരു കണ്ണുവേണം. നോട്ടമൊന്നു തെറ്റിയാൽ, ചുവടൊന്ന് പിഴച്ചാൽ, പിന്നെ തിരികെ കയറാൻ പററാത്ത ചുഴിയിലാണാ പിഞ്ചുകുഞ്ഞുങ്ങൾ വീഴുന്നതെന്നുള്ളത് മറക്കാതിരിക്കുക. കൗമാരത്തിന്റെ ചാപല്യത്തിൽ എന്തിലും അവർ വീണു പോകുമെന്നുള്ളത് എപ്പോഴും ഓർക്കുക. എരിയുന്ന തീയിലേക്കടുക്കുന്ന ഇയാംപാറ്റകളെ പോലെ എന്തിലും ഭ്രമം തോന്നുന്ന കാലം. എന്തും അറിയണമെന്നും പരീക്ഷിക്കണമെന്നും തോന്നുന്ന കാലം. ഈ കാലത്ത് അച്ഛനും അമ്മയും കാവലാളുകളായി ഉണ്ടാവണം.

നമ്മുടെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ നാം ഇടയ്ക്കിടക്ക് സന്ദർശനം നടത്തണം. അവരുടെ വിവരങ്ങൾ അദ്ധ്യാപകരോട് ചോദിച്ച് മനസ്സിലാക്കണം. നമ്മുടെ മക്കളുടെ കൂടെ പഠിക്കുന്ന കുട്ടികളുമായും നാം സംസാരിക്കണം. വിവരങ്ങൾ അവരോടും തിരക്കണം. കുട്ടികളുടെ സ്കൂൾ ബാഗിൽ മിഠായികൾ സ്റ്റിക്കറുകൾ കടലാസ് രീതിയിലുള്ള മറ്റ് എന്തെങ്കിലും വസ്തുക്കൾ ഉണ്ടോ എന്ന് തുടർച്ചയായി പരിശോധിക്കുന്നതും നന്നായിരിക്കും. എല്ലാ അർത്ഥത്തിലും നമ്മുടെ കുട്ടികളുടെ മേൽ ഒരു കണ്ണും ശ്രദ്ധയും ഉണ്ടാവണം. കുരുന്നുകൾക്ക് ശരിയായ അറിവു വയ്ക്കുന്നതുവരെയും നമ്മുടെ പൂർണ്ണമായ മേൽനോട്ടം ഉണ്ടാവണം. എല്ലാ രക്ഷിതാക്കളും ജാഗരൂകരായിരിക്കുക. എങ്കിൽ നമുക്ക് മനസ്സാമാധനവും കുട്ടികൾക്ക് നല്ല ഭാവിയും ലഭിക്കും. ഇപ്പോൾ ഉപേക്ഷ വിചാരിച്ചാൽ ജീവിതകാലം മുഴുവനും കുട്ടികളെ ഓർത്ത് നാം ദുഖിക്കേണ്ടി വരും. സൂക്ഷിക്കുക. കരുതലോടെ നീങ്ങുക എല്ലാവർക്കും നല്ലതു വരട്ടെ.

ജയ് ഹിന്ദ്

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

പ്രിയ കരയോഗാംഗങ്ങളെ,

ഒരു ഇടവേളയ്ക്കു ശേഷം നാം ഈ വർഷം വിപുലമായ രീതിയിൽ നമ്മുടെ പൂർവ്വബാല്യകാല സ്മരണകൾ ഓർത്തും അതിലേയ്ക്ക്കാലത്തിന്റേതായ മാറ്റങ്ങളിലൂടെ ആധുനികവൽക്കരണത്തിന്റെയും സമൂഹത്തിന്റെ ഇന്നത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും 1198-ാമാണ്ടിലെ ചിങ്ങമാസത്തിലെ തിരുവോണം സമുചിതമായി ആഘോഷിക്കുവാൻ എല്ലാവർക്കും കഴിഞ്ഞു എന്ന് വിശ്വസിക്കുന്നു.

നവരാത്രി ആഘോഷം കന്നിമാസത്തിൽ ആരംഭിക്കുകയാണ്. അതിനു മുന്നോടിയായി എറണാകുളം കരയോഗത്തെ സംബന്ധിച്ച് വിപുലമായ മുൻ ഒരുക്കങ്ങൾ എന്ന നിലയിൽ ഈ ആഗസ്റ്റ് മാസം 14 മുതൽ കുട്ടികൾക്കായുള്ള സംഗീതം, നൃത്തം, ആദ്ധ്യാമിക പുരാണേതിഹാസങ്ങൾ വിവിധ കലകൾ തുടങ്ങിയവയുടെ മത്സരങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഏകദേശം 900ത്തോളം അപേക്ഷകൾ സ്വീകരിച്ച് 40 തോളം വ്യത്യസ്ത ഇനങ്ങളിൽ ഉള്ള മത്സരങ്ങൾ ടി.ഡി.എം. ഹാളിൽ ആരംഭിച്ചിരിക്കുന്നു.

സെപ്റ്റംബർ 26ന് ടിഡിഎം ഹാളിൽ ആരംഭിക്കുന്ന വിവിധ കലാസന്ധ്യകളുടെ സമാപനം ഒക്ടോബർ മാസം 5-ാം തീയതി സമാപിക്കും. ഈ ദിവസം കൂടുന്ന പൊതു സമ്മേളനത്തിൽ വച്ച് മത്സരത്തിൽ പങ്കെടുത്ത് വിജയിച്ച കുട്ടികൾക്ക് സമ്മാനദാനം നൽകുന്നതായിരിക്കും. അതോടൊപ്പം കരയോഗത്തിൽ കരയോഗാംഗങ്ങളായ അഭ്യുദയകാംക്ഷികൾ കരയോഗത്തെ ഏൽപ്പിച്ചിട്ടുള്ള സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നതുമാണ്.

ഉന്നത വിദ്യാഭ്യാസയോഗ്യതകളോ, റാങ്കുകളോ, സ്ഥാനമാനങ്ങളോ, കരസ്ഥമാക്കിയിട്ടുള്ള എറണാകുളം കരയോഗാംഗങ്ങളുടെ കുട്ടികൾ ആവശ്യമായ രേഖകൾ സഹിതം വിവരം കരയോഗത്തെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മേൽ പറഞ്ഞ അപേക്ഷ 25-9-22 നു മുമ്പായി കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ് എന്ന് അറിയിച്ചുകൊള്ളട്ടേ.

കോവിഡ് കാലത്തിനു ശേഷം കരയോഗത്തിന്റെ ആഭിമുഖ്യത്തിലുള്ള ദൈനംദിന പ്രവർത്തനങ്ങളും പരിപാടികളും സാധാരണ നിലയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഈ നിലയിൽ കാര്യങ്ങൾ

മുന്നോട്ടുപോകാൻ കഴിഞ്ഞാൽ നമ്മുടെ ഇന്നത്തെ സാമ്പത്തീക പ്രതിസന്ധിക്ക് ഏതാനും വർഷങ്ങൾക്കുള്ളിൽ പരിഹാരം കാണുവാൻ കഴിയും. ആ ഒരു ശുഭപ്രതീക്ഷയിലാണ് ഭരണസമിതി.

എറണാകുളം കരയോഗത്തിന്റെ സ്ഥാപനങ്ങളിലേ സേവനമേഖലകൾ എറണാകുളം കരയോഗം അംഗങ്ങൾ ഉപയോഗപ്പെടുത്തുകയും ആയവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രത്യേകിച്ച് ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ്, ആയുഷ്യം മെഡിക്കൽസ് ആന്റ് പോളിക്ലിനിക്ക്, വിവാഹ ആവശ്യത്തിനും മറ്റും വിവിധ ഹാളുകൾ തുടങ്ങിയവ. അംഗങ്ങൾ എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും നാം നല്കുന്ന സേവനങ്ങളെക്കുറിച്ചുമെല്ലാം നേരിട്ടും ഫെസ്ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയ ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ വഴിയും തങ്ങളുടെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ശ്രദ്ധയിൽപെടുത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഇന്നത്തെ കാലത്ത് സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണങ്ങൾക്ക് വലിയ പ്രാധാന്യം ഉണ്ട് എന്ന കാര്യം വിസ്മരിക്കാൻ കഴിയില്ല. അതുകൊണ്ട് നിങ്ങളുടെ ഓരോരുത്തരുടേയും ശ്രദ്ധയും കുറച്ചു സമയവും എറണാകുളം കരയോഗത്തിനു വേണ്ടിയുള്ള സേവനത്തിനായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗത്തിലെ നവരാത്രി ആഘോഷങ്ങളോട് അനുബന്ധിച്ചുള്ള 10 ദിവസത്തെ കലാപരിപാടികൾ സംബന്ധിച്ച് വിശദാംശങ്ങൾ ഈ ലക്കം സൗഹൃദത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് എറണാകുളം കരയോഗം സാംസ്ക്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ജോൺസൺമാസ്റ്റർ ഈണം നൽകിയ പാട്ടുകൾ ഉൾപ്പെടുത്തിയ ഒരു സംഗീത സായാഹ്നം നടത്തുന്നു.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്

ജനറൽ സെക്രട്ടറി

*****

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതംഅവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## ഓണവിശേഷങ്ങൾ

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

**പൂ**വിളിയുമായി വീണ്ടും ഓണമെത്തുകയാണ്. സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സൗഹാർദ്ദത്തിന്റെയും സമഭാവനയുടെയും പ്രതീകമായ തിരുവോണത്തെ വരവേൽക്കാൻ മലയാളക്കര ഒരുങ്ങുകയായി. കൊച്ചു കൂട്ടുകാർക്കായി കുറച്ച് ഓണവിശേഷങ്ങളാണ് ഈ ലക്കം ബാലലോകം

പരമ്പരാഗതമായ ഉത്സാഹത്തിമിർപ്പോടെ കേരളീയരായ നമ്മൾ കൊണ്ടാടിവരുന്ന ഒരു ദേശീയോത്സവമാണ് പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണം. ചിങ്ങത്തിൽ ഓണത്തോടൊപ്പം വസന്തകാലവും വിളവെടുപ്പുകാലവും കൂടി ആഗതമാകുന്നതോടെ ഓണത്തിന്റെ പ്രാധാന്യവും വർദ്ധിക്കുന്നു.

പൂക്കളുടെ ഉത്സവമാണ് ഓണം. ചിങ്ങത്തിൽ അത്തം മുതൽ പത്തുനാളുകളിലാണ് ഓണോത്സവത്തിന്റെ പ്രധാന ചടങ്ങായ പൂവിടീൽ നടക്കുന്നത്.

മഹാബലി ചക്രവർത്തിയെയും വാമനനേയും ബന്ധപ്പെടുത്തിയുള്ള വാമനാവതാര കഥ ഒരു മിത്തായി മലയാളിമനസ്സുകളിൽ നിലകൊള്ളുന്നു. മാവേലി വാണ നാടിന്റെ പഴയൊരു കാലവും അക്കാലത്തെ മനുഷ്യർ തമ്മിലുണ്ടായിരുന്ന ഒരുമയും പഴയ ഓണപ്പാട്ടിൽ ഹൃദ്യമായി അനാവരണം ചെയ്യപ്പെട്ടിട്ടുണ്ട്. കള്ളവും ചതിയുമില്ലാത്ത എള്ളോളം പൊളി വചനമില്ലാത്ത സമത്വസുന്ദരമായ മാവേലി നാടിനെ നാമെല്ലാം ഇന്ന് കൊതിക്കുകയാണ്.

1961ലാണ് ഓണം കേരളത്തിന്റെ ദേശീയോത്സവമായി സർക്കാർ പ്രഖ്യാപിക്കുന്നത്. അന്നുമുതൽ അത്തച്ചമയം തൃപ്പൂണിത്തുറയിലാണ് കൊണ്ടാടാൻ തുടങ്ങിയത്. തിരുവോണനാളിൽ മഹാബലി തിരുമനസ്സ് തന്റെ പ്രജകളെ കാണാനെത്തുന്നു എന്ന സങ്കല്പമാണ് ഓണാഘോഷത്തിന്റെ സവിശേഷത.

ഓണത്തെക്കുറിച്ചുള്ള പഴഞ്ചൊല്ലുകളും നാടൻ ശീലുകളും തിരുവോണത്തെപ്പറ്റി കൂടുതൽ അറിവുപകർന്നു തരുന്നതാണ്. പൂപ്പൊലി പാട്ടുകളും ഊഞ്ഞാൽപ്പാട്ടും, കൈകൊട്ടിക്കളിപ്പാട്ടും, പാണന്റെ തുടികൊട്ടിപ്പാട്ടുമൊക്കെ ഓണത്തിന്റെ ചരിത്രത്തിലേക്ക് വഴികാട്ടുന്നു. ഇവയിൽ പലതും വാമൊഴിയിലൂടെ ഇന്നും നമ്മുടെ ചുണ്ടുകളിൽ വന്നെത്തുന്നു. പ്രാദേശികമായ ചില വ്യത്യാസങ്ങൾ ഓരോ പ്രദേശത്തും കണ്ടെന്നുവരാം.
ഈ പാട്ട് മൂളി നോക്കൂ–

ചന്തത്തിൽ മുറ്റം ചെത്തിതെളിച്ചില്ല
എന്തെന്റെ മാവേലി ഓണം വന്നൂ.
ചന്തയ്ക്കു പോയീല, ചേനയും വാങ്ങീല
എന്തെന്റെ മാവേലി ഓണം വന്നൂ....
അമ്മാവൻ വന്നീല, സമ്മാനം തന്നീല
എന്തെന്റെ മാവേലി ഓണം വന്നു.

ഓണത്തിന് പൂക്കളം പ്രധാനമാണ്. ഓരോ വീടിന്റെയും മുറ്റം വിവിധ ഇനം പൂക്കളാൽ അലംകൃതമാകുന്നു, ഓരോ ഓണദിവങ്ങളിലും പൂവിടുന്നതിലും ഉണ്ട് ശീലങ്ങൾ. ചില ചിട്ട വട്ടങ്ങൾ. മൂലത്തിന് മൂല തിരിച്ചാണ് പൂവിടൽ. ചോതി ദിവസം ചുവന്ന പൂക്കൾ കൊണ്ടുവേണം കളം നിറയ്ക്കാൻ. തൃക്കേട്ട നാൾ കളത്തിന് തൃക്കൈ നീട്ടണം. പൂരാടത്തിന് പൂക്കൾ വിതറി ഇടണം. തൂവിയിടണം. അത്തത്തിന്റെ അന്ന് തുമ്പക്കൊടം മാത്രം ഇട്ടാൽ മതിയെന്നാണ്. തിരുവോണനാളിൽ പൂക്കളം കാണാൻ ഓരോ വീട്ടുമുറ്റത്തും മാവേലിത്തമ്പുരാൻ എത്തുമെന്നാണ് വിശ്വാസം.

തൃക്കാക്കര അപ്പനെ വണങ്ങിയാണ് മഹാബലി യാത്ര തുടങ്ങുന്നത്. തൃക്കാക്കരയപ്പൻ വാമനമൂർത്തിയാണ്.

തൃക്കാക്കര തെക്കേക്കര കൊന്നമരം പൂത്തേ എന്നത് പ്രാചീനമായ ഒരു നാടൻ പാട്ടിന്റെ അംശമാണ്.

പുരാണങ്ങളും സങ്കൽപ്പങ്ങളും ഐതിഹ്യങ്ങളും ചരിത്രവുമെല്ലാം കൈകോർത്തു നിൽക്കുന്ന തൃക്കാക്കര അപ്പന്റെ തിരുസന്നിധിയിലെത്തുമ്പോൾ മലയാളിയുടെ മനസ്സിൽ ഒരായിരം വർണ്ണചിത്രങ്ങൾ വിരിയും.

ഇതാ ഒരു പൂപ്പാട്ട്

പൂവേ പൊലി പൂവേ പൊലി
പൂവേ പൊലി പൂവേ പൊലി
പൂവുണ്ടോടാ പൂവുണ്ടോ പുത്തങ്ങാടി
പൂമരമുണ്ടേൽ പൂവുണ്ട്.

ഈ പാട്ട് ഇങ്ങനെ

തുമ്പപ്പൂവേ തുമ്പപ്പൂവേ
തുമ്പി വരുന്നുണ്ടേ തുള്ളാൻ
തുമ്പനിറച്ചും പൂവുണ്ടെന്നാൽ
തുമ്പികൾ തുള്ളാൻ അനവധിയേ

തുമ്പിതുള്ളൽ സ്ത്രീകളുടെ പ്രധാന ഓണക്കാല വിനോദമാണ്. ഒരു ബാലികയെ അണിയിച്ചൊരുക്കി കൈയിൽ ഒരു പിടി തുമ്പകൊടുത്തിട്ട് അത് കൊണ്ട് മുഖം മറച്ച് തറയിൽ ചമ്രംപടിഞ്ഞിരിക്കുന്നു. ഏഴിൽ കുറയാത്ത പെൺകുട്ടികൾ ചുറ്റും നിന്ന് പാട്ടുപാടി കറങ്ങി നടക്കുന്നു. പാട്ടും കൈത്താളവും കേട്ടു കേട്ട് നടുവിലിരിക്കുന്ന തുമ്പി തുള്ളാൻതുടങ്ങും.

ഒന്നാനാം കൊച്ചുതുമ്പി
എന്റെ കൂടെ പോരുമോ നീ
നിന്റെ കൂടെ പോരുമെങ്കിൽ
എന്തെല്ലാം തരുമെനിക്ക്
കളിപ്പാൻ ഞാൻ കളം തരുവേൻ
കുളിപ്പാനോ കുളം തരുവേൻ
ഇട്ടിരിക്കാൻ പൊൻതടുക്ക്
ഇട്ടുണ്ണാൻ പൊൻ തളിക
കൈകഴുകാൻ വെള്ളിക്കിണ്ടി
കൈതോർത്താൻ പുള്ളിപ്പട്ട്

എന്നിട്ടും തുമ്പിതുള്ളുന്നില്ലെങ്കിൽ പാട്ട് ദ്രുതതാളത്തിലാവും.

എന്താ തുമ്പി തുള്ളാത്തു
പൂവു പോരാഞ്ഞോ പൂക്കുലപോരാഞ്ഞോ
ആളുപോരാഞ്ഞോ, അലങ്കാരമില്ലാഞ്ഞോ
അത്തപ്പത്തോണം വന്നടുത്തെടാ നായരേ
ചോതിപുഴുങ്ങാനും നെല്ലുതായോ

എന്നൊരു പഴമൊഴി പ്രസിദ്ധമാണ്. ചോതിനാളിലെങ്കിലും നെല്ല് പുഴുങ്ങി ഉണക്കിയാലേ ചിങ്ങത്തിലെ തിരുവോണനാളിൽ പുത്തരിയുണ്ണാൻ കഴിയൂന്നാണ്.

കർക്കിടകത്തിന്റെ കറുത്ത ചേലകൾ മാനം വലിച്ചെറിഞ്ഞാൽ ഉടൻ ഓണനിലാവു പരക്കുകയായി.

കർക്കിടകവാവു കഴിഞ്ഞാൽ ഇല്ലം നിറയാണ്. കൊയ്ത്തിനു മുൻപേ ഇല്ലം നിറയ്ക്കണം. നെല്ലി, ഇല്ലി, പ്ലാവ്, മാവ്, ആല് എന്നീ വൃക്ഷങ്ങളുടെ ചെറുചില്ലകൾ ഉഴിഞ്ഞ വള്ളി കൊണ്ട് കെട്ടിയുണ്ടാക്കുന്നതിന് കാടും പടലും എന്നാണ് പറയുന്നത്. അതിന്റെ കൂടെ ദശപുഷ്പങ്ങളും വേണം. സ്വന്തം കണ്ടത്തിൽ നിന്ന് കൊയ്തുകൊണ്ടുവന്ന ഒരു കറ്റയിൽ നിന്നുള്ള കതിരും ചേർത്താണ് ഇല്ലംനിറ.

'ഇല്ലം നിറ, വല്ലം നിറ, വട്ടി നിറ, പത്തായം നിറ' എന്നു ചൊല്ലി വീടിനു പ്രദക്ഷിണം വെച്ച് വടക്കിനിയിൽ അരിമാവ് അണിഞ്ഞിടത്ത് വെയ്ക്കുന്നു.

നിറയുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന പുത്തരിപ്പായസം സ്വാദിൽ ഒന്നു വേറെതന്നെ. പച്ച നെൽമണി ഇടിച്ചു പിഴിഞ്ഞ നീരിൽ (പാലിൽ) ഉണക്കലരിയും ശർക്കരയും ചേർത്ത് ഓട്ടുരുളിയിൽ തയ്യാർ ചെയ്യുന്നതാണ് പുത്തരിപായസം.

ഓണവുമായി ഇഴചേർന്നു കിടക്കുന്ന സ്മൃതികളിൽ മനസ്സ് കുട്ടിക്കാലത്തെ അനുഭൂതികളിലേക്ക് ചിറകടിച്ച് പറക്കുന്നു, കൂട്ടുകാരേ, ഓർക്കുമ്പോൾ മനസ്സിൽ കുളിരും സന്തോഷവുമാണ് നിറഞ്ഞു തുളുമ്പുന്നത്.

ഓണം കവികളുടേയും എഴുത്തുകാരുടേയും ഇഷ്ടവിഷയമായതുകൊണ്ടാവും എത്രയോ ഓണപ്പാട്ടുകളാണെന്നോ

'പോവുക നാമെതിരേൽക്കുക
നമ്മളൊരുക്കുക നാളെയൊരോണം'....എന്നു

പാടി പ്രത്യാശയോടെ മാവേലിയെ കാത്തിരിക്കുന്നു കവി.

ഇടശ്ശേരിയുടെ പൂവിളിയും പി യുടെ ഓണവില്ലും ഓ.എൻ.വി.യുടെ ഒരോണപ്പാട്ടും, തിരുനെല്ലൂരിന്റെ ഓണം എന്ന കവിതയും സമത്വസുന്ദരമായ, സ്നേഹാധിഷ്ഠിതമായ പുതിയൊരു ലോകത്തിന്റെ പിറവി ഓണനാളുകളിൽ കവികൾ സ്വപ്നം കാണുന്നുവെന്നതിന്റെ തെളിവാണ്.

ഓണസദ്യയെക്കുറിച്ചും ഓണവിഭവങ്ങളെക്കുറിച്ചുമൊക്കെ പാട്ടുണ്ട്.

ഓണസദ്യയ്ക്കിതെന്തെല്ലാം
മത്തൻ കൊണ്ടൊരെരിശ്ശേരി
കുമ്പളങ്ങാ പുളിശ്ശേരി
കാച്ചിയ മോര് നാരങ്ങാ-
ക്കറി പച്ചടി കിച്ചടി അച്ചാറ്
പപ്പടമുണ്ട്, പായസമുണ്ട്,
ഉപ്പേരികളൊ പലതുണ്ട്.

ഊഞ്ഞാലാട്ടവും കുട്ടികൾക്ക് ഓണവിനോദമാണ്. പാട്ടുകൾ പാടികൊണ്ടാണ് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഊഞ്ഞാലാട്ടം.

നല്ല പെണ്ണേ നങ്ങേലി
ഊഞ്ഞാലാടാൻ വാടിപെണ്ണേ
കാൽകുഴഞ്ഞേ, കൈകുഴഞ്ഞേ
ചോടുവെയ്ക്കാനാവുന്നില്ലേ
എനിക്കുള്ളൊരാപൊൻപതക്കം
അവൾക്കെടുത്ത് കൊടുക്കിനമ്മാ....
നല്ല പെണ്ണേ നങ്ങേലി
ആട്ടമാടാൻ വാടി പെണ്ണേ

ഓരോന്നു കൊടുക്കാമെന്നു പറഞ്ഞ് നങ്ങേലിയെ ഊഞ്ഞാലാടാൻ പ്രേരിപ്പിക്കുകയാണ്.

തൈതാരോ-തിന്താരോ
തെയ്യകന്താരോ തിന്താരോ

കൈകൊട്ടിപ്പാട്ടും ഓണക്കാലവിനോദം തന്നെ.

ഒരോണം കഴിഞ്ഞാൽ മലയാളി അടുത്ത ഓണം വരാൻ കാത്തിരിക്കയാണ്. ഒരിക്കലുമൊരിക്കലും മതിവരാത്ത ഒരു മാനസികാവസ്ഥയാണ് ഓണം മലയാളിക്ക് എന്നെന്നും.

മാവേലി നാടുവാണീടും കാലം എന്ന പാട്ട് കൊച്ചുകൂട്ടുകാർ കേട്ടിരിക്കുമല്ലോ മാവേലി നാടിന്റെ നന്മകൾ എണ്ണിയെണ്ണി പറയുകയാണ് പ്രസ്തുത പാട്ട്.

ഉത്രാടം മുതലുള്ള നാലു ദിവസമാണ് പ്രധാന ഓണാഘോഷം. 'ഉത്രാടം ഉച്ചയായാൽ അച്ചിമാർക്കൊക്കെ വെപ്രാളം' എന്നത് നേരനുഭവമാണ്. ദൂരെ ദേശങ്ങളിൽ കഴിയുന്നവരും ഓണക്കാലം നാട്ടിലെത്തുന്നു. ഓണനാൾ കുടുംബനാഥന്റെ വക എല്ലാവർക്കും ഓണക്കോടി പതിവാണ്. നാട്ടുമ്പുറങ്ങളിൽ ഇതിന് ഇന്നും മാറ്റമില്ല. മുക്കൂറ്റികളുടെ കടം കഥകളും പൂത്തുമ്പയുടെ പഴഞ്ചൊല്ലുകളും കേട്ട് ഗ്രാമങ്ങൾ ഉണരുകയായി. ആർപ്പോ ഇറോ വിളികളും പൂവിളികളും കൊണ്ട് മുഖരിതമാവുകയാണ് നാടും നഗരവും.

ഇതൊക്കെ കിനാവുകളാണെന്നു. ശാസ്ത്രവും കളവുകളെന്ന് ലോകചരിത്രവും പറയുന്നു. എന്നാൽ ഇത് നമ്മുടെ പ്രതീക്ഷയാണ്. മാനുഷരെല്ലാം ഒത്തൊരുമിച്ച് ഒരു പോലെയെന്ന നമ്മുടെ സ്വപ്നങ്ങൾക്ക് ഇതൊന്നും മങ്ങലേൽപ്പിക്കുന്നില്ല.

കാലം മാറിയാലും കോലം മാററുത് എന്നൊരു ചൊല്ലുണ്ട്. എന്നാൽ ഇന്ന് കാലവും കോലവും മാറിപ്പോയിരിക്കുന്നു. ഉത്രാടരാത്രിയിൽ മഹാബലി തമ്പുരാന്റെ ആഗമനം ആഘോഷിക്കാൻ ഭഗവാന്റെ സ്തുതി പാടി തുകിലുണർത്താൻ വന്നിരിക്കുന്ന പാണന്മാർക്ക് പാണൻ പാട്ടെന്തെന്നു പോലും അറിയാതെയായി.

കുടുംബ ബന്ധങ്ങളും സാമൂഹികബന്ധങ്ങളും ശിലിഥമാവുകയും ആസുരത എവിടെയും നടമാടുകയും ചെയ്യുന്നു. മാവേലിനാടിനു യോജിച്ചതാണോ ഇതെല്ലാം എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ആർപ്പേയ്...ഇറോ...ഇറോ
കൂട്ടുകാർക്കെല്ലാം ഓണാശംസകൾ
നേരുന്നു.


*****



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)


**പ്ലോട്ടിന്റെ ആകൃതി ശരിയാക്കാതെ യാതൊരു വക കെട്ടിടങ്ങളുടെയും പണി ആരംഭിക്കരുത്**





മുകളിൽ കൊടുത്തിരിക്കുന്ന സ്കെച്ച് ശ്രദ്ധിക്കുക.

വടക്ക് കിഴക്ക് വളഞ്ഞിരിക്കുന്നു. വടക്കുകിഴക്കു വളഞ്ഞിരിക്കുകയൊ മുറിഞ്ഞ് പോകുകയൊ അരുത്. അതുപോലെ തെക്കും പടിഞ്ഞാറ് ഭാഗം തെക്ക് പടിഞ്ഞാറോട്ടോ തള്ളിനിക്കാതെ ചതുരമായിരിക്കണം. കിഴക്കും പടിഞ്ഞാറും എ യും ബിയും ചെറിയ മതിൽ 24 സെ.മീ. ഹൈറ്റിൽ കെട്ടി പ്ലോട്ട് ശരിയാക്കണം.


എപ്പോഴും വടക്കുകിഴക്കും തെക്കും പടിഞ്ഞാറും ശ്രദ്ധിക്കണം.




ഈ സ്കെച്ച് നോക്കുക
വടക്കിനേക്കാൾ തെക്കു കിഴക്കോട്ട് തള്ളിനിൽക്കുന്നു.
കിഴക്ക് തെക്ക് തള്ളി നിൽക്കുന്നു.
എ.ബി., ബി.സി ചെറിയ കുട്ടി മതിൽ കെട്ടി ശരിയാക്കിയിരിക്കണം.





തെക്കു പടിഞ്ഞാറ് മൂല ഒരേ പോലെ തെക്കോട്ടും പടിഞ്ഞാറോട്ടും തള്ളി നിൽക്കുന്നു. എ.ബി, ബി,സി കുട്ടി മതിൽ 24 സെമീ ഉയരത്തിൽ കെട്ടി ശരിയാക്കിയ ശേഷം പണി തുടങ്ങാം.




ഇവിടെ വടക്കു പടിഞ്ഞാറ് വടക്കോട്ടും പടിഞ്ഞാറോട്ടും തള്ളി നിൽക്കുന്നു. എ.ബി., ബി.സി. കൂട്ടി മതിൽ കെട്ടി ശരിയാക്കാതെ പണികൾ തുടങ്ങരുത്.
വടക്കുവശം തെക്കിനേക്കാൾ കിഴക്കോട്ടു തള്ളി നില്ക്കുന്നുണ്ടെങ്കിൽ കുഴപ്പമില്ല.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**





സ്കെച്ച് 1, 2

1) വടക്കു കിഴക്ക് തള്ളി നില്ക്കുന്നു. കുഴപ്പമില്ല

2) തെക്കു കിഴക്കു തള്ളിയിരിക്കുന്നു. ശരിയാക്കണം

എ. ബി. ചെറിയ മതിൽ കെട്ടുക.




മുകളിൽ കൊടുത്തിരിക്കുന്ന സ്കെച്ചിൽ ഒന്നിൽ കിഴക്കുതെക്ക് മുറിഞ്ഞിരിക്കുന്നു. 2-ൽ തള്ളി നിൽക്കുന്നു. രണ്ടും കുഴപ്പമില്ല.

അടുത്തകാലത്ത് പണി തീരാത്തതും പണി തുടങ്ങാൻ പറ്റാത്തതുമായ ചില സ്ഥലങ്ങളിൽ പോകേണ്ടി വന്നത് കൊണ്ടാണ് ഇതു എഴുതുന്നത്. എവിടെ ആയാലും സ്ഥലം ശരിയാക്കാതെ പണി തുടങ്ങരുത്.

സംശയമുള്ളവർ പ്ലോട്ടിന്റെ സ്കെച്ച് അയക്കുക.

*****

# വിഷമം

മിനിക്കഥ

ഉണ്ണിവാരിയത്ത്

പത്രപ്രവർത്തകൻ ഒരു സംഭവത്തെ സത്യസന്ധമായി റിപ്പോർട്ട് ചെയ്തപ്പോൾ പത്രാധിപർക്ക് ഇഷ്ടമായില്ല. കോളിളക്കമെന്നല്ല ഒരിളക്കവും ഉണ്ടാക്കാത്ത റിപ്പോർട്ട് വളച്ചൊടിച്ച് പൊടിപ്പും തൊങ്ങലും വെച്ചു പിടിപ്പിക്കാൻ അയാൾ നിർദ്ദേശിച്ചു. മനസ്സാക്ഷിയുള്ള പത്രപ്രവർത്തകൻ അതിനോട് വിയോജിച്ച് രാജിവെച്ചു.

എവിടെയൊക്കെയോ എപ്പോഴൊക്കെയോ സത്യം കുഴിച്ചുമൂടപ്പെടുമ്പോൾ മനസ്സാക്ഷിയെ കുഴിച്ചുമൂടാത്ത പത്രപ്രവർത്തകരെ അത് വിഷമിപ്പിക്കാതിരിക്കുമോ

**എറണാകുളം കരയോഗാംഗത്വമെടുക്കൂ**
**സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ**

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**

ക്ഷേത്രങ്ങളിലൂടെ

# ശ്രീ ഉറുമ്പച്ചൻ കോട്ടം ക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



ഭാരതം പൗരാണിക കാലം മുതൽ തന്നെ ഭൗതികമായും ആദ്ധ്യാത്മികമായും സമ്പന്നമായ ഒരു രാഷ്ട്രമാണ്. നാടിന്റെ സംസ്കാരത്തിന്റെ ഭാഗമായി അനേകം ആചാരസമ്പ്രദായങ്ങൾ ഇവിടെ നിലവിലുണ്ട്. പ്രകൃതി ശക്തികളെയെല്ലാം ദേവതാസങ്കല്പത്തിലാരാധിക്കുന്നവരാണ് ഭാരതീയർ. ചെറുതും വലുതമായ എല്ലാ ജീവജാലങ്ങളിലും ഈശ്വരാംശം കുടികൊള്ളുന്നു എന്നും വിശ്വസിക്കുന്നു. ഈ വിശ്വാസത്തെ ബലപ്പെടുത്തുന്ന ഒരു ആരാധനാസ്ഥാനമാണ് ഉറുമ്പച്ചൻ കോട്ടം ക്ഷേത്രം.

കണ്ണൂർ ജില്ലയിൽ കുറ്റിക്കകം എന്ന ഗ്രാമത്തിലെ തോട്ടട എന്ന സ്ഥലത്താണ് ഉറുമ്പച്ചൻ കോട്ടം സ്ഥിതി ചെയ്യുന്നത്. ഏഴരകടൽ തീരത്തിനടുത്ത് തോട്ടട കിഴുന്നപ്പാറ റൂട്ടിലെ റോഡരികിലായാണ് ഉറുമ്പച്ചൻ കോട്ടം കാണപ്പെടുന്നത്. ഇത് ഒരു ആരാധനാലയമാണ്. ഇവിടുത്തെ ആരാധനാമൂർത്തി ഉറുമ്പാണ്.

ഉറുമ്പിനെ ആരാധിക്കുന്ന ഏക ക്ഷേത്ര സ്ഥാനമാണ് ഉറുമ്പച്ചൻകോട്ടം. കടൽതീരമായ ഈ പ്രദേശമെല്ലാം ചെങ്കൽ സമാനമായ മണ്ണുനിറഞ്ഞതാണ്. കടൽതീരത്തുനിന്നും സാമാന്യം നല്ല ഉയരത്തിലാണ് ഈ സ്ഥലങ്ങൾ കാണപ്പെടുന്നത്. ഈ തീരങ്ങളിൽ എല്ലാത്തരം വൃക്ഷങ്ങളും ചെടികളും നിറഞ്ഞു നില്ക്കുന്നുണ്ട്. കടലിൽ അവിടവിടെയായി പല ഉയരത്തിലുള്ള പാറക്കെട്ടുകളും കാണാം. ഏഴരകടൽ തീരമെന്നറിയപ്പെടുന്ന ഇവിടെ ഒരു പക്ഷെ മുമ്പ് കരഭൂമിയായിരുന്നിരിക്കാം. പിന്നീട് കടലെടുത്തതാകാം. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രദേശമാണിത്. നാനാമതവിഭാഗത്തിലുള്ള ആളുകളും ഇവിടെ അധിവസിക്കുന്നുണ്ട്. ഈ കടലോരഗ്രാമത്തിലെ തോട്ടടയിലാണ് ഉറുമ്പിനെ ആരാധിക്കുന്ന ക്ഷേത്രം സ്ഥിതിചെയ്യുന്നത്.

പ്രകൃതി ശക്തികളെ ആരാധിക്കുന്നവരാണ് നാം. സൂര്യചന്ദ്രൻമാരും വൃക്ഷങ്ങളും അഗ്നിയും വായുവും നദികളും നമുക്ക് ആരാധനാപാത്രങ്ങളാണ്. എന്നാൽ ഉറുമ്പിനെ ആരാധിക്കുന്ന ഒരു സ്ഥാനം അത് ഒരപൂർവ്വത തന്നെയാണ്. ഒരു ഉറുമ്പിനുപോലും എന്ന് നാം നിസ്സാരമായി പറയാറുണ്ട്, എന്നാൽ ഉറുമ്പ് അത്ര നിസ്സാരക്കാരനല്ല. ഉറുമ്പുകളിലും പല വിഭാഗക്കാരുണ്ട്. ഗണപതി ഉറുമ്പ്, കട്ടുറുമ്പ്, പുളിയുറുമ്പ്, ശോണനുറുമ്പ് എന്നിങ്ങനെ വിവിധങ്ങളായ പേരുകൾ നാം അവർക്കു നൽകിയിട്ടുണ്ട്. ഇവരുടെയെല്ലാം മൂലകുടുംബക്ഷേത്രമാണ് ഉറുമ്പച്ചൻ കോട്ടം എന്നാണ് വിശ്വാസം.

പ്രകൃതിയിലെ കാഴ്ചകളിലെക്ക് നാം നമ്മുടെ മനസ്സിനെ ഒരു സ്വൈരവിഹാരനത്തിനയച്ചാൽ ജീവിത വിജയത്തിനുവേണ്ട പല ഗുണപാഠങ്ങളും പ്രകൃതിയിൽ നിന്നു നമുക്കു ലഭിക്കും. മുന്നേ പോകുന്ന ഉറുമ്പ് പിന്നാലെ വരുന്നവർക്കു വഴികാട്ടിയാകുന്നു. കരയിലെ ഏറ്റവും വലിയ ജീവിയായ ആന പോലും ചിലപ്പോൾ ഉറുമ്പിനു മുന്നിൽ നിസ്സഹായനാവുന്നു. ആനയുടെ തുമ്പിക്കയ്യിലൂടെ കട്ടുറുമ്പുകടന്നു കയറിയ കഥ ഒരു അതിശയോക്തിയല്ല സത്യാവസ്ഥയാണ്. വ്യത്യസ്ഥ സ്വഭാവമുള്ള മനുഷ്യരെപ്പോലെ വ്യത്യസ്ഥ സ്വഭാവമുള്ള ഉറുമ്പുകളുമുണ്ട്. ഉറുമ്പുകൾ മനുഷ്യർക്കും മറ്റു ജീവജീലങ്ങൾക്കും ഉപകാരികളും ഉപദ്രവകാരികളുമാകാറുണ്ട്. ആരുടെയും അനുവാദത്തിനു കാത്തു നില്ക്കാതെ എവിടെയും എപ്പോഴും എന്തിലും കടന്നുചെല്ലുന്ന ഒരു ചെറു ജീവിയാണ് ഉറുമ്പ്. എന്നാൽ അത്ര നിസ്സാരനുമല്ല. ബുദ്ധിജീവിയെന്നഭിമാനിക്കുന്ന മനുഷ്യന് ഈ നിസ്സാരമെന്നു കരുതുന്ന ചെറുജീവിയിൽ നിന്നും പലതും പാഠമാക്കാനുണ്ട്.

'ഉറുമ്പരിച്ചുകൂട്ടുന്നതുപോലെ' എന്നൊരു ചൊല്ലു തന്നെ നമ്മുടെ ഇടയിലുണ്ട്. മനുഷ്യരുടേതുപോലെ സമ്പാദ്യശീലം ഉറുമ്പിനുമുണ്ട് എന്നു സാരം. ഒരു ഉറുമ്പിനെ നാം ഉപദ്രവിച്ചാൽ ഒരു കൂട്ടം ഉറുമ്പുകൾ നമ്മെ ഉപദ്രവിക്കും. ഇത് ഈ ചെറു ജീവിയുടെ ഒത്തൊരുമയെ സൂചിപ്പിക്കുന്നു.

ഉറുമ്പുകളുടെ ഉപദ്രവത്തെ ചെറുക്കാൻ അവരെ പ്രീതിപ്പെടുത്തിയാൽ മതി. അവർ സന്തുഷ്ടരായാൽ അവരുടെ ഉപദ്രവമുണ്ടാകില്ല. അവരെ ഈശ്വരീയ സങ്കല്പത്തിൽ സ്ഥാനം നൽകി ആദരിച്ചിരിക്കുന്ന സ്ഥാനമാണ് ഉറുമ്പച്ചൻ കോട്ടം. നാനൂറിലേറെ വർഷങ്ങളായി ഇവിടെ ഉറുമ്പിനെ ആരാധിച്ചു പോരുന്നു. ഇവിടെ വൃത്താകാരത്തിൽ തറനിരപ്പിൽ നിന്നും ഒന്നരമീറ്റർ ഉയരത്തിലുള്ള ഒരു തറ മാത്രമാണുള്ളത്. അടുത്തുള്ള ക്ഷേത്രത്തിലെ പൂജാരി ഇവിടെ വന്ന് നിത്യവും രണ്ടുനേരവും വിളക്കു വയ്ക്കുന്നു. ഒരു കെടാവിളക്കും ജ്വലിച്ചു നിൽക്കുന്നുണ്ട്. വീടുകളിലോ പറമ്പിലോ മുറ്റത്തോ ഉറുമ്പിന്റെ ശല്യമുണ്ടായാൽ ഉറുമ്പിനെ പ്രാർത്ഥിച്ച് ഒരു തേങ്ങ ഈ തറയിൽ സമർപ്പിച്ചാൽ ഉറുമ്പിന്റെ ശല്യം ഉണ്ടാകാറില്ല എന്നാണ് വിശ്വസിക്കുന്നത്.

പൂജാരി തേങ്ങ ഉടച്ച് അതിന്റെ വെള്ളം ഈ തറയിലൊഴിക്കുന്നു. ഉറുമ്പ് തേങ്ങ വെള്ളത്തിനടുത്തേക്കു വന്നാൽ പ്രാർത്ഥന ഫലിച്ചു എന്നു വിശ്വാസിക്കാം. ഇതിന് തേങ്ങമൂട്ട് എന്നാണ് പറയുന്നത്. ഉറുമ്പച്ചൻ കോട്ടത്തിലെ തറയുടെ സമീപത്തായി ഒരു ആർച്ചു കാണാം. അതിൽ ഉദയമംഗലം ശ്രീഗണപതിക്ഷേത്രം എന്നും ശ്രീ ഉറുമ്പച്ചൻ കോട്ടം എന്നും എഴുതി വച്ചിട്ടുണ്ട്.

പണ്ട് ഇവിടെ ഒരു ഗണപതിക്ഷേത്രം പണികഴിപ്പിക്കുന്നതിനായി സ്ഥാനം നിശ്ചയിച്ച് കുറ്റിയടിച്ചു. പിറ്റെ ദിവസം കുറ്റി നിന്നിരുന്നസ്ഥാനത്ത് കുറ്റിമറയത്തക്ക വിധം ഉയരത്തിൽ ഉറുമ്പിന്റെ പുറ്റാണ് കണ്ടത്. ഇതുകണ്ട് പലരും പല അഭിപ്രായങ്ങളും ഉന്നയിച്ചപ്പോൾ പ്രശ്നം വച്ചു നോക്കിക്കുവാൻ തീരുമാനിച്ചു. ഇവിടം ഉറുമ്പുകളുടെ സ്ഥാനമാണെന്നും ഇവിടെ ഉറുമ്പുകൾക്ക് ആരാധന നടത്തണമെന്നും പ്രശ്നത്തിൽ തെളിഞ്ഞു. അതിനടുത്ത ദിവസം ഈ സ്ഥാനത്തടിച്ചിരുന്ന കുറ്റി കുറച്ച് അകലെ മാറിക്കിടക്കുന്നതും കണ്ടു. പിന്നീട് കുറ്റി മാറി കിടന്ന സ്ഥലത്ത് ഗണപതിക്ഷേത്രം പണികഴിപ്പിക്കുകയും പുറ്റുകണ്ട സ്ഥലത്ത് ഉറുമ്പുകൾക്കുള്ള സ്ഥാനവും ഒരുക്കുകയുണ്ടായി. ഉദയമംഗലം ശ്രീ ഗണപതി ക്ഷേത്രം ഉറമ്പച്ചൻ കോട്ടത്തിനടുത്തു തന്നെയാണ് ഉദയമംഗലം ഗണപതിക്ഷേത്രത്തിന്റെ ആരൂഢമായാണ് ഉറുമ്പച്ചൻ കോട്ടം കണക്കാക്കപ്പെടുന്നത്. ഉറുമ്പച്ചൻ കോട്ടത്തിന്റെ സ്ഥാനത്ത് സുബ്രഹ്മണ്യസാന്നിദ്ധ്യമുണ്ടെന്നും വിശ്വസിക്കുന്നതിനാൽ ഇവിടെ നിത്യവും രണ്ടു നേരവും പൂജാരി ദീപം ജ്വലിപ്പിക്കുന്നുണ്ട്. ഗണപതിക്ഷേത്രത്തിൽ നിവേദ്യം തയ്യാറാക്കിയാൽ ആദ്യ നിവേദ്യം ഉറുമ്പച്ചനാണ്. അതിനു ശേഷമേ ഗണപതിക്കു നിവേദിക്കാറുള്ളൂ. വൃശ്ചിക മാസത്തിലെ കാർത്തികനാൾ ഇവിടെ വിപുലമായ ആഘോഷങ്ങൾ നടത്താറുണ്ട്. അന്ന് ഉറുമ്പച്ചന്റെ തറയും പരിസരങ്ങളും നിറദീപങ്ങളാൽ അലങ്കരിക്കും.

തൂണിലും തുരുമ്പിലും ഭഗവാനുണ്ടെന്ന് ഭഗവാൻ ശ്രീമഹാവിഷ്ണുനരസിംഹാവതാരത്തിലൂടെ നമുക്ക് വ്യക്തമാക്കിത്തന്നു. ഏതൊരു സൂക്ഷ്മജീവിയിലും കുടികൊള്ളുന്നത് ഭഗവത് ചൈതന്യം തന്നെയെന്നതിന് ഉറുമ്പച്ചൻകോട്ടം ഒരു ഉദാഹരണമാണ്. ഇവിടെ വിളക്കുതെളിയിച്ച് തേങ്ങ മുട്ടി പ്രാർത്ഥിക്കുന്നവർ ഉറുമ്പച്ചനിലെ ഈശ്വരാംശത്തെ വിശ്വസിക്കുന്നു, പ്രാർത്ഥിക്കുന്നു. ഉറുമ്പിന്റെ ശല്യമുണ്ടായാൽ ഉറുമ്പച്ചനോടു പ്രാർത്ഥിക്കാം. ഉറുമ്പിന്റെ ശല്യത്തിൽ നിന്നും രക്ഷനേടാം. ബുദ്ധിമാനെന്നു സ്വയം അഹങ്കരിക്കുന്ന മനുഷ്യാ നിന്നിലും എന്നിലും ഒരേ ചൈതന്യം തന്നെയാണ് കുടികൊള്ളുന്നത് എന്ന് ഉറുമ്പച്ചൻ നമ്മെ വിശ്വസിപ്പിക്കുന്നു. ഉറുമ്പച്ചൻ കോട്ടം വരെ ഒന്നു പോകാം ഉറുമ്പിനെ ഒന്നു നമിക്കാം.

*****



# ശ്രീമഹാഭാഗവതം

## ഭാഗവതം ഏകാദശസ്കന്ധം (തുടർച്ച)

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

യജ്ഞം, ദാനം, തപസ്, രൂപം ഇവയെല്ലാം ഭഗവാന് സമർപ്പിക്കണം. ഭാര്യ, കുട്ടികൾ, വീട്, പ്രാണൻ തുടങ്ങിയവ എല്ലാം ഭഗവാന് സമർപ്പിക്കണം ചില ആളുകൾ നമുക്കു വേണ്ടാത്തത് അമ്പലത്തിൽ കൊടുക്കും. ഉപയോഗശൂന്യമായത് മററുള്ളവർക്കു നൽകരുത്. നമുക്കു പ്രീയപ്പെട്ടതാണ് ഭഗവാനു കൊടുക്കേണ്ടത്. സർവ്വവും ഭഗവാന്റേതാണ്. ഇത്തരം ചിന്തകൾ വരുമ്പോൾ മായ അകലും. ഭഗവദ് ഭക്തിയുണ്ടാകും. രാജാവിന് പരമാത്മാവായ നാരായണന്റെ സ്വരൂപത്തെക്കുറിച്ചറിയണമെന്നു പിപ്പലായനൻ പറഞ്ഞു, ലോകത്തിന്റെ കാരണഭൂതനായ നാരായണനാണ് പരമതത്ത്വം. സമാധിയിൽ യോഗികൾക്കുണ്ടാകുന്ന ആനന്ദം പരമതത്ത്വം. ഈശ്വരൻ അദ്വയനാണ്. ബ്രഹ്മത്തിൽ നിന്നും ലോകം ഉണ്ടാകുന്നു. ഇന്ദ്രിയങ്ങൾക്കതീതമാണ് ബ്രഹ്മം. സ്വാനുഭൂതികൊണ്ട് മാത്രമേ ബ്രഹ്മത്തെ അറിയുവാൻ കഴിയുകയുള്ളൂ. ആദിയിൽ ഉണ്ടായത് ബ്രഹ്മമാണ്. സൃഷ്ടിയുടെ ഹേതു ബ്രഹ്മമാണ്. ആത്മാവിന് ജനനമില്ല. ഇവയെല്ലാം ശരീരത്തിന്റേതാണ്. ഇന്ദ്രിയങ്ങൾക്കാണ് വികാരം. ആത്മാവിന് വികാരമില്ല. ആത്മാവ് അവിനാശിനിയുമാണ്. നമുക്കു ഭക്തി വർദ്ധിക്കുമ്പോൾ രാഗദ്വേഷം ഇല്ലാതാകും. പുണ്യവും പാപവും നശിക്കും.

യർഹിബ് ജനാഭ ചരണൈഷണയോരു
ഭക്ത്യാ
ചേതോ മലാനി വിധമേദ് ഗുണകർമ്മജാനി

മനസ്സ് ഭഗവാന്റെ ഗുണങ്ങളിലായി ധ്യാനിക്കുമ്പോൾ പരിശുദ്ധമാകുന്നു. പിപ്പലായനൻ ഭഗവാന്റെ രൂപത്തെ വിശദമായി വർണ്ണിക്കുന്നു. നിമി കർമ്മയോഗത്തേക്കുറിച്ചറിയാനാണാഗ്രഹിക്കുത്.

കർമ്മയോഗം വദതനഃ ന പുരുഷോ
യേന സംസ്കൃതഃ
വിധുയേ ഹാശു കർമ്മാണി നൈഷ്
കർമ്മ്യം വിന്ദതേ പരം

മനുഷ്യന്റെ മനസ്സിനെ സംസ്ക്കരിക്കത്തക്കതായ കർമ്മമാർഗ്ഗത്തെ പറഞ്ഞു തന്നാ ലും. അദ്ദേഹത്തിന് സനൽകുമാരൻ പോലും ഉത്തരം നൽകിയില്ല. അതുകൊണ്ട് എനിക്കുത്തരം തന്നാലും.

മനസ്സ് ശുദ്ധമായാൽ പരമാത്മാവിനെ കാണാം. ആവിർഹോത്രനെന്ന യോഗീശ്വരൻ പറഞ്ഞു കർമ്മ അകർമ്മ വികർമ്മ രഹസ്യങ്ങൾ അറിയണമെങ്കിൽ വേദശാസ്ത്രം അറിയണം.

കർമ്മാകർമ്മ വികർമ്മേതി
വേദ വുദോ ന ലൗകികഃ

കർമ്മയോഗം പഠിക്കണമെങ്കിൽ വേദജ്ഞാനം അറിയണം. കർമ്മം എന്നാൽ കർത്തവ്യകർമ്മം. വികർമ്മമെന്നാൽ നിഷിദ്ധ കർമ്മം. നമുക്കു ദേഹം കൊണ്ടോ വാക്കുകൊണ്ടോ മനസ്സുകൊണ്ടോ കർമ്മം ചെയ്യാതിരിക്കാൻ കഴിയില്ല. ഈ ലോകത്തും പരലോകത്തും നന്മ നേടുന്നതിനായി നാം കർമ്മം ചെയ്യുന്നു. മോശമായ പ്രവർത്തി ചെയ്താൽ അടുത്ത ജന്മം അതിന്റെ ഫലം അനുഭവിക്കാനായുള്ള വിധി ഉണ്ടാകും. എന്നാൽ കർമ്മഫലത്തിൽ യാതൊരു തലത്തിലുള്ള ആസക്തിയും കാണിക്കാത്തവനാണ് ജ്ഞാനി അല്ലെങ്കിൽ വിവേകി. എല്ലാം ഈശ്വരനിൽ അർപ്പിച്ച് കർമ്മം ചെയ്താൽ മനസ്സ് ശുദ്ധമാകും. കർമ്മങ്ങൾ ചെയ്താലും അതിന്റെ ഫലത്തേക്കുറിച്ചു ചിന്തിക്കാത്തവർക്ക് ആനന്ദം ലഭിക്കും. കർമ്മയോഗമിതാണ്. ഈശ്വരന് അർപ്പിച്ച് പ്രവർത്തികൾ ചെയ്താൽ മോക്ഷവും ലഭിക്കും. ഫലകാംക്ഷയില്ലാതെ പ്രവർത്തിച്ചാൽ ആത്മലാഭം ലഭിക്കും. ശരീരത്തിൽ ആത്മഭാവന ഉണ്ടാകുന്നത് നമ്മുടെ മനോവാസന മൂലമാണ്. ഇവിടെ പൂജാവിധികളെങ്ങനെയെന്നും വിശദീകരിക്കുന്നു. ക്രമമനുസരിച്ചും ഭക്തിയനുസരിച്ചും പൂജിച്ചാൽ ഭഗവദ്പ്രസാദം ലഭിക്കും.

ഓരോരോ കാലത്തിങ്കൽ
ഭഗവദ്വർണ്ണഭേദ
ചാരുരൂപങ്ങൾ നാമദ്ധ്യായന
പൂജാവിധി
പാരതിൽ നരന്മാരാൽ
ചെയ്യോക്കും ക്രമങ്ങളെ
പാരാതെയരുൾ ചെയ്ക വേണം

എന്നതിന്റെ ഉത്തരമായിട്ടാണിവിടെ വിവരിക്കുന്നത്.

ഇങ്ങനെ യുഗം തോറും ഭഗവാൻ പൂജാമാർഗ്ഗം
മംഗലം കലിയിങ്കൽ ഭഗവൽ സങ്കീർത്തനം
മുഖ്യമെന്നതുമറിഞ്ഞീടുക മനതാരിൽ
വിഖ്യാത ഗുണനിധേ മിഥില്ല്യ നൃപോത്തമ

ഇതെല്ലാം കേട്ടു സന്തോഷവാനായി രാജൻ നവയോഗികളെ പൂജിച്ചു.

ഭഗവാന്റെ രൂപങ്ങളെക്കുറിച്ചുള്ള ചോദ്യത്തിനുത്തരമായി ദ്രുമിളൻ പറഞ്ഞു, ആദ്യന്തരഹിതനായ ഈശ്വരന്റെ കർമ്മങ്ങളും അനന്തമാണ്. ഭഗവാന്റെ അവതാരങ്ങളും കണക്കുകൾക്കപ്പുറമാണ്. ആര്യദേവനായ നാരായണൻ പഞ്ചഭൂതങ്ങളുണ്ടാക്കി. പിന്നെ ബ്രഫ്മാണ്ഡമുണ്ടാക്കി. വിരാട് പുരുഷന്റെ അവതാരം പിന്നീട്. ആദികർത്താവ് ഭഗവാനാണ്. പിന്നീട് രജോഗുണം സ്വീകരിച്ചു ബ്രഹ്മാവായി. സത്വഗുണം സ്വീകരിച്ച് വിഷ്ണുവായി. തമോഗുണം സ്വീകരിച്ച് രുദ്രനായി. ലോകത്തിൽ ധർമ്മം പ്രചരിപ്പിക്കുതിനായി നാരായണനും നരനുമായി. ഹംസരൂപമായി ബ്രഹ്മാവിന് ആത്മതത്ത്വം ഉപദേശിച്ചു. ദത്താത്രേയനായും സനത്കുമാരനായും ഋഷഭനായും അവതരിച്ചു. പിന്നീട് ഹയഗ്രീവനായി ജനിച്ചു നഷ്ടപ്പെട്ട വേദത്തെ വീണ്ടെടുത്തു. പിന്നീട് മത്സ്യാവതാരം, വരാഹാവതാരം, നരസിംഹാവതാരം എന്നിവ എടുത്തു. അങ്ങനെ എല്ലാ മന്വന്തരങ്ങളിലും ജന്മമെടുത്ത് ദുഷ്ടനിഗ്രഹം നടത്തി. വാമനനായി അവതരിച്ച് ദേവേന്ദ്രന്റെ നഷ്ടപ്പെട്ട സ്ഥാനം വീണ്ടെടുത്തു. ഭൃഗുവംശത്തിൽ പരശുരാമനായി, പിന്നീട് ശ്രീരാമാവതാരം. ശ്രീകൃഷ്ണനായി യദുവംശ രക്ഷ ചെയ്തു. അങ്ങനെ കലിയുഗത്തിൽ കൽക്കിയായി ഇങ്ങനെ

ബ്രഹ്മാവാദികൾ ദേവ മാനുഷ
രാക്ഷസരും
ഇമ്മഹീവാസ സർവ്വ ജന്തു
വർഗ്ഗവും പിന്നെ
ലോകങ്ങളലോകങ്ങൾ സർവ്വവും
നാരായണൻ
ആകുന്നതെന്നറിഞ്ഞീടുക
വഴിപോലെ

നവയോഗികളിൽനിന്നുംഎല്ലാ തത്ത്വങ്ങളുമറിഞ്ഞ നിമി നോക്കി നിൽക്കേ അവർ അപ്രത്യക്ഷരായി. നാരദർ പറഞ്ഞു, വാസുദേവാ ഭാഗവതധർമ്മങ്ങൾ ശ്രദ്ധയോടെ അനുഷ്ഠിച്ച് മുക്തിനേടുക. വാസുദേവൻ അങ്ങനെ ആ വിദ്യ ഉപേക്ഷിച്ച് മുക്തിനേടാനുള്ള മാർഗ്ഗങ്ങൾ അവലംബിച്ചു. പരീക്ഷിത്തിനോട് ശുകമുനി പറഞ്ഞു:

നാരദ വസുദേവ സംവാദം
പുണ്യമിദം
സാരമാം കഥാമൃതം ഗ്രഹിച്ചീടു ജന്മം
സമബുദ്ധികളായി
നിർമ്മലാത്മാക്കളായി
ട്ടമൃതാനന്ദപദം പ്രാപിക്കുമസംശയം

പിന്നീട് ബ്രഹ്മാവും പരമശിവനും പരിവാരങ്ങളുമെല്ലാം ശ്രീകൃഷ്ണനെ കാണാൻ ദ്വാരകയിലെത്തി. ഭഗവാനെ നമസ്കരിച്ച് അപദാനങ്ങൾ വാഴ്ത്തി പാടി. ഈ ലോകത്തിന്റെ ഉത്ഭവവും രക്ഷയും സംഹാരവും നടത്തുന്നത് അങ്ങാണ്. ജഗത് പാലകനും ജഗത്തിന് നിയന്താവും അങ്ങാണ്. ബ്രഹ്മാവ് ഭഗവാന്റെ ലീലാവിലാസങ്ങളും മറ്റും പുകഴ്ത്തി പറഞ്ഞു. എൽപിലേൽപ്പിച്ച കർമ്മത്തെ നടത്തിച്ചത് അങ്ങാണ്.

നിന്തിരുവടിയെന്നാലർത്ഥിക്കപ്പെ
ട്ടതിനെ
അന്തരം വരാതെ സാധിപ്പാനു-
മധർമ്മത്തെ
ദൂരവേ നീക്കി ധർമ്മസ്ഥാപനം
ചെയ്തു സത്യം
പാരാതെ പരിപാലിച്ചീടിന ഭവാനുടെ
സർവ കല്മഷനാശകാരിണിയായ
കീർത്തി
സർവേശ്വര! ലോകത്തിങ്കൽ
വർദ്ധിപ്പിച്ചീടുവാനും
യാദവകുലത്തിങ്കലവതാരം
ചെയ്തൊരു
മാധവാ തവ കഥാലീലകൾ
കലിയിങ്കൽ
സാധുക്കളായുള്ളൊരു
മാനുഷർ ദിനേ ദിനേ

ചേതസിലോർത്തുകൊണ്ടു
കീർത്തിയും
തമസ്സിനെ കടും വിശുദ്ധരായ്
പരമാർത്ഥ ജ്ഞാന
ന്മാരായുടനേ മോക്ഷത്തേയും
ലഭിച്ചീടുന്നു നൂനം

ബ്രഹ്മാവ് ഭഗവാനോടു പറഞ്ഞു, അങ്ങിവിടെ അവതാരോദ്ദേശം നിർവ്വഹിച്ചു. അതുകൊണ്ട് വൈകുണ്ഠത്തെ പ്രാപിക്കുക. ദുർനിമിത്തങ്ങൾ യാദവകുലത്തിൽ കണ്ടുതുടങ്ങി. ഈ സമയം ഉദ്ധവർ ഭഗവാന്റെ സമീപത്തെത്തി യാദവകുല നാശത്തേക്കുറിച്ചു പറഞ്ഞു. ഭഗവാൻ പറഞ്ഞു:

സത്യമായതു പറഞ്ഞീടുവൻ
കേട്ടുകൊൾക
ഈ കുലം ബ്രാഹ്മണശാപത്താൽ
നശിക്കുന്നു

ബ്രഹ്മാവിന്റെ ആഗ്രഹത്താലാണ് ഈ ഭൂമിയിൽവത്. ഇപ്പോൾ ബ്രഹ്മാവ് തിരികെ വൈകുണ്ഠത്തിൽ ചെല്ലേണ്ട കാര്യവും പറഞ്ഞു. ബ്രാഹ്മണശാപം മൂലം തമ്മിൽ തല്ലി കുലം നശിക്കും. ഇവിടം സമുദ്രത്തിൽ മുങ്ങും. എന്നാൽ എന്റെ ഭക്തനായ നിനക്ക് ഒന്നും സംഭവിക്കുകയില്ല.

നാ ഹം തവാംഘ്രികമലം
ക്ഷണാർദ്ധമപി കേശവ
ത്യക്ത്യും സമുത്സഹേ നാഥ
സ്വധാമ നയമാമപി

ഭഗവാനേ! അങ്ങയുടെ പാദാരവിന്ദങ്ങളെ വിട്ട് അരനിമിഷം പോലും എനിക്കു നിൽക്കാൻ പറ്റില്ല. എല്ലായ്പ്പോഴും ഞാനങ്ങയുടെ കൂടെയായിരുന്നു. എന്നേയും അങ്ങ് കൂടെ കൊണ്ടുപോകണം. ഭഗവാൻ പറഞ്ഞു:

ന വസ്തവ്യം ത്വയൈ വേഹ മയാ
ത്യക്തേ മഹീതലേ

ഞാൻ പോയിക്കഴിഞ്ഞാൽ നിനക്കിവിടം പറ്റില്ല. കലിയുഗം അധാർമ്മികതയിൽ നിൽക്കും. മനസ്സ് എന്നിലർപ്പിച്ച് ജ്ഞാനിയേപ്പോലെ നിൽക്കൂ. ഭഗവാൻ ഉദ്ധവർക്ക് ജ്ഞാനോപദേശം നൽകിയതാണ് ഉദ്ധവഗീതയെറിയപ്പെടുത്. ഭഗവാൻ പറഞ്ഞു, ഇന്ദ്രിയങ്ങളിലൂടെ ലഭിക്കു അറിവ് നശ്വരമാണ്. അതുകൊണ്ട് ഇന്ദ്രിയങ്ങളെ നമ്മുടെ അധീനതയിലാക്കണം. മായകൊണ്ട് ലോകം ഉണ്ടെന്നു തോന്നുന്നു. ആത്മാനുഭവം ഉണ്ടാകുന്നതുവരെ അന്തഃകരണ ശുദ്ധിക്കു വേണ്ടി വർണ്ണാശ്രമധർമ്മങ്ങൾ അനുഷ്ഠിക്കണം. ഏകനായ ആത്മാവാണ് സത്യം. ഗുണമോ ദോഷമോ എന്നത് ജ്ഞാനിക്കുന്ന പ്രശ്നമല്ല. ജ്ഞാനി ആത്മാനന്ദം അനുഭവിച്ചവനാണ്. ജ്ഞാനി എല്ലാം ഈശ്വരമയമായി കാണുന്നു.

ഏവം ജിജ്ഞാസയാ പോഹ്യ
നാനാത്വ ഭ്രമമാത്മനി
ഉപാരമേത വിരജം മനോ
മയ്യർപ്യ സർവ്വഹേ

എല്ലാ വസ്തുതകളും മനസ്സിലാക്കി നാനാത്വം ത്യജിച്ച് എന്നിൽ? ലയിക്കുന്നയാളാണ് ജ്ഞാനി. കർമ്മങ്ങളുടെ ലക്ഷ്യം ഞാനാണെന്ന് കരുതണം. ഭഗവദ് ഭക്തി ലഭിക്കുമ്പോൾ മനസ്സ് ശുദ്ധമാകും. ഉദ്ധവരുടെ ആവശ്യം ഭക്തി ഉപദേശിച്ചു തരണമെന്നാണ്. ആദ്യം സർവ്വരിലും സമഭാവം വളർത്തുക. കാരുണ്യവാനായ ഒരു ഗുരുവിൽ നിന്നും ഭക്തി അഭ്യസിക്കണം. പിന്നീടാവശ്യം സത്സംഗമാണ്. മഹാത്മാക്കളുമായി സമ്പർക്കം പുലർത്തണം.

സത്സംഗത്വേ നിസ്സംഗത്വം നിസ്സംഗ
ത്വേ നിർമ്മോഹത്വം
നിർമ്മോഹത്വേ നിശ്ചലത്വം
നിശ്ചലത്വേ ജീവന്മുക്തി

ഇങ്ങനെയാണ് സത്സംഗം മൂലം നന്മയുണ്ടാകുത്. ഭയം കളഞ്ഞ് ഭഗവാനെ പ്രാപിക്കണം. ഇത്രയൊക്കെ കേട്ടിട്ടും ഉദ്ധവർക്കു പല സംശയങ്ങളുമായിട്ടാണ് ചോദ്യങ്ങൾ ചോദിക്കുത്.

ഒരു ഗുരുവിന്റെ സാമീപ്യം മൂലം ശാസ്ത്രത്തെ അറിയുകയും ശാസ്ത്രത്തിൽ നിന്ന് സത്വ ഗുണവും അതിൽനിന്ന് ധർമ്മാചരണങ്ങളും അതിൽനിന്ന് ചിത്തശുദ്ധിയും ഉണ്ടാകും. ചിത്തശുദ്ധിയിൽ നിന്ന് ആത്മതത്ത്വജ്ഞാനവും ലഭിക്കും

ഭാഗവതത്തിന്റെ പല ഭാഗങ്ങളായി വിവരിച്ച തത്ത്വങ്ങൾ തന്നെയാണിവിടെ വിവരിക്കുന്നത്. മനോശുദ്ധി, ധ്യാനം, വിഭൂതി ഇവയെക്കുറിച്ചുള്ള വിശദമായ അഭിപ്രായങ്ങൾ ഇവിടെ വിവരിക്കുന്നു. വർണ്ണാശ്രമധർമ്മങ്ങൾ, ശുദ്ധജ്ഞാനം, ഭക്തി, ജ്ഞാനഭക്തി, കർമ്മയോഗങ്ങൾ ഇവയെല്ലാം ഉദ്ധവർ ചോദ്യങ്ങളിലൂടെ ഉത്തരങ്ങളായി മനസ്സിലാക്കുകയാണ്. ശുദ്ധജ്ഞാനവും ഭക്തി

യും വർണ്ണിക്കുമ്പോൾ ഭഗവാൻ പറയുന്നു, ഭക്തന്മാർ ധാരാളമുണ്ടെങ്കിലും എനിക്കേറ്റ വും ഇഷ്ടപ്പെട്ടവൻ ജ്ഞാനിയായ ഭക്തനാ ണ്. ഒരു ജ്ഞാനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ഞാനാണ്.

ജ്ഞാനി പ്രിയതമോ ള തോ, മേ
ജ്ഞാനേനാ സൗബിർ ഭർത്തി മാം

അവന്റെ ഇഷ്ടം ഞാൻ മാത്രം. ദുഃഖ മെന്നു പറയുന്നത് വിഷയസുഖങ്ങളെ പ്രാ ർത്ഥിക്കുന്നതാണ്.

ദുഃഖം കാമ സുഖാപേക്ഷാ
പണ്ഡിതോ ബന്ധമോക്ഷവിത്

വിഷയസുഖങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടേയിരിക്കുന്നത് ദുഃഖം. ഭഗവാൻ പറയു ത് ഗുണദോഷങ്ങൾ രണ്ടും കാണണം. ഇതേ തുടർന്ന് ഭഗവാൻ ഭക്തി ജ്ഞാന കർമ്മയേ ഗങ്ങളെ വിവരിക്കുന്നു. വിഷയവൈരാഗ്യം പൂർണ്ണമായി ലഭിച്ചാൽ ജ്ഞാനയോഗത്തിന ർഹരാകുന്നു. അനാസക്തനാണ് ജ്ഞാന യോഗം കിട്ടുന്നത്. ലോകത്തിൽ ജീവിക്കുക യും നിഷ്ഠയോടെ സ്വധർമ്മം പാലിക്കുക യുമാണെങ്കിൽ സാവധാനം ജ്ഞാനം നേടാം. ഭക്തിയും കൈവരും. ദുർലഭമായി ലഭിക്കുന്ന മനുഷ്യജന്മം വളരെ കുറച്ചു പേർക്കു മാത്രമേ ലഭിക്കുകയുള്ളൂ.

ഭഗവാൻ വീണ്ടും പറയുന്നു, നിഷ്ഠ പാലിക്കണം. ചെയ്തുകൊണ്ടിരിക്കുന്നത് ഏതു മാർഗ്ഗമാണോ അതു തുടരുക തന്നെ വേണം. ആഗ്രഹിക്കുന്നതെല്ലാം ഒരാൾക്ക് ഭക്തിയിലൂടെ നേടാൻ കഴിയും. പക്ഷെ ഭക്തനാണെങ്കിൽ അയാൾ ഒന്നും ആഗ്രഹി ക്കില്ല.

ന കിഞ്ചിത് സാധവോ ധീരാ ഭക്താ
ഹ്യേ കാന്തി നോ മമ
വാഞ്ചന്ത്യപിമയാ ദത്തം കൈവല്യമാ
പുനർഭവം

ഭഗവാൻ നേരിട്ടു കൊടുത്താലും ഭക്തൻ ഒന്നും വേണ്ടെന്നു പറയും. അത്രക്കും വിരക്തി കൈവരും. ഏതാണോ നമ്മളെ ഭഗവാനിലേക്ക് ആകർഷിക്കുന്നത് അതാണ് പവിത്രം.

ഈ ഏകാദശ സ്കന്ധത്തിലെ വി വരണങ്ങളിൽ ഭൂരിഭാഗവും മനസ്സും അതിനെ കീഴടക്കേണ്ട വിധവും വിവരിക്കുന്നു. മന സ്സിന്റെ നിയന്ത്രണത്തിൽ പെടുന്നത് തെ റ്റാണെന്നും അങ്ങനെയുള്ളവർക്കു നരകം ആണെും പറയുന്നു. ഓരോ മനുഷ്യന്റേ് യും ഉള്ളിലുള്ള ശത്രുവാണ് മനസ്സ്. അതിനെ ആദ്യം നിയന്ത്രിക്കണം. ലോകത്തിൽ വച്ച് എന്തൊക്കെ അിറയാമോ അതെല്ലാം ഉദ്ധവര റിഞ്ഞു. ഉദ്ധവർക്ക് മോക്ഷപ്രാപ്തിക്കു വേണ്ട ജ്ഞാനം ലഭിച്ചു. ഭഗവാനിലുള്ള സ്നേഹം ഉറച്ചതായിരുന്നു. ഭഗവാനെ പിരിയാൻ പ റ്റാതെ വിഷമിച്ച ഉദ്ധവർക്ക് ഭഗവാൻ മെ തിയടി കൊടുത്തനുഗ്രഹിച്ചു. ആ മെതി യടി ശിരസ്സിൽ വച്ചു മനസ്സില്ലാമനസ്സോടെ ഉദ്ധവർ ബദരീ ആശ്രമത്തിലേക്കു തിരിച്ചു.

ഇവിടെ പരിക്ഷിത്ത് ചോദിക്കുന്നു, ഉദ്ധവർ പോയശേഷം ഭഗവാനെന്തു ചെയ്തു? ശ്രീശുകൻ ഇതിനു മറുപടിയായി ഭഗവാന്റെ അവസാന യാത്ര വിവരിക്കുന്നു. ഭഗവാൻ പ്ര സാദതീർത്ഥത്തിലേക്കു പോയി. ഒരു ആൽമര ത്തിന്റെ ചുവട്ടിലിരുന്ന ഇരുമ്പുലക്കയുടെ ഭാഗം കൊണ്ട് വേടൻ അമ്പുണ്ടാക്കിയ കഥ പറഞ്ഞുവല്ലോ. ഈ വേടൻ ഭഗവാനാ ണെറി യാതെ കാലിലേക്ക് അമ്പെയ്തു. വേടന് കാര്യം മനസ്സിലായി. അയാൾ ഓടി വന്ന് ക്ഷമാപണം നടത്തി. ഭഗവാൻ പറഞ്ഞു, തന്റെ സങ്കൽപം കൊണ്ടാണിങ്ങനെ വന്നത്. നിനക്കു സ്വർഗ്ഗം ലഭിക്കും. ദാരുകൻ ദുഃഖിത നായി. പക്ഷെ ദാരുകനോട് ദ്വാരകയിലേക്കു പോകുവാൻ പറഞ്ഞു.

ബ്രഹ്മാവ്, ശിവൻ തുടങ്ങിയവരെല്ലാ മെത്തി. ഭഗവാൻ അവതാര സ്വരൂപം ഉപേ ക്ഷിച്ചു തിരികെ പോയി. ദിവ്യശരീരത്തോ ടുകൂടി വൈകുണ്ഠത്തിലെത്തി.

ഇങ്ങനെ ദേവനായിരിക്കുന്ന വിഷ്ണു
തന്നുടെ ജന്മകർമ്മ ലീലകൾ യാതൊരു
ത്തരാകിയ നരന്മാരും ശ്രദ്ധയാ
ശ്രവിക്കയും
ചേതസി ചിന്തിക്കയും
ചൊൽകയും ചെയ്യുന്നവർ
പാതകം സമസ്തവും മോചിക്കുമത്രയല്ല
ചേതസ്സു ശുദ്ധമായി പരമഭക്തിമുക്തി
തന്നെയും ലഭിക്കുന്നു സന്ദേഹമതിനില്ല.

എന്നു ശ്രീശുകമുനി ശ്രീപരീക്ഷിത്തിനോടു പറഞ്ഞു. ഇവിടെ ഏകാദശസ്കണ്ഡം സമാ പിക്കുന്നു.

*****



# എറണാകുളം കരയോഗം നവരാത്രി ആഘോഷം 2022 സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 5 വരെ

2022 (1198) -ലെ എറണാകുളം കരയോഗത്തിന്റെ നവരാത്രി ആഘോഷം മുൻവർഷങ്ങളിലെപ്പോലെ വിപുലമായ കലാപരിപാടികളോടു കൂടി സെപ്റ്റംബർ 26- ാം തീയതി മുതൽ ഒക്ടോബർ 5-ാം തീയതി വരെ ടി. ഡി.എം ഹാളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിച്ചു കൊള്ളുന്നു. സെപ്റ്റംബർ മാസം 26-ാം തീയതി മുതൽ ഒക്ടോബർ 5-ാം തീയതി വരെ ദിവസവും രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ദേവീ ഭാഗവത പാരായണം ഉണ്ടായിരിക്കുന്നതാണ്.

പതിവിൽ നിന്നും വ്യത്യസ്ഥമായി ഈ വർഷം പൂജവെയ്ക്കേണ്ടത് 4 ദിവസമാണ്. അതായത് ഒക്ടോബർ മാസം 2-ാം തീയതി പൂജവെച്ച് 5-ാം തീയതി വിജയദശമി ദിവസം പൂജയെടുക്കണം. എന്നാൽ മൗഢ്യമില്ലാതെ നില്ക്കുന്ന സാരസ്വതയോഗം ഈ വർഷവും ലഭ്യമല്ലാത്തതിനാൽ ക്ഷേത്രങ്ങളിൽ വെച്ച് വിദ്യാരംഭം കുറിക്കുന്നതായിരിക്കും ഉത്തമം. ഗണപതിയുടേയും സരസ്വതിയുടെയും ദക്ഷിണാമൂർത്തിയുടെയും സാന്നിദ്ധ്യമുള്ള ക്ഷേത്രങ്ങളിൽ വെച്ച് വിദ്യാരംഭം കുറിക്കുന്നത് അത്യുത്തമമാണ്.

കന്നിമാസത്തിലെ ശുക്ലപക്ഷത്തിൽ ദശമി തിഥി ഉദയാൽ പരം 6 നാഴികയോ അതിൽ കൂടുതലോ ഉള്ള ദിവസമാണ് വിജയദശമി. ഈ ദിവസമാണ് വിദ്യാരംഭത്തിന് ഏറ്റവും ഉചിതമായിട്ടുള്ളത്. എന്നാൽ ആറ് നാഴികയെങ്കിലും ദശമിതിഥി ലഭിക്കാത വന്നാൽ തലേദിവസം വിജയദശമിയായി കണക്കാക്കേണ്ടതാണ്. പൂജ വെയ്ക്കുന്നത് അസ്തമയ സമയത്ത് അഷ്ടമി തിഥി വരുന്ന ദിവസവും വിദ്യാരംഭം ദശമിതിഥി ഉദയാൽ പരം 6 നാഴികയെങ്കിലും ഉള്ള ദിവസവുമാണ്. അതനുസരിച്ച് ഈ വർഷത്തെ പൂജവെപ്പും പൂജയെടുപ്പും താഴെ പറയും പ്രകാരമാണ് നടത്തേണ്ടത്.

2022 ഒക്ടോബർ 2 (1198 കന്നിമാസം 16-ാം തീയതി) ഞായറാഴ്ച പൂജവെയ്പ്പ്

2022 ഒക്ടോബർ 3 (1198 കന്നിമാസം 17-ാം തീയതി) തിങ്കളാഴ്ച ദുർഗ്ഗാഷ്ടമി

2022 ഒക്ടോബർ 4 (1198 കന്നിമാസം 18-ാം തീയതി) ചൊവ്വാഴ്ച മഹാനവമി (വൈകീട്ട് ആയുധ പൂജ)

2022 ഒക്ടോബർ 5 (1198 കന്നിമാസം 19-ാം തീയതി) വിജയദശമി പൂജയെടുപ്പ് വിദ്യാരംഭം.

കുട്ടികൾക്ക് രണ്ടര വയസ്സ് മുതൽ വിദ്യാരംഭം കുറിക്കാവുന്നതാണ്. വിദ്യാലഭം ഉണ്ടാവണമെന്ന ആഗ്രഹമുള്ളവർ സരസ്വതിദേവിയെ നിത്യവും പൂജിച്ചാരാധിക്കുന്നത് ലക്ഷ്യപ്രാപ്തിക്ക് അത്യുത്തമമാണ്. വിശിഷ്യാ, സർവ്വവിദ്യകളുടെയും സർവ്വകലകളുടെയും ദേവതയായ സരസ്വതി ദേവിയെ നവരാത്രി ദിവസങ്ങളിൽ പൂജിച്ചാരാധിക്കുന്നത് ഏറെ പ്രയോജനപ്രദമാണ്.

സരസ്വതീദേവിയുടെ പ്രാർത്ഥനാമന്ത്രമോ, ഗായത്രിമന്ത്രമോ, രണ്ടും കൂടിയോ വേണം ദേവിയെ പൂജിക്കുമ്പോൾ ചൊല്ലേണ്ടത്. ഇത് രണ്ടും നിത്യവും ചൊല്ലുന്നത് ഐശ്വര്യ ദായകമാണ്.

**സരസ്വതീദേവിയുടെ പ്രാർത്ഥനാ മന്ത്രം**

"സരസ്വതി നമസ്തുഭ്യം വരദേ കാമരൂപിണി
വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ"

**ഗായത്രിമന്ത്രം**

"ഓം ഭൂർ ഭവ സ്വ:
തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോന: പ്രചോദയാത്"

സസ്നേഹം

**പി.രാമചന്ദ്രൻ (വേണു) -**

ജനറൽ സെക്രട്ടറി

---

**1 ഒന്നാം ദിവസം**

## (26.9.2022 തിങ്കൾ )

രാവിലെ 7.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ

**ശ്രീമദ് ദേവി ഭാഗവത പാരായണം**

വൈകുന്നേരം 6.00 മണിക്ക്

## നവരാത്രി ആരംഭം

തുടർന്ന് 6.15 ന്

**കരയോഗം വയലിൻ വിദ്യാർത്ഥികളുടെ**

## വയലിൻ ഫ്യൂഷൻ

**സംവിധാനം: സദാനന്ദൻ മാസ്റ്റർ**

തുടർന്ന്

**വിവിധ കലാപരിപാടികൾ**

**അവതരണം : നായർ സ്ത്രീസമാജം**

*With Best Compliments From :*

**HARISREE CATERERS**

**PUTHEN KULATHOOR HOUSE**

**KANNAN KULANGARA, TRIPUNITHURA- 682301**

**M. DAMODARAN, PHONE : 2778310, MOB : 9847058310**

**CATERERS FOR MARRIAGES & PARTIES ETC.**

## 2 രണ്ടാം ദിവസം (27.9.2022 ചൊവ്വ)

രാവിലെ 7.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ

### ശ്രീമദ് ദേവി ഭാഗവത പാരായണം

വൈകുന്നേരം 6.00 മണിക്ക്

## നൃത്ത പരിപാടി

### ശ്രീമതി. ആതിരശങ്കർ, ഡയറക്ടർ, ആത്മാ സ്പേസ് ഫോർ ഡാൻസ്



കഴിഞ്ഞ ഒന്നര പതിറ്റാണ്ടു കാലമായി രാജ്യത്തുട നീളം ഭരതനാട്യം അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന അറിയപ്പെടുന്ന നർത്തകിയാണ് ആതിരാ ശങ്കർ. ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നു BA LLB (Hons) ഡിഗ്രി കരസ്ഥമാക്കിയ ആതിര ഭാരതീദാസൻ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കളികാവരി ഫൈൻ ആർട്സ് കോളേജിൽ നിന്നും ഭരതനാട്യത്തിൽ ഡിപ്ലോമയും കരസ്ഥമാക്കിയിട്ടുണ്ട്. ഇപ്പോൾ പൂർണ്ണമായും ശാസ്ത്രീയനൃത്താവതരണത്തിലും നൃത്താഭ്യാസത്തിലും മുഴുകി കഴിയുന്ന ആതിര ഭരതനാട്യവും മോഹിനിയാട്ടവും ഓൺലൈനായും നേരിട്ടും അഭ്യാസിപ്പിക്കുന്നുമുണ്ട്. മോഹിനിയാട്ടത്തിൽ കേന്ദ്ര സർക്കാരിന്റെ സ്കോളർഷിപ്പ് നേടിയിട്ടുള്ള ആതിര ഭരതനാട്യത്തിലും മോഹിനിയാട്ടത്തിലും ദൂരദർശന്റെ ഗ്രേഡ് ആർട്ടിസ്റ്റ് കൂടിയാണ്.


*With Best Compliments From :*

**T. RADHAKRISHNAN**

**RADHAKRISHNA CATERERS**

Nandanam, Eroor, Tripunithura

**Phone : 9388605714, 9388812584, 9744651709**

3 മൂന്നാം ദിവസം

## (28.9.2022 ബുധൻ )

രാവിലെ 7.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ

**ശ്രീമദ് ദേവി ഭാഗവത പാരായണം**

വൈകുന്നേരം 6.00 മണിക്ക്

## നൃത്ത സന്ധ്യ
## ശ്രീമതി. പാർവ്വതി മേനോൻ



നാലാം വയസ്സിൽ ഗുരു ശ്രീമതി കലാമണ്ഡലം മോഹനതുളസി ടീച്ചറുടെ കീഴിൽ നൃത്തം അഭ്യസിച്ചു തുടങ്ങിയ പാർവ്വതി കഴിഞ്ഞ 14 വർഷമായി കുച്ചിപ്പുടി അഭ്യസിക്കുന്നു. ബാംഗ്ലൂർ അല്ലയൻസ് യൂണിവേഴ്സിറ്റി യിൽനിന്നും കുച്ചിപ്പുടിയിൽ ഡിപ്ലോമ നേടിയ പാർവ്വതി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കുച്ചിപ്പുടി (C.C.R.T) സ്കോളർഷിപ്പിന് അർഹയായി. ഗുരു എ.ബി. ബാലകൊണ്ടാലറാവുവിന്റെ കീഴിൽ പാർവ്വതി ഉപരിപഠനം നടത്തുന്നു. നിരവധി വേദികളിൽ കുച്ചിപ്പുടി അവതരിപ്പിച്ചിട്ടുള്ള പാർവ്വതി, 2018 ജനുവരിയിൽ സ്വാതിതിരുനാൾ കൃതികൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ച സ്വാതി പ്രണാമം ഏറെ ശ്രദ്ധ ആകർഷിച്ചിരുന്നു.

---

4 നാലാം ദിവസം

## (29.9.2022 വ്യാഴം )

രാവിലെ 7.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ

**ശ്രീമദ് ദേവി ഭാഗവത പാരായണം**

വൈകുന്നേരം 6.00 മണിക്ക്

## ദേശിമോഹിനിയാട്ടം

**അവതരണം:**

## നടന കൗസികി ഇരിങ്ങാലക്കുട
## ഗുരു നിർമ്മല പണിക്കർ

**സ്പോൺസർ:**

## ബീം, എറണാകുളം

5 അഞ്ചാം ദിവസം

# (30.9.2022 വെള്ളി)

രാവിലെ 7.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ

**ശ്രീമദ് ദേവി ഭാഗവത പാരായണം**

വൈകുന്നേരം 6.00 മണിക്ക്

## മേജർ സെറ്റ് കഥകളി

## കഥ: *സന്താനഗോപാലം*

**അവതരണം:**

## എറണാകുളം കരയോഗം കഥകളി ക്ലബ്

| | | | |
|---|---|---|---|
| കൃഷ്ണൻ | : കലാ.ആദിത്യൻ | മദ്ദളം | : കലാ. വിനീത് |
| അർജ്ജുനൻ | : കലാ. വൈശാഖ് | ചെണ്ട | : കലാ. ശ്രീഹരി |
| ബ്രാഹ്മണൻ | : പീശപ്പിള്ളി രാജീവൻ | ചുട്ടി | : എരൂർ മനോജ് |
| പത്നി | : ആർ എൽ.വി. അനുരാജ് | അണിയറ | : രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ |
| പാട്ട് | : കലാ. വിഷ്ണു, കലാ. കൃഷ്ണകുമാർ | | |

ദ്വാരകനാഥനായ ശ്രീകൃഷ്ണനെ കാണുവാനായി എത്തിയ അർജ്ജുനനും മറ്റു യാദവശ്രേഷ്ഠരും സഭയിലിരിക്കെ ഒരു ശിശുവിന്റെ ശവവും കൊണ്ട് ഒരു ബ്രാഹ്മണൻ വരുന്നു. മുൻപ് തന്റെ ഭാര്യ പ്രസവിച്ച് എട്ടു മക്കളും ജനിച്ചപ്പോൾ തന്നെ മരിച്ചു പോയെന്നും ഇത് ഒൻപതാമത്തെ ശിശുവിന്റെ ജഡമാണെന്നും ഈ ശിശുമരണങ്ങൾക്കെല്ലാം കാരണം കൃഷ്ണനാണെന്നും പറഞ്ഞ് ഭത്സിക്കുന്നു. ബ്രാഹ്മണന്റെ ദുഖം കണ്ട് അടുത്ത് ജനിക്കുന്ന കുഞ്ഞിനെ താൻ രക്ഷിച്ചുകൊള്ളാമെന്നും അതിന് സാധിക്കാതെ വന്നാൽ താൻ അഗ്നിയിൽ ചാടി ആത്മഹത്യചെയ്യുമെന്നും അർജ്ജുനൻ ശപഥം ചെയ്യുന്നു. ബ്രാഹ്മണപത്നി പ്രസവിച്ച അടുത്ത കുട്ടിയുടെ ജഡം പോലും കാണാൻ സാധിച്ചില്ല. ദുഖഭാരംകൊണ്ട് കൃഷ്ണാർജ്ജുനന്മാരെ ശകാരിക്കുന്ന ബ്രഹ്മാണന്റെ മുമ്പിൽ തന്റെ ശപഥം നിറവേറ്റാനായി അർജ്ജുനൻ അഗ്നികുണ്ഡം തയ്യാറാക്കി അതിൽ ആത്മാഹൂതി ചെയ്യുവാൻ തയ്യാറാകവെ ശ്രീകൃഷ്ണൻ പ്രത്യക്ഷപെട്ട് അർജ്ജുനനെ തടഞ്ഞ് തന്റെ തേരിലേറ്റി വിഷ്ണുലോകത്തേയ്ക്ക് പോകുന്നു. അവിടെയെത്തിയപ്പോൾ കൃഷ്ണാർജ്ജുനന്മാരെ ഒന്നിച്ചുകാണുന്നതിന് വേണ്ടി താൻ ചെയ്ത മായയാണിതെന്ന് മഹാവിഷ്ണു വെളിപ്പെടുത്തുകയും ബ്രഹ്മണന്റെ പത്ത് മക്കളേയും ജീവിപ്പിച്ച് തിരിച്ച് നല്കുകയും ചെയ്യുന്നു. മക്കളെ തിരിച്ചു കിട്ടിയ ബ്രാഹ്മണൻ കൃഷ്ണാർജ്ജുനന്മാരോട് ക്ഷമ ചോദിച്ച് അവരെ മനസ്സാ സ്മരിക്കുകയെങ്കിലും ചെയ്യുന്നവർക്ക് സർവ്വ മംഗളങ്ങളും ഭവിക്കുമെന്ന് പറഞ്ഞ് അനുഗ്രഹിക്കുന്നു.

6 ആറാം ദിവസം

## (01.10.2022 ശനി )

രാവിലെ 7.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ

### ശ്രീമദ് ദേവി ഭാഗവത പാരായണം

വൈകുന്നേരം 6.00 മണിക്ക്

# നൃത്ത സന്ധ്യ

### സംവിധാനം:

## കലാമണ്ഡലം മോഹനതുളസി



**കലാമണ്ഡലം മോഹനതുളസി 56 വർഷമായി ലളിതകലാ സദനം എന്ന നൃത്ത വിദ്യാലയം നടത്തി വരുന്നു.**

**പത്തു വയസ്സിൽ കലാമണ്ഡലത്തിൽ ചിന്നമ്മു അമ്മ ടീച്ചറുടേയും അഭിനയ ശിരോമണി ശ്രീ. എം. ആർ. രാജരത്നം പിള്ളയുടേയും ശിക്ഷണത്തിൽ ഭരതനാട്യം, മോഹിനിയാട്ടം എന്നിവ അഭ്യസിച്ചു. എട്ടു വർഷത്തോളം രാജരത്നം മാസ്റ്ററുടെ കൂടെ ഗുരുകുല വിദ്യാഭ്യാസം നടത്തിയതിനുശേഷം മദ്രാസിൽ ശ്രീ. വെമ്പട്ടി ചിന്നസത്യമാസ്റ്ററുടേയും വിശാഖപട്ടണത്തിൽ ബാലകൊണ്ടാല റാവുവിന്റെയും കീഴിൽ കുച്ചുപ്പുഡിയും അഭ്യസിച്ചു. കലൂർ അശോകറോഡിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി ക്ലാസ്സുകൾ നടത്തിവരുന്നു.**

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക : ലളിതകലാ സദനം ആതിര, അശോകാ റോഡ് കലൂർ 682017, ഫോൺ : 9946379467 email : lalithakalasadanam@gmail.com**

*With Best Compliments From :*

**N.S. SURESH**

**BRIDAL STAGE DECORATION CONTRACTORS**

(PH: 2700849, Mob : 9447171849)

Stage Decorations, Car decorations, Reception, Bouquet making etc.
Also Undertaking Sweets Preparation

7 ഏഴാം ദിവസം

## (02.10.2022 ഞായർ )

രാവിലെ 7.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ

**ശ്രീമദ് ദേവി ഭാഗവത പാരായണം**

വൈകുന്നേരം 6.00 മണിക്ക്

# ഫ്യൂഷൻ നൃത്ത സംഗീത മേള

**അവതരണം:**

## നന്ദനം സിംഫണി

മൂന്നു മണിക്കൂറിനുള്ളിൽ സാക്ഷാത്കരിക്കപ്പെടുന്ന ഈ കലാവിരുന്നിൽ കീർത്തനങ്ങൾ, ഭജൻസ്, ദേവീസ്തുതി, ശിവസ്തുതി, പുല്ലാംകുഴൽ ഹിന്ദുസ്ഥാനി, വയലിൻ ഫ്യൂഷൻ, അഷ്ടപതി, സോപാനാസംഗീതം, തനിയാവർത്തനം, നന്ദനം ക്ലാസിക് വെസ്റ്റേൺ ബാന്റ് എന്നിവയ്ക്കു പുറമെ, കേരളത്തിന്റെ നൃത്ത ചരിത്രത്തിലാദ്യമായി അവസ്മരണീയ മുഹൂർത്തം തീർക്കുന്ന പഞ്ചരത്ന കീർത്തന നൃത്തശില്പവും (അഞ്ചാമത്തേത്) സ്വാതി തിരുനാൾ തില്ലാന നൃത്തവും ഞങ്ങൾ ആവിഷ്കരിച്ച് അവതരിപ്പിക്കുന്നു. പ്രശസ്ത നർത്തകി മാളു ടീച്ചർ MFA യുടെ നേതൃത്വത്തിൽ പതിനഞ്ചോളം നർത്തകിമാർ ഇതിൽ അണി നിരക്കുന്നു.

പ്രഗത്ഭരായ ഗായകർ ചോറ്റാനിക്കര അജയകുമാർ, സംഗീത ടീച്ചർ ഗോപിക നന്ദൻ എന്നിവർക്കൊപ്പം നവീൻ നാരായണൻ (മൃദംഗം), വൈക്കം രത്നശ്രീ അയ്യർ (തബല), ചെമ്പൈ രാജേന്ദ്രൻ (വയലിൻ), രാജേഷ് വൈത്തീശ്വരൻ (പുല്ലാംകുഴൽ), തൃപ്പൂണിത്തുറ സംഗീത അരുൺ (വീണ), മാവേലിക്കര നന്ദകുമാർ (ഇടയ്ക്ക, മൂർശംഖ്, ഗഞ്ചിറ, റിഥം സാമ്പിളർ) മാളൂ ടീച്ചർ (നട്ടുവാങ്കം) എന്നിവർ നേതൃത്വം നൽകുന്നു.

---

8 എട്ടാം ദിവസം

## (03.10.2022 തിങ്കൾ )

രാവിലെ 7.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ

**ശ്രീമദ് ദേവി ഭാഗവത പാരായണം**

വൈകുന്നേരം 6.00 മണിക്ക്

# നൃത്ത പുഷ്പാഞ്ജലി



**അവതരണം:**

## നൃത്ത്യക്ഷേത്ര

9 ഒൻപതാം ദിവസം

# (04.10.2022 ചൊവ്വ )

രാവിലെ 7.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ

**ശ്രീമദ് ദേവി ഭാഗവത പാരായണം**

വൈകുന്നേരം 6.00 മണിക്ക്

## നൃത്ത തരംഗം

**അവതരണം:**

## ഭരത കലാമന്ദിരം
## ശ്രീമതി. സൗമ്യ സതീഷ്



**ഭരതകലാമന്ദിരം 1994 - ൽ എറണാകുളത്ത് എളമക്കരയിൽ ശ്രീമതി. സൗമ്യസതീഷ് ആരംഭിച്ചു. 1990 - ൽ കോഴിക്കോട് സർവ്വകലാശാല കലാതിലകമായിരുന്ന സൗമ്യ സതീഷ്, കലാമണ്ഡലം ശ്രീദേവി ഗോപിനാഥിന്റെ ശിഷ്യയാണ്. പിന്നീട് കലാമണ്ഡലം മോഹനതുളസിയുടെ കീഴിൽ നൃത്തപഠനം തുടർന്നു. മലയാള കവിതകളുടെ നൃത്താവിഷ്കാരത്തിലൂടെ ശ്രദ്ധേയയായി. ഭരതനാട്യത്തിനുള്ള കലാസാഗർ തുടങ്ങിയ പുരസ്കാരം നേടിയിട്ടുണ്ട് . ഭരതകലാമന്ദിരത്തിൽ മുന്നൂറിലധികം കുട്ടികൾ ഇപ്പോൾ നൃത്തം പഠിക്കുന്നു. നിരവധി നൃത്തപരിപാടികൾ അവതരിപ്പിച്ചു വരുന്നു.**

*With Best Compliments From :*

**HYTECK SANITARY WARES**

Achutha Warrier Lane (Opp. Formost)
M.G.Road, Kochi-682035, Ph : 2366015/2355565, Mob : 9349125825

***Dealers in Sanitary Wares, P.V.C, Pipes &Fittings,***
***C.P. Bathroom Fittings, Glazed Tiles, Flooring Tiles.***

**Bell** **Finolex**

## 10 പത്താം ദിവസം (05.10.2022 ബുധൻ)

**രാവിലെ 7.00 മണി മുതൽ 8.30 വരെ**

## ലളിതാസഹസ്രനാമം, ദേവീമാഹാത്മ്യപാരായണം

**രാവിലെ 8.00 മണിക്ക്**

# പൂജയെടുപ്പ്

**വൈകുന്നേരം 5.00 മണിക്ക്**

## സമാപന സമ്മേളനം

**NB: നവരാത്രിയോടനുബന്ധിച്ച് നടത്തിയ കലാമത്സരങ്ങളിൽ സമ്മാനാർഹരായവർ കൃത്യം 4.45 pm ന് ഹാളിൽ എത്തിച്ചേരേണ്ടതാണ്.**

**വൈകുന്നേരം 6.30 ന്**

# ഗാനസന്ധ്യ

**അവതരണം :**

**ശ്രീ. സജിത് പള്ളിപ്പുറം ആന്റ് ടീം**

**മ്യൂസിക് മുംബേ**

*With Best Compliments From :*

# BEAUTY ART

**BRIDAL STAGE DECORATION**

**SHAJI - 9846837512**

STAGE DECORATION INAGURATIONS & CONFERENCE
ART WORK IN THERMOCOL, CAR DECORATION & RECEPTION BOUQUET MAKING

# ഒരു യൂറോപ്യൻ യാത്രാ വിവരണം

പി. ആർ. വി. മേലങ്ങത്ത്

ഞങ്ങളുടെ യൂറോപ്പ് പര്യടനം 7-ാം ദിവസത്തിലേക്ക് കടക്കുകയാണ്. 18-ാം തീയതി രാവിലെ ഹോട്ടലിൽ നിന്നും ബ്രേക്ക് ഫാസ്റ്റ് കഴിഞ്ഞ് എല്ലാവരും ബസ്സിൽ Titlis ലേക്ക് യാത്ര പുറപ്പെട്ടു. Titlis സ്വിറ്റസർലെണ്ടിലെ വിന്ററിലും സമ്മറിലുമുള്ള എറ്റവും നല്ല Holiday destination ആണ്. അവിടെ blackforest കാണുവാനാണ് ആദ്യം പുറപ്പെട്ടത്. ഏറെ പ്രകൃതി രമണീയവും ഉച്ചയ്ക്ക് 12 മണിക്കു പോലും കൂരിരുട്ടും രാത്രിയുടെ പ്രതീതിയും അനുഭവപ്പെടുന്ന സ്ഥലമാണത്. അവിടെയുള്ള മനോഹാരിത നിറഞ്ഞുനിൽക്കുന്ന താഴ്ന്ന പർവ്വതങ്ങളും തടാകങ്ങളും കണ്ട ശേഷം ഞങ്ങൾ cuckoo clock durbba ഫാക്ടറിയിലേയ്ക്ക് എത്തിച്ചേർന്നു. cuckoo clock ലെ നിർമ്മാണവും അതിന്റെ വൈദഗ്ദ്ധ്യങ്ങളും വിശദമായി സഞ്ചാരികൾക്ക് പ്രദർശിപ്പിച്ച് വിവരിക്കുവാൻ ഫാക്ടറിയിലെ ഗൈഡുകൾക്ക് പ്രത്യേക കഴിവു തന്നെയാണ്. വ്യത്യസ്തമായ വലിപ്പത്തിലും ആകൃതിയിലും വിലയിലും സഞ്ചാരികൾക്ക് cuckoo clock വാങ്ങുവാനുള്ള അവസരമുണ്ടായിരുന്നു. നമ്മുടെ സഹയാത്രികരിൽ പലരും വലുതും ചെറുതുമായ cuckoo clock കളും വ്യത്യസ്തമായ പല ഉൽപന്നങ്ങളും ഈ ഷോറൂമിൽ നിന്ന് വാങ്ങുകയുണ്ടായി. അവിടുന്ന് ഒരു മണിക്ക് ശേഷം ഊണ് കഴിഞ്ഞ് Zurich ലേ Rhine Falls ലേയ്ക്ക യാത്ര പുറപ്പെട്ടു. യൂറോപ്പിലെ ഒരു വലിയ വെള്ളച്ചാട്ടം ആയിട്ടാണ് ഈ സ്ഥലത്തെ അറിയപ്പെടുന്നത്. ഞങ്ങൾ യാത്രക്കാർ എല്ലാവരും ഒരു ബോട്ടിൽ വെള്ളച്ചാട്ടത്തിനടുത്തേയ്ക്ക് യാത്ര ചെയ്തു. ഏകദേശം ഒരു 100 അടി 150 അടി ദൂരെ വെള്ളച്ചാട്ടത്തിനുടത്ത് വരെ ബോട്ട് എത്തി. 75 അടി ഉയരത്തിൽ നിന്നും 490 അടി വീതിയിൽ വീഴുന്ന വെള്ളത്തിന്റെ ശക്തിയായ തുള്ളികൾ ബോട്ടിലെ ഭൂരിഭാഗം യാത്രക്കാരേയും നനച്ചു. അതിൽ മനോഹരമായിതോന്നിയത് ഈ വെള്ളച്ചാട്ടത്തിൽ വീഴുന്ന വെള്ളത്തുള്ളികളുടെ കണികകളുടെ ഇടയിൽ കൂടി കടന്നുവരുന്ന സൂര്യരശ്മികളിലൂടെ അടുത്തുകാണുന്ന മഴവില്ലുകൾ വളരെ ആനന്ദകരവും നയന സുഖദായകമായിരുന്നു. ഈ ബോട്ട് യാത്രയും ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു അനുഭവം ആയിരുന്നു.

തുടർന്ന യാത്ര ചെയ്തത് Lucerne മലയുടെ താഴ്വാരത്തിലേയ്ക്കാണ്. സ്വിറ്റ്സർലണ്ടിൽ നിന്നും 25 കി.മീ. തെക്കു സ്ഥിതിചെയ്യുന്ന ഈ



വിനോദയാത്രാകേന്ദ്രം സഞ്ചാരികൾക്ക് ഏറ്റവും പ്രിയപ്പെട്ട സ്ഥമാണ്. മഞ്ഞു പെയ്യുന്ന മഞ്ഞുകാലവും, സാഹസിക വിനോദമായ മലകയറ്റവും, മഞ്ഞിലൂടെയുള്ള ബൈക്ക് യാത്രയും കാൽനടയാത്രയും ഗോൾഫും എന്നു വേണ്ട മഞ്ഞുമലനിരകളിൽ വിനോദോപാധികളും സുരക്ഷാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ന് 425 കിലോമീറ്റർ യാത്ര ചെയ്ത് രാത്രി Central AG ഹോട്ടലിൽ രണ്ടു ദിവസത്തെ താമസത്തിനായി ചെക്കിൻ ചെയ്ത് യാത്രാക്ഷീണത്തിനും വിശ്രമത്തിനുമായി അവരവരുടെ മുറിയിലേക്ക് പോയി.

19-5-22 രാവിലെ 8.30 കൂടി Titlis Rotairs എന്ന നാമകരണം ചെയ്ത കറങ്ങുന്ന കേബിൾ കാർ സവാരിക്കായി യാത്ര പുറപ്പെട്ടു. ഇത് ഈ യാത്രാനുഭവങ്ങളിൽ എന്നും സ്മരിക്കുവാനും ഒർമ്മകൾ പങ്കുവയ്ക്കുവാനും പറ്റിയ ഒരസുലഭനിമിഷമാണ് ഈ അനുഭവം. കേബിൾ കാ

റിൽ രണ്ടു മലകളുടെ ഏറ്റവും വലിയ മുകളിൽ മഞ്ഞിൽ കുളിച്ചു നിൽക്കുന്ന സ്വിറ്റ്സർലണ്ടിലേ ഏററവും മനോഹരമായ മഞ്ഞുമലകളുടെ മുകളിൽ എത്തിച്ചേർന്നു. അവിടെ നിന്ന് നടന്ന് മഞ്ഞുമലയിലേക്ക് കയറുന്നത് ഒരു സാഹസികത തന്നെയാണ്. നമ്മുടെ സഹയാത്രികർ പലരും മുതിർന്ന പൗരന്മാർ ആയിട്ടും ഈ യാത്രയിൽ സാഹസികമായി എല്ലാവരും തന്നെ മഞ്ഞിലൂടെ സഞ്ചരിച്ച് മുകളിലെത്തി. മഞ്ഞു മലകളിൽ നടന്നും ഇരുന്നും വീണും ബാല്യകാലത്തേതു പോലെ മഞ്ഞു വാരിക്കളിച്ചും പരസ്പരം മഞ്ഞിൽ പൊതിഞ്ഞും വളരെ ആനന്ദകരമായും സന്തോഷകരമായും അർമാദിച്ചു എന്നു തന്നെ പറയാം. ഈ യാത്രയും ഈ ദിവസവും ഓർമ്മകളുടെ സ്വർണ്ണച്ചെപ്പിൽ സൂക്ഷിക്കുക തന്നെ ചെയ്യും.

ഉച്ചയൂണ് കഴിഞ്ഞു നേരെ ഞങ്ങൾ പോയത് Kappelsbruck എന്ന സ്ഥലത്തെക്കാണ്. അവിടെ ഞങ്ങൾക്ക് വീണ്ടും ഒരു ഷോപ്പിങ്ങ് അവസരം ഉണ്ടായിരുന്നു. വിവിധ ഷോപ്പുകളിലും മാളുകളിലുമായി ഗ്രൂപ്പു ഗ്രൂപ്പായി ഞങ്ങൾ പർച്ചീസിനായി തിരിഞ്ഞു. ഏറ്റവും പ്രസിദ്ധമായ swiss വാച്ചുകൾ, ചോക്കളേറ്റുകൾ കത്തികൾ തുടങ്ങി നിരവധി സാധനങ്ങൾ വാങ്ങുവാൻ എല്ലാവർക്കും അവസരം ലഭിച്ചു. ഷോപ്പിങ്ങും കഴിഞ്ഞ് വൈകുന്നേരം 6 മണിയോടുകൂടി താമസസ്ഥലത്തേക്ക് മടങ്ങുന്ന വഴി യൂറോപ്പിലെ Ressu നദിയുടെ മുകളിലൂടെയുള്ള 14-ാം ദശാബ്ദത്തിലെ മരം കൊണ്ട് നിർമ്മിച്ച് ഇരുമ്പ് ചട്ടക്കൂടുള്ള പാലം ഇന്നും പ്രവർത്തിക്കുന്നത് ഞങ്ങൾക്ക് കാണുവാൻ കഴിഞ്ഞു. ചെറുകപ്പലുകളും മറ്റും വരുമ്പോൾ പാലം



രണ്ടായി മാറുകയും അതിനുശേഷം പൂർവ്വസ്ഥിതിയിലാകുന്നതും ഒരു മനോഹരമായ കാഴ്ചയും അത്ഭുതവുമായിരുന്നു. യാത്ര കഴിഞ്ഞ് മടങ്ങുന്ന വഴി ഞങ്ങളുടെ സഹയാത്രികയുടെ ഹാൻഡ്ബാഗ് നഷ്ടപ്പെട്ട വിവരം അവർ ബസ്സിൽ വെച്ച് അറിയിച്ചു. റൂമിൽ ചെന്ന് അവരുടേയും മകന്റെയും പാസ്പോർട്ടും മറ്റും ഉണ്ടോ എന്നു പരിശോധിച്ചപ്പോൾ അതും ബാഗിന്റെ കൂടെ നഷ്ടപ്പെട്ടു എന്നു തിരിച്ചറിഞ്ഞു. അത് ഞങ്ങളെ സംബന്ധിച്ച് വിഷമം തന്നെയായിരുന്നു. തുടർന്ന് ഞങ്ങളുടെ ടൂർ ഓപ്പറേറ്റർ ആയ സൂരജ് നയ്യർ ഒരു ടാക്സി വിളിച്ചു നേരെ Kappelbruck ലേയ്ക്ക ഇവർ ഷോപ്പിങ്ങിനു കയറിയ കടകളിൽ ബാഗ് വച്ചു മറന്നതാണോ എന്നു നോക്കുവാൻ പുറപ്പെട്ടു. 9 മണിയോടുകൂടി അവർ പർച്ചീസിനു പോയ കടയിൽ നിന്നും ബാഗും പാസ്പോർട്ടും വിസയും അതിലെ പണവും കിട്ടിയെന്നത് ആശ്വാസകരമായ വാർത്തയായിരുന്നു. ദൈവത്തിനു നന്ദി.

അടുത്ത ദിവസം 20-ാം തീയതി രാവിലെ Engelberg ൽ നിന്നും വീണ്ടും ഒരു ബസ് യാത്ര Paduva യിലേക്ക് ഏകദേശം 480 കി. മീ യാത്ര. നൂറുകണക്കിന് ചെറിയ ദ്വീപുകൾ കായൽ തീരത്തിനോട് ചേർന്ന് Adriatic ന്റെ ഒരു പ്രത്യേകതയാണ്. റോഡുകൾ തീരെ കുറവ്. ഗതാഗതം പൂർണ്ണമായി കനാലുകളിലൂടെ. കനാലുകളാലും ചെറു പാലങ്ങളാലും ചുറ്റപ്പെട്ട് ഒരു പ്രദേശം ഒരു കാലത്ത് നമ്മുടെ ആലപ്പുഴക്ക് കിഴക്കിന്റെ വെനീസ് എന്ന വിളിപ്പേരുവരുവാനുള്ള കാരണം ഈ Paduva നഗരമാണ്. അങ്ങനെ കിഴക്കിന്റെയും തെക്കിന്റേയും രണ്ടു വെനീസുകളിൽ യാത്ര ചെയ്യുവാൻ കഴിഞ്ഞു. ലോകപ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമായ Paduva സെന്റ് ആന്റണി ചർച്ചിൽ ദർശനം നടത്തി. അതി പുരാതനമായ ഒരു പള്ളി. വിനോദസഞ്ചാരികൾക്ക് സന്ദർശനത്തിനായി എപ്പോഴും തുറന്നിട്ടിരിക്കുന്നു. അവിടെ നിന്നും അന്നത്തെ യാത്ര കഴിഞ്ഞ് novotel venigia MESTRE ഹോട്ടലിൽ തിരിച്ചെത്തി. അടുത്ത ദിവസത്തെ യാത്രയ്ക്ക് വേണ്ടി വിശ്രമത്തിനായി എല്ലാവരും അവരവരുടെ റൂമിലേയ്ക്ക് പോയി.

21-ാം തീയതി രാവിലെ Paduva യിൽ നിന്ന് യാത്ര പുറപ്പെട്ട് St. Mark's Square, ൽ ബോട്ട് റൈഡിങ്ങിനായി എത്തി. ലോകത്തെ ഏറ്റ

വും മനോഹരമായ ചത്വരങ്ങളിൽ ഒന്നാണ് ഈ ഇടം. പ്രധാനപ്പെട്ട Basilica di San Marco കണ്ട് ഞങ്ങൾ നേരേ പോയി Murano ഗ്ലാസ്സ് ഫാക്ടറിയും വിൽപ്പനകേന്ദ്രവും സന്ദർശിച്ചു. ഗ്ലാസ്സുകളുടെ വിവിധമായ അലങ്കാരവസ്തുക്കളും ആഭരണങ്ങളും തയ്യാറാക്കുന്നതും വിൽപ്പനക്കായി പ്രദർശിപ്പിച്ചിട്ടുള്ളതും വലിയൊരു അനുഭവമായിരുന്നു. ഗ്ലാസ്സ് ഫാക്ടറിയിൽ നിന്നും സ്മരണികകളും മറ്റും വാങ്ങി ഞങ്ങളുടെ യാത്ര തുടർന്നു.

അവിടുന്ന് പോയത് വെനീസിലെ ഏറ്റവും ആകർഷകമായ gondola ride ആണ്. 100 കണക്കിനു ബോട്ടുകളിലൂടെ കായലിൽ പരന്നു കിട



ക്കുന്ന മനോഹരമായ കാഴ്ചയായിരുന്നു അത്. വളരെ വ്യത്യസ്തവും ആകർഷണീയവുമായി രൂപകൽപ്പന ചെയ്തിട്ടുള്ള ബോട്ടിൽ തുഴക്കാർ ഉൾപ്പെടെ 4 പേർ യാത്ര ചെയ്തും ബഹുനിലകെട്ടിടങ്ങളുടെ ഇടയിലുടെയുള്ള കനാൽ ബോട്ട് യാത്ര ഞങ്ങൾ വളരെ ആസ്വദിച്ചു. ഏറ്റവും മനോഹരവും അത്ഭുതകരവുംമായ കാഴ്ച ബഹുനിലവാസകെട്ടിടങ്ങൾ ഈ കായലിലാണ് നിലകൊള്ളുന്നത് എന്നുള്ളതാണ്. ഇത് നമുക്ക് ചിന്തിക്കാൻ പോലും കഴിയാത്ത വിധം ഉള്ള ഒന്നാണ്.

കായലിനേയും പരിസ്ഥിതിയേയും സംരക്ഷിച്ചുകൊണ്ട് കായലിൽ തന്നെ കെട്ടിടങ്ങൾ നിർമ്മിക്കുകയും ജനങ്ങൾ അതിൽ വസിക്കുകയും ചെയ്യുന്നു എന്നത് വലിയൊരു പ്രത്യേകത തന്നെയാണ്. ഈ നഗരത്തിന്റെ ഏറ്റവും വലിയ വരുമാന ശ്രോതസ്സ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തുന്ന ലക്ഷകണക്കിന് ടൂറിസ്റ്റുകളാണ്. എങ്ങനെ ടൂറിസം ഒരു രാജ്യത്തിന്റെ സാമ്പത്തിക സ്രോതസായി വർദ്ധിപ്പിക്കാൻ കഴിയും എന്ന് നമ്മുടെ ഭാരതവും വിശിഷ്യാ കേരളവും കണ്ടുപഠിക്കേണ്ടതാണ്. ഗോഡ്സ് ഓൺ കൺട്രി എന്ന് അറിയപ്പെടുന്ന കൊച്ചു കേരളത്തിലെ മലനിരകളും കായൽപരപ്പുകളും പരമാവധി ടൂറിസത്തിന്റെ വികസനത്തിനാ



യി, സഞ്ചാരികളെ ആകർഷിക്കും വിധം നമ്മുടെ നിയമങ്ങളും ടൂറിസ്റ്റുകളുടെ സംരക്ഷണവും ഉറപ്പു വരുത്തികൊണ്ട്, നമുക്ക് വലിയൊരു ടൂറിസ്റ്റ് കേന്ദ്രമായി ലോകത്തിന്റെ മുമ്പിൽ ഈ കൊച്ചു കേരളത്തെ മാറ്റാൻ കഴിയും. അതിന് ഇച്ഛാശക്തിയുള്ള സർക്കാരും സങ്കുചിത താൽപര്യങ്ങൾ ഇല്ലാത്ത ഉദ്യോഗസ്ഥരും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇങ്ങനെ ടൂറിസത്തെ കേരളത്തിലെ ഏറ്റവും വലിയ വ്യവസായമായി വളർത്തികൊണ്ടു വരാൻ കഴിയും എന്ന കാര്യത്തിൽ ഒരു സംശയമില്ല. അതിനു വേണ്ടി ഒരു പുതിയ കാഴ്ചപാട് ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു.

അന്ന് രാത്രി ഹോട്ടൽ Casttla യിൽ വിശ്രമിച്ചശേഷം അടുത്ത ദിവസം Pisa യിലേക്കുള്ള യാത്രയുടെ തയ്യാറെപ്പോടെ എല്ലാവരും ശുഭരാത്രി നേർന്നുകൊണ്ട് പിരിഞ്ഞു.

*തുടരും*

# തത്ത്വമസി (രണ്ടാം ഭാഗം)

## സി. നാരായണൻ -

ഒരാൾ അയാളുടെ സ്വപ്നത്തിൽ ഒരു കടുവയുടെ മുന്നിൽ ചെന്നുപെട്ടുവെന്നിരിക്കട്ടെ. അയാൾ സർവശക്തിയുമുപയോഗിച്ച് ഓടി ഒരു കോട്ടക്കകത്ത് കയറി, അതിന്റെ ഗേറ്റടച്ചപ്പോൾ അയാൾക്ക് സമാധാനമായി, ഹാവൂ രക്ഷ പെട്ടു. എന്നാൽ അയാൾ ആ കടുവയിൽനിന്നു ശരിക്കും രക്ഷ പെടുന്നത്, സ്വപ്നത്തിൽ നിന്നുണരുമ്പോൾ മാത്രമാണ്. അല്ലെങ്കിൽ എന്തും സംഭവിക്കാവുന്ന സ്വപ്നത്തിൽ, ആ കോട്ടക്കുള്ളിലെ കാവൽക്കാരൻ അതേ കടുവ തന്നെയായെന്നു വരാം.

തികച്ചും അതുപോലെ തന്നെയാണ് നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന ജഗത്തിലെ ക്ലേശങ്ങളും, സ്വപ്നത്തിലെ കടുവയിൽ നിന്നു യഥാർത്ഥത്തിൽ രക്ഷപ്പെടുന്നത് താൻ സ്വപ്നാടകനല്ല, ജാഗ്രത്തിലുള്ളവനാണ് എന്നു തിരിച്ചറിവുണ്ടാകുന്നത് ഉണരുമ്പോൾ മാത്രമാണല്ലോ. അതേ പോലെ ജാഗ്രത്തിലെ ദു:ഖങ്ങളിൽ നിന്ന് രക്ഷ പ്രാപിക്കുന്നത്, ഞാൻ ജാഗ്രത്തിൽ നിന്നു വിട്ടു നിൽക്കുന്ന, ജാഗ്രത്തിനു സാക്ഷിയായ ആത്മാവാണെന്നുണരുമ്പോൾ മാത്രമാണ്. നാം ബാങ്കിൽ പണം നിക്ഷേപിച്ചുകൊണ്ട് ഇഹലോകസുരക്ഷിതത്വവും, പുണ്യകർമ്മങ്ങൾ ചെയ്തുകൊണ്ടു പരലോകസുഖങ്ങളും ഉറപ്പു വരുത്തുന്നത്, സ്വപ്നത്തിൽ ചെയ്ത ഗേറ്റടക്കലിനു തുല്യമാണ്. ജാഗ്രത്ത് സ്വപ്നസമാനമാണെന്നുള്ളതിനാൽ തുരീയമായ (ചതുർത്ഥം) ജ്ഞാനത്തിലേയ്ക്കുണരലാണ് നാം ചെയ്യേണ്ടത്.

ഈ ഉണരലാണ് തത്ത്വമസി മഹാവാക്യത്തിന്റെ അർത്ഥ വിചാരം കൊണ്ട് സാധിക്കേണ്ടത്.

അർത്ഥനിർണ്ണയം ചെയ്ത് ഈ മഹാവാക്യത്തെ എങ്ങിനെയാണ് സ്വാംശീകരിക്കേണ്ടതെന്ന് ശ്രീമത് ശങ്കരഭഗവത്പാദർ തന്റെ 'വാക്യവൃത്തി'യെന്ന രചനയിൽ വിസ്തരിച്ചിട്ടുണ്ട്. അത് എങ്ങിനെയാണെന്നു നമുക്കു നോക്കാം. ഈ ലേഖനത്തിൽ ഉദ്ധരിച്ചിട്ടുള്ള ശ്ലോകങ്ങൾ അതിൽ നിന്നുള്ളവയാണ്.

ഗുരുശിഷ്യ സംവാദത്തിന്റെ രൂപത്തിലാണ് ഈ ഗ്രന്ഥം പ്രതിപാദിക്കപ്പെട്ടിട്ടുള്ളതെന്നു പറഞ്ഞുവല്ലോ. ഏതൊരു വാക്യത്തിന്റേയും അർത്ഥനിരൂപണം ചെയ്യുന്നത് മൂന്നു രീതികളിൽ കൂടിയാണെന്നു ഗുരു പറയുന്നു. അത് സംസർഗം, വിശിഷ്ടം, അഖണ്ഡൈകരസം എന്നിവയാണ്. ഇവയിൽ ആദ്യം പറഞ്ഞ രീതികൾ ചുരുങ്ങിയത് രണ്ടു വസ്തുക്കളുണ്ടെങ്കിലേ പ്രായോഗികമാവൂ. ബ്രഹ്മം ഏകമായതിനാൽ അവസാനം പറഞ്ഞ അഖണ്ഡൈകരസം എന്ന രീതിയിലൂടെ മാത്രമേ തത്ത്വമസിയുടെ അർത്ഥം മനസ്സിലാക്കാനാവൂ. അഹം ബ്രഹ്മാസ്മി, ബ്രഹ്മൈവ അഹമസ്മീ എന്നിങ്ങനെ രണ്ടു സത്തകൾ വിപരീതങ്ങളല്ല, ഒന്നുതന്നെയാണ് എന്നു പറയുന്നതാണ് ഈ രീതിയുടെ പ്രത്യേകത.

ഈ മഹാവാക്യത്തിൽ തത്, ത്വം, അസി എന്നിങ്ങനെ മൂന്നു വാക്കുകളാണല്ലോ ഉള്ളത്. ഏതു വാക്യത്തിന്റേയും അർത്ഥം മനസ്സിലാക്കാൻ അതിലെ ഓരോ പദത്തിന്റെയും അർത്ഥം എന്താണെന്നറിയണം. എന്നിട്ട് ആ പദങ്ങൾ ഏതു രീതിയിലാണ് യോജിച്ചിരിക്കുന്നത് എന്നു നോക്കണം. അങ്ങനെയാണ് നാം ഏതു വാക്യത്തിന്റേയും അർത്ഥം മനസ്സിലാക്കുന്നത്.

അതുകൊണ്ട് ഈ വാക്യത്തിലെ ഓരോ പദത്തിന്റേയും അർത്ഥമെന്താണെന്നു നോക്കാം.

ത്വം പദത്തിന്റെ അർത്ഥമാണ് ആചാര്യസ്വാമികൾ ആദ്യം പറയുന്നത്.

ആലംബനയാ ഭാതി
യോസ്മത്പ്രത്യയശബ്ദയോ
അന്തക്കരണസംഭിന്ന ബോധ സ
ത്വം പദാഭിധ

അന്തഃകരണത്താൽ അവഛിന്നമായതും ഞാനെന്ന ചിന്തക്ക് അവലംബമായതുമായ ബോധമാണ് ത്വം പദത്തിന്റെ വാച്യാർത്ഥമെന്നാണ് സ്വാമികൾ ഈ ശ്ലോകത്തിൽ പറയുന്നത്.

അന്തഃക്കരണസംഭിന്നമായ ബോധമാണ് ഓരോരുത്തരുടേയും ഞാൻ. അന്തഃക്കരണ സംഭിന്നമെന്നാൽ അന്തഃക്കരണത്താൽ അവഛിന്നമായ, അല്ലെങ്കിൽ അന്തഃക്കരണത്തെ ഉപാധിയായിട്ടുള്ള ബോധം അന്തഃക്കരണത്തെ ഉപാധിയാക്കുമ്പോൾ ശുദ്ധചിദാനന്ദ രൂപമായ ആത്മചൈതന്യത്തിനു അധ്യാസത്താൽ ജഡമായ അന്തഃകരണത്തിന്റെ ധർമ്മങ്ങൾ കൈവരുന്നു.

അതേ പോലെ ആത്മാവിന്റെ ചിദംശം അന്തക്കരണത്തിലും ആരോപിക്കപ്പെടുന്നു. അങ്ങിനെ ചിദ്തത്ത്വവും ജഡമായ അന്തക്കരണവും പരസ്പരം അങ്ങോട്ടുമിങ്ങോട്ടും അധ്യസിക്കപ്പെടുന്നു. അങ്ങിനെയാണ് ഞാൻ എന്ന സംസാരി ജീവൻ പിറവിയെടുത്തത്. ശുദ്ധചൈതന്യമായ ആത്മാവിനു സംസാരമില്ല. അതേ പോലെ വൃത്തിരൂപമായ അന്തക്കരണം ജഡമായതിനാൽ സംസാരദുഖങ്ങൾ അതിനേയും ബാധിക്കാൻ വഴിയില്ല. രണ്ടിന്റേയും ധർമ്മങ്ങൾ ഉൾക്കൊള്ളുന്ന ഞാൻ എന്ന ജീവനാണ് സംസാരദു:ഖത്താൽ തപ്തൻ. ആ ജീവനാണ് തത്ത്വമസി മഹാവാക്യത്തിലെ ത്വ പദത്തിന്റെ വാച്യാർത്ഥം അതാണ് ആചാര്യർ. യോസ്മത് പ്രത്യയശബ്ദയോ ആലംബനതയാ ഭാതി എന്നു പറയുന്നത്. അതായത് ഞാൻ എന്ന ബോധത്തിന്റേയും ഞാൻ എന്ന ശബ്ദത്തിന്റെയും അവലംബമാകുന്നത് എന്ന്. ഈ ജീവനാണ് മഹാവാക്യത്തിന്റെ സാരം മനസ്സിലാക്കി ആത്മജ്ഞാനത്തിലേക്കുണരേണ്ടത്. മഹാവാക്യം അധികാരിയായ ജീവനെയാണ് സംബോധനചെയ്യുന്നത്.

അടുത്തതായ തത് പദത്തിന് ആചാര്യർ എന്തർത്ഥമാണ് പറയുന്നത് എന്നു നോക്കാം.

മായോപാധി ജഗത് യോനി
സർവ്വജ്ഞാദി ലക്ഷണ
പാരോക്ഷ്യ ശബല
സത്യാദ്യാത്മകസ്തത്പദാഭിധ

മായയെ ഉപാധിയായി സ്വീകരിച്ചുകൊണ്ടു ജഗത്കാരണവും സർവ്വജ്ഞനും, പരോക്ഷമായിരിക്കുന്നവനും നിത്യസത്യമായിട്ടുള്ളതുമായ ഈശ്വരനാണ് ഈ മഹാവാക്യത്തിലെ തത്പദത്തന്റെ വാച്യാർത്ഥം.

അവികാരിയായ ബ്രഹ്മം സൃഷ്ടി നടത്തുന്നില്ല. ആ ബ്രഹ്മം മായയെ ഉപാധിയാക്കുമ്പോൾ സൃഷ്ടി കർത്താ എന്ന പദത്തിനു യോഗ്യമായിത്തീരുന്നു. ഈ ശ്ലോകത്തിൽ ജഗത് യോനി എന്നതു കൊണ്ട് ജഗത്തിന്റെ ഉപാദാന കാരണവും സർവ്വജ്ഞനെന്ന പദം കൊണ്ട് അതിന്റെ നിമിത്തകാരണവും ഈശ്വരനാണെന്നു കാണിക്കുന്നു. സൃഷ്ടി മായാകാര്യമാണെന്നു പറയുന്നത് ശ്രദ്ധിക്കുക. അവിടെയാണ് വേദാന്തത്തിന്റെ ഉത്കൃഷ്ടത. എത്രയോ ധിഷണാശാലികളായ ശാസ്ത്രജ്ഞന്മാർ പല രാജ്യങ്ങളിലായി പല കാലങ്ങളിലായി അനവരതം സത്യാന്വേഷണം നടത്തുന്നുണ്ട്. പക്ഷേ അവർക്കാർക്കും ജഗത് എന്ന സത്തക്ക് ഇത്ര സമഗ്രമായതും ഖണ്ഡിക്കാനാവത്തതും അതിലെ എല്ലാ പ്രതിഭാസങ്ങൾക്കും വിശദീകരണമായതുമായ ഒരു സിദ്ധാന്തം കല്പനചെയ്യാൻ കഴിഞ്ഞിട്ടില്ല.

മായയുടെ പ്രവൃത്തി ഇങ്ങനെ വിശദീകരിക്കാം. മന്ദാന്ധകാരത്തിൽ ഒരു കയറിനെ കാണുമ്പോൾ അത് നമുക്കൊരു പാമ്പാണെന്നും മാലയാണെന്നും വടിയാണെന്നുമൊക്കെ തോന്നാം. അപ്പോൾ നാം 'ഉണ്ട്' എന്ന സത്തത്വത്തിനു അതിനില്ലാത്തതായ ഒരു വിശേഷത കല്പിക്കയാണ് ചെയ്യുന്നത്.

*(തുടരും)*

***

# കൈകേയി

**അംബുജാക്ഷി. പി. – 9447577652**

(തുടർച്ച)

**ദു:**ഖാന്ധനായ രാജാവ് ഒരു കുഞ്ഞിനെപ്പോലെ വാവിട്ടു കരയുന്നുണ്ടായിരുന്നു. രാമൻ വീണ്ടും തിരിച്ചുവന്ന് മഹാരാജാവിനേയും എന്നെയും പ്രദക്ഷിണം ചെയ്തു നമസ്കരിച്ച് പുറത്തുകടന്നു.

രാജ്യഭ്രംശം കുമാരന്റെ മുഖത്ത് യാതൊരു ഭാവവ്യത്യാസവും ഉണ്ടാക്കിയില്ലെന്ന് ഞാൻ ആശ്വസിച്ചു. പുറത്ത് സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും വിലാപങ്ങൾക്കും ശാപവാക്കുകൾക്കും ഇടയിൽ ലക്ഷ്മണന്റെ അട്ടഹാസങ്ങളും മുഴങ്ങുന്നുണ്ടായിരുന്നു.

മന്ഥരയുടെ വാക്കുകളിലൂടെയാണ് പരിസരത്തു നടക്കുന്ന സംഭവങ്ങൾ ഞാനറിയുന്നത്. കൗസല്യയുടെ വിലാപം മന്ഥര അനുകരിച്ചുകാണിച്ചു.

"എന്റെ മകനായി ജനിച്ചതുകൊണ്ടാണ് ഉണ്ണിക്ക് വനവാസം വേണ്ടിവന്നത്. ഭർത്താവിൽ നിന്ന് കിട്ടാത്ത സ്നേഹവാക്കുകൾ പുത്രനിൽ നിന്നെങ്കിലും കിട്ടുമെന്ന് ആശിച്ചു. സപത്നിയുടെ മുള്ളുവാക്കുകൾ ഇനിയും കൂടുതൽ കൂടുതൽ കേൾക്കേണ്ടിവരും. മുൻശുണ്ഠിക്കാരിയായ കൈകേയി ഇനി എന്തെല്ലാം വിധത്തിൽ എന്നെ ഉപദ്രവിക്കുമെന്ന് അറിയില്ല. എന്റെ വാർധക്യത്തിൽ ഞാനെന്തൊക്കെ സഹിക്കേണ്ടിവരും എന്റെ ഉണ്ണി ജനിച്ചതിനുശേഷമുള്ള കാലമാണ് ഞാൻ സുഖം അനുഭവിച്ചിട്ടുള്ളത്.

ഉണ്ണിപോയാൽ കാലന്റെ ഭവനത്തിൽ ഒരിടം. അതാണ് മകനേ നീയില്ലെങ്കിൽ എനിക്കാശ്രയം. ഇത്ര ഭാഗ്യംകെട്ടവളായല്ലോ ഞാൻ. ഉന്നതകുലത്തിൽ ജനിച്ചു, ഉന്നതകുലത്തിലെ വധുവായി ധർമ്മാത്മാവായ ഒരു ഉണ്ണിയുടെ അമ്മയായി. എന്നിട്ടും എനിക്കീവിധി. മകനേ ഞാനും നിന്റെ കൂടെ കാട്ടിലേക്ക് വരുന്നു". ദുഖം താങ്ങാനാവാതെ വിലപിക്കുന്ന കൗസല്യയെ കൂനിയായ ദാസി അനുകരിച്ചപ്പോൾ ഒരു ചെറിയ സന്തോഷം തോന്നി.

കൗസല്യയെ ലക്ഷ്മണൻ ആശ്വസിപ്പിക്കുന്നുണ്ടായിരുന്നുവെന്ന് ദാസിമാർ പറഞ്ഞു. ആ ഉണ്ണി ഒരു മുൻകോപിയാണ്. രാമന്റെ നിഴലായി എപ്പോഴും കൂടെയുണ്ടാകും.

"അമ്മേ ഒരു പെണ്ണിന്റെ ചൊല്ലുകേട്ട് ആ അതികാമുകനായ വൃദ്ധരാജാവ് സ്വന്തം മകനെ കാട്ടിലേക്കയക്കുമോ? അധർമ്മിയായ രാജാവിനെ, അച്ഛനാണെങ്കിലും ഞാൻ വധിക്കാം. പിടിവാശിക്കാരിയായ കൈകേയിയെ തുറുങ്കിലിടാം. ആ ദുഷ്ടയുടെ പ്രേരണകൊണ്ടല്ലേ മഹാരാജാവ് ഇത്രയും ദുഷിച്ചത്. ശത്രുവായ ആ രാജാവിനെ വധിക്കാൻ ഈ രാമാനുജന് ശക്തിയുണ്ട്". ഇതൊക്കെയായിരുന്നുവത്രെ ലക്ഷ്മണന്റെ വാക്കുകൾ.

കോപിച്ച ലക്ഷ്മണനേയും വിലപിക്കുന്ന മാതാവിനേയും രാമൻ തന്റെ മധുരമായ വാക്കുകൾകൊണ്ട് ആശ്വസിപ്പിച്ചു. പക്ഷേ അപ്രതീക്ഷിതമായിരുന്നു തുടർന്നുണ്ടായ സംഭവങ്ങൾ. ലക്ഷ്മണനും അയോദ്ധ്യയിലെ കുലവധുവായ സീതയും വനത്തിലേക്ക് രാമനെ അനുഗമിക്കുന്നുവത്രെ ഞാനിത്രയൊന്നും പ്രതീക്ഷിച്ചിരുന്നില്ല. എന്തോ ഒരു വേദന. പക്ഷെ, ആ ദൗർബല്യം ഞാൻ പുറത്തു കാണിച്ചില്ല. സീതയുടെ വാക്കുകൾ എന്നെ അദ്ഭുതപ്പെടുത്തി. ആ വധു തന്റെ ഭർത്താവിനോട് പറഞ്ഞത്രെ. 'എന്റെ പിതാവ് പുരുഷരൂപത്തിലുള്ള ഒരു സ്ത്രീയെയാണോ ജാമാതാവായി സ്വീകരിച്ചത്'? അതുകൊണ്ടാണോ നിരാശ്രയയായ എന്നെ ഇവിടെ ഉപേക്ഷിക്ക

ണമെന്ന് തോന്നിയത്? പ്രഭോ ആരെയാണ ങ്ങ് പേടിക്കുന്നത് ദ്യുമൽസേന രാജാവിന്റെ പുത്രനായ സത്യവാനെ സാവിത്രി പിന്തു ടർന്നതുപോലെ ഞാനും അങ്ങയെ പിന്തു ടരും. കാടോ, കടലോ, നാടോ എവിടെയാ ണെങ്കിലും അവിടുത്തോടു കൂടിയേ ഞാൻ സ്വീകരിക്കുകയുള്ളൂ. ഞാൻ അങ്ങേക്കുമാ ത്രം അധീനയാണ്. മറ്റാരുടേയും അടിമയല്ല. കല്ലും, മുള്ളും നിറഞ്ഞ ദുർഗ്ഗമമായ വഴിയും കഠിനമായ തപസ്സും എനിക്ക് സ്വർഗ്ഗതുല്യമാ ണ്. അങ്ങ് കൂടെയുണ്ടെങ്കിൽ അവിടുത്തെ കൈകൊണ്ടു കിട്ടുന്ന എന്താഹാരവും എനി ക്ക് അമൃതതുല്യം ഞാനങ്ങേക്ക് ഒരു ഭാര മാവില്ല. എന്റെ സ്നേഹത്തിന്റെ ആഴവും പരപ്പും അറിയുന്ന അവിടുന്ന് എന്നെക്കൂ ടി കൊണ്ടുപോകണം. സീതയില്ലാതെ രാ മനില്ല.രാമനില്ലാതെ സീതയും. ഇത്രയും പ റഞ്ഞ് ഉറക്കെക്കരഞ്ഞുകൊണ്ട് സീത രാമനെ ആലിംഗനം ചെയ്തു.

തോഴിമാരിൽ നിന്ന് ഇതൊക്കെ കേട്ട പ്പോൾ എനിക്ക് അത്ഭുതം തോന്നി. പവിഴ ക്കൊടിപോലെ ദുർബ്ബലയായ ഒരു പെൺകുട്ടി. സ്വസഹോദരിമാരോടൊപ്പം കളിച്ചും ചിരിച്ചും കഴിയുന്ന മിതഭാഷിണിയായ ഒരു കുമാരി. ആ കുമാരിയുടെ വാക്കുകൾക്ക് ഇത്ര കരുത്തോ ഞാൻ അദ്ഭുതപ്പെട്ടു.

അങ്ങനെ രാമനും ലക്ഷ്മണനും സീ തയും വനയാത്രക്ക് തയ്യാറായി.

ഇത്രയും ഞാൻ പ്രതീക്ഷിച്ചില്ല. ഇതെന്റെ വാശിയുടെ പരിണാമമാണോ ? ഞാൻ അയോദ്ധ്യയിലെ വധുവിനേയും നാടു കടത്തിയോ? ഒരു ജീവനും നാലുടലുമായി ക്കഴിയുന്ന ജനകരാജകുമാരിമാർ എന്നെ പഴിക്കില്ലേ? അവരുടെ ശ്വശുരനും ശ്വശ്രുവും സ്വാർത്ഥരാണെന്നു കരുതില്ലേ?

എന്തായാലും മാണ്ഡവിക്ക് സന്തോ ഷമായിരിക്കും. അവളല്ലേ നാളത്തെ യുവറാ ണി. അയോദ്ധ്യയിലെ മഹാറാണി. ഒരിക്കലും നേടാനാവാത്ത പദവിയിൽ അവൾ സന്തോ ഷിക്കില്ലേ? എന്റെ സ്വപ്നങ്ങൾ വാനോളം പടർന്നു പന്തലിച്ചു.

വനവാസത്തിനുള്ള ഒരുക്കങ്ങൾ തു ടങ്ങി. കോപവും താപവുമടക്കി ലക്ഷ്മണ നും ശ്രീരാമനെ സമീപിച്ചുവത്രെ. ജ്യേഷ്ഠ ന്റെ കാൽക്കൽ വീണ്പൊട്ടിക്കരഞ്ഞുകൊ ണ്ട് കുമാരൻ പറഞ്ഞു. ജ്യേഷ്ഠാ അവിടുന്ന് ഹിംസ്രമൃഗങ്ങൾ നിറഞ്ഞ കാട്ടിലേക്കല്ലേ പോകുന്നത് അംഗരക്ഷകനായി ഞാനും കൂ ടെയുണ്ടാകും. കുലച്ച വില്ലും കൂർത്ത ശരങ്ങ ളുമായി ഞാൻ മുൻപേ പോകാം. അങ്ങയുടെ പാദശുശ്രൂഷയാണ് എന്റെ വ്രതം. പിന്നെ...മ നസ്വിനിയായ വല്യമ്മ കൗസല്യാദേവി എന്റെ അമ്മയേയും ഊർമ്മിളയേയും സംരക്ഷിക്കും. ഭരതൻ അങ്ങയുടെ അനുജനാണ്. അദ്ദേ ഹത്തിനും മറ്റൊരു വിധത്തിൽ ചിന്തിക്കാ നാവില്ല. വലിയമ്മയും ഭരതനും ഉള്ളപ്പോൾ എല്ലാവരും സുരക്ഷിതരാണ്.

*(തുടരും)*

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവ ണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

# മതചിന്തകൾ

## കല്പകം സോമരാജൻ

**ലോ**കത്തിൽ നാം കാണുന്ന അനേക ജീവജാലങ്ങളിൽ ഔന്നത്യത്തിൽ നിലകൊള്ളുന്ന ജീവിയാണ് മനുഷ്യൻ എന്ന മഹാത്ഭുതം. ഈശ്വരന്റെ ശ്രേഷ്ഠസൃഷ്ടി എന്നു പറയാം. ബുദ്ധിശക്തിയാൽ, ചിന്താശക്തിയാൽ, വിവേകശക്തിയാൽ അനുഗ്രഹീതനാണ് മനുഷ്യൻ എന്ന ഈ അത്ഭുത പ്രതിഭാസം. എന്നാൽ ഈ മനുഷ്യൻ എന്താണ്? ആരാണ് എങ്ങനെ ഉത്ഭവിച്ചു? എന്തിനായി ഉത്ഭവിച്ചു? എങ്ങോട്ടു പോകുന്നു? ഇതെല്ലാം ശാസ്ത്രലോകം പലവുരു ചർച്ചചെയ്യപ്പെട്ടിട്ടുള്ളതും പല തത്ത്വാംശങ്ങളിൽ എത്തിചേർന്നിട്ടുള്ളതുമാണ്. എന്നാൽ ഈ ചിന്താധാരക്ക് സുവ്യക്തവും സൂക്ഷ്മവും അനിഷേധ്യവുമായ ഒരുത്തരം ആരും നൽകിയതായി പറയപ്പെടുന്നില്ല. ശാസ്ത്രകുതുകികളുടെ അന്വേഷണം ഇന്നും തുടരുന്നു. ഈ മനുഷ്യസമൂഹം ഒത്തൊരുമയോടെ അനേകസ്ഥലങ്ങളിൽ കൂട്ടമായി ജീവസന്ധാരണത്തിനും വംശനിലനില്പിനും വേണ്ട കൃത്യങ്ങളിൽ ലീനരായി തങ്ങൾക്ക് സൗഖ്യവും നാശവും തരുന്ന പ്രകൃതിശക്തികളെ ഭയന്നും ആരാധിച്ചും കഴിഞ്ഞു പോന്നു എന്നു വിശ്വസിക്കപ്പെടുന്നു.

ഇനി മതചിന്തകളിലേയ്ക്കു കടക്കാം. ഇവിടെ മതം എന്നതുകൊണ്ട് സങ്കുചിതമായ ചിന്തയല്ല, വിശാലമായ, അനാദിയായ ലോകമതത്തെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. മനുഷ്യസമൂഹം ആദരിച്ച് അനുഷ്ഠിക്കുന്ന വിശ്വാസങ്ങളെയും ആചാരക്രമങ്ങളെയുമാണ് ആ സമൂഹത്തിന്റെ മതം എന്ന പദംകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. അല്ലാതെ ഇന്നു നിലവിൽ കാണുന്ന മതത്തിനെയല്ല. മതം എന്ന വാക്കിന് അഭിപ്രായം, ഇഷ്ടം, അറിവ്, വിശ്വാസം, സമ്മതം, ധർമ്മം, സിദ്ധാന്തം തുടങ്ങി അനേക അർത്ഥങ്ങൾ നിഘണ്ടുക്കളിൽ കാണുന്നു.

ഇതിൽ ഏതർത്ഥവും ഒരു സംസ്കൃതചിത്തനു സ്വീകരിക്കാം. മാനുഷികതക്ക് ഈ സ്വീകാര്യത അത്യാവശ്യവുമാണ്. മതരഹിതമായ ജീവിതം കപ്പിത്താനില്ലാത്ത കപ്പൽ പൊലെയാണെന്ന് മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളത് വായിച്ചതായി ഓർമ്മിക്കുന്നു. ഇംഗ്ലീഷ് ഭാഷയിൽ മതത്തിന് റലീജിയൻ എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ഇത് റെലിജ്യോ എന്ന ലാറ്റിൻ പദത്തിന്റെ തത്ഭവമാണ്. ആ പദത്തിനും ഏകമായ തത്ത്വസംഹിതാവിശ്വാസം തന്നെയാണ് അർത്ഥമായി വിവക്ഷിക്കുന്നത്.

അഗ്നിയെ ആരാധിച്ചു തുടങ്ങിയ ആദിമകാലം തുടങ്ങി ഇന്നു വരെ വിശ്വാസപ്രമാണത്തിൽ ലോകജനത എമ്പാടും ഒരേ തലത്തിൽ തന്നെയാണ് ചിന്തിക്കുന്നത്. പ്രപഞ്ചത്തിന്റെ ആധാരശിലയും ഉദ്ദേശ്യവും നിർദ്ദേശിക്കുന്ന അല്ലെങ്കിൽ വിശദമാക്കി തരുന്ന വിശ്വാസങ്ങളെ അടിസ്ഥാനമാക്കി ആത്മീയ ജീവിതം നയിക്കുന്നതിനുള്ള ആവശ്യമായ ചടങ്ങുകളും ജീവിതനിഷ്ഠകളും തെറ്റാതെ പാലിക്കുക എന്നതാണ് മതങ്ങളുടെ ആഹ്വാനം. ദൈവാരാധനയാണ് മതത്തിന്റെ അടിസ്ഥാനനിർദ്ദേശം. സമൂഹ ജീവിതത്തിന് അനുസൃതമായി പല ആചാരവിശേഷങ്ങളും അനുഷ്ഠിക്കുക എന്നതാണ് മതത്തിന്റെ രണ്ടാമത്തെ ആവശ്യം. ലിഖിതവും അലിഖിതവുമായ ഈ നിബന്ധനകൾ ലോകമുള്ള കാലത്തോളം നിലനിൽക്കും എന്നത് തർക്കമറ്റ കാര്യമാണ്.

അപ്പോൾ മതം എന്ന് നാം ആചരിക്കു

ന്നത് ജീവിതതത്ത്വചിന്തകളുടെ ആകെ തുകയാണെന്ന് നിരൂപിക്കാം. ആ ചിന്തയിൽ ഹിന്ദുമതത്തെ കുറിച്ച് പഠിക്കാൻ ശ്രമിക്കാം. സിന്ധുനദീതട സംസ്ക്കാരം ഭാരത സംസ്ക്കാരത്തിന്റെ ഈറ്റില്ലമാണെന്ന് നമുക്കൊക്കെ അറിയാം. ഈ സംസ്ക്കാരത്തിന്റെ പ്രശസ്തിയാൽ ലോകജനത ഭാരതീയ സംസ്ക്കാരത്തെ സിന്ധു എന്ന പേരു ചേർത്ത് അറിയുവാൻ തുടങ്ങി. എന്നാൽ പേർഷ്യൻ തുടങ്ങിയ ചില വൈദേശീക ഭാഷകളിൽ 'സ' എന്ന അക്ഷരത്തിനുപകരം 'ഹ' എന്നാണ് ഉച്ചരിച്ചിരുന്നത്. ആയതിനാൽ ഇക്കൂട്ടത്തിൽ പെട്ട വൈദേശികർ സിന്ധു എന്ന പേരിനു പകരം ഹിന്ദു എന്ന് പറയുവാൻ തുടങ്ങി. അങ്ങനെ സിന്ധുനദീതട വാസികളെ സിന്ധുക്കൾ എന്നതിനുപകരം ഹിന്ദുക്കൾ എന്ന് അഭിസംബോധന ചെയ്യുവാൻ തുടങ്ങി.

കാലക്രമേണ അവരുടെ ജീവിതരീതിയെ, മതത്തെ, ഹിന്ദുമതമെന്നും ആ ദേശത്തെ ഹിന്ദു ദേശമെന്നും വിളിക്കുവാൻ തുടങ്ങി. ലോകത്തിൽ പല കാലങ്ങളിലായി ഉരുത്തിരിഞ്ഞ ക്രിസ്ത്യൻ, മുസ്ലീം, ബുദ്ധ, ജൈന തുടങ്ങിയ ഇതര മതങ്ങൾക്കുള്ളതുപോലെ ഒരു മതസ്ഥാപകനോ തലവനോ ഒന്നും ഹിന്ദുമതത്തിനില്ല. ഈ മതം തത്ത്വാധിഷ്ഠിതം മാത്രമാണ്. ഇന്നു പ്രാമുഖ്യത്തിലുള്ള ഇതര മതങ്ങളെപ്പോലെ എതെങ്കിലും ഒരു സമയത്ത് സ്ഥാപിതമായതല്ല. ഹിന്ദുമതം ഇത് അനാദിയാണ്. അക്കാരണത്താൽ തന്നെ പിന്നീടുണ്ടായിട്ടുള്ള ഒരു മതവിശ്വാസത്തേയും ഹിന്ദുമതം തള്ളിക്കളയുന്നില്ല. അവരുടെ പുതുവിശ്വാസങ്ങളെ അംഗീകരിക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം ചിന്തിക്കുമ്പോൾ ആത്യന്തികതയോട് അടുത്തു നില്ക്കുന്ന അനേകം ആചാര വിശ്വാസങ്ങൾ ഉൾചേർന്നു നില്ക്കുന്ന ഒരു മത സംയുക്തമാണ് ഹിന്ദുമതം എന്നു വിവക്ഷിക്കാം. ലോകത്തിലെ പുരാതനമതങ്ങളിൽ ആദ്യസ്ഥാനം ഹിന്ദുമതത്തിന് ചില പണ്ഡിതന്മാർ കൊടുത്തിരിക്കുന്നു. പ്രധാനലോകമതമായ ഇത് തത്ത്വചിന്ത, വിശ്വാസം ആചാരങ്ങൾ എന്നിവയുടെ സമ്മിളിതശ്രോതസ്സാണ്. ഗ്രന്ഥാവലിയുടെ സമ്പന്നമായൊരു പാരമ്പര്യം തന്നെ ഈ മതത്തിന് ഉൾക്കരുത്തേകുന്നു. വിശിഷ്ട സംസ്കൃതഗ്രന്ഥങ്ങളും പ്രാദേശികഭാഷാഗ്രന്ഥങ്ങളും ഇക്കൂട്ടത്തിൽ പെടും. ഇവ ലോകജനതയിലേക്ക് സത്സന്ദേശങ്ങളെ എത്തിക്കുന്നു. സനാതന ധർമ്മ സിദ്ധാന്തമാണ് ഹിന്ദുമതത്തിന് ആധാരം. ഹിന്ദുധർമ്മത്തിനു പര്യായമായി സനാതനധർമ്മത്തെ വിശേഷിപ്പിക്കപ്പെടുന്നു. സനാതന ധർമ്മത്തെ കുറിച്ചു ചിന്തിക്കാം. ഈ വിശ്വാസരീതിയിൽ ആരും ആരെയും ഒന്നും അടിച്ചേൽപ്പിക്കുന്നില്ല എന്ന യഥാർത്ഥ്യം നിലനിൽക്കുന്നു. ഏകനായ ദൈവത്തിൽ വിശ്വസിക്കുന്നവന് അതാകാം. ബഹുദൈവ വിശ്വാസിക്ക് അതുമാകാം. ഇനി അവിശ്വാസിയെ ആരും ചോദ്യം ചെയ്യുന്നില്ല. ക്ഷേത്രാരാധനവിശ്വാസമെങ്കിൽ ക്ഷേത്ര ദർശനമാകാം ഇല്ലെങ്കിലും ആരും ഒന്നും പറയുന്നില്ല. വിഗ്രഹാരാധന ഇഷ്ടമുള്ളവർക്ക് ചെയ്യാം. ഇല്ലെങ്കിൽ വേണ്ട. ദൈവത്തെ സ്തുതിക്കണോ, ചെയ്യാം. നിന്ദിച്ചാലും ആരും ചോദ്യം ചെയ്യുന്നില്ല. നിരീശ്വരവാദിയേയോ യുക്തി വാദിയേയോ ഒന്നും ആരും തടസ്സപ്പെടുത്തുന്നില്ല. അതെല്ലാം അവരവരുടെ ഹിതമാണ്. സനാതനധർമ്മം ഒരാളുടെ ഹിതത്തെയും എതിർക്കുന്നില്ല. ഓരോരുത്തർക്കും അവരവർക്ക് ഇഷ്ടമായ രീതിയിൽ ജീവിക്കുവാനുള്ള സ്വാതന്ത്ര്യം സനാതനധർമ്മം അല്ലെങ്കിൽ ഹിന്ദുധർമ്മം നൽകുന്നു. ഒരാളെ ഇഷ്ടാനുസാരമല്ലാതെ പ്രവർത്തിക്കുവാൻ നിർബന്ധിക്കുന്നത് ധർമ്മം അല്ല. മറിച്ച് അധർമ്മവും മ്ലേച്ഛവും പൈശാചികവും നികൃഷ്ടവുമാണെന്നതാണ് സനാതന തത്ത്വസംഹിത.

അതുപോലെ സഹജീവികളെ അത് ആചാരവ്യത്യാസമില്ലാതെ ആദരിക്കണം. അത് പ്രകൃതിയെപ്പോലും സ്വന്തസുഖത്തിനും താൽപര്യത്തിനുമായി ദ്രോഹിക്കാതെ ജീവിതം

നയിക്കുക എന്നതാണ് സനാതന ധർമ്മ വിശ്വാസം. കർമ്മഫലം നമ്മിലേക്കുതന്നെ തിരിച്ചെത്തും എന്നത് ദൃഢ വിശ്വാസത്തി ലെടുക്കുക. പ്രപഞ്ച രഹസ്യത്തിന്റെ മഹാ ത്ഭുതത്തെ എപ്പോഴും മനസ്സാ മൗനം ചെ യ്യുക എന്നതെല്ലാം മഹത് തത്ത്വങ്ങളിൽ ഉൾപ്പെടുന്നു.

ഒരു വ്യക്തിയേയോ ഗ്രന്ഥത്തേയോ അന്ധമായി പിൻതുടരുവാൻ നിർബന്ധിക്കു ന്നിടത്ത് മതമെന്ന ഭൂതം ആവിർഭവിക്കുന്നു. സ്വർഗ്ഗമെന്ന വ്യാമോഹവും നരകഭയവും മനസ്സുകളിൽ സൃഷ്ടിക്കുന്നു. സ്വർഗ്ഗ മോഹ ത്തിലും നരകഭീഷണിയിലും പെടുത്തി ഈ ഭൂതം മനുഷ്യന്റെ ചിന്താശക്തിയെയും യു ക്തിചിന്തകളെയും മരവിപ്പിക്കുന്നു. എന്നാൽ സനാതനധർമ്മത്തിന്റെ ഈ രീതികളൊന്നും ഇല്ല. അത് ആരെയും ഒന്നിനും നിർബന്ധി ക്കുന്നില്ല. ആയതിനാൽ തന്നെ അടിവരയി ട്ടു പറയട്ടെ സനാതനധർമ്മം ഒരിക്കലും ഒരു മതമല്ല. മറിച്ച് ധർമ്മമാർഗ്ഗം മാത്രമാണ്. ഈ പ്രപഞ്ചത്തിലെ എല്ലാ മനുഷ്യർക്കും ആരെ യും ദ്രോഹിക്കാതെ സ്വന്തം ഇഷ്ടപ്രകാരം ജീ വിക്കുവാൻ അവകാശം നൽകുന്ന ഒരു തത്ത്വ ദീക്ഷ. ഈ തത്ത്വദീക്ഷയിൽ പ്രപഞ്ചം നില നില്ക്കട്ടെ എന്നു പ്രാർത്ഥിക്കാം.

ഇതൊക്കെയാണെങ്കിലും ഹിന്ദുത്വത്തിന്റെ പരമപ്രധാന തത്ത്വശാസ്ത്രം വേദാന്തമാണ്. വളരെ കാലത്തെ തത്ത്വസംഹിതകളുടെ പരി ണാമ ഫലമാണ് ഹിന്ദുത്വത്തിന്റെ ഉത്പത്തി യും വികാസവും നിലനിൽപ്പും. ഉത്തമനായ മനുഷ്യനിൽ ഉണ്ടാകേണ്ട സത്ഗുണങ്ങളാണ് ഹൈന്ദവധർമ്മം ചൂണ്ടിക്കാട്ടുന്നത്. അനേക സത്ഗ്രന്ഥങ്ങളിലൂടെ കാലാകാലങ്ങളിലായി വികാസം പൂണ്ടതാണ് ഹൈന്ദവ മതത്തി നാധാരമായ കൃതികൾ. വേദങ്ങൾ, ഉപനിഷ ത്തുക്കൾ, ബ്രഹ്മണ്യങ്ങൾ, ആരണ്യകങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ ലോകപ്രശ സ്തമായ ഭഗവത് ഗീത തുടങ്ങി ഹൈന്ദവ മതോത്ഭൂതങ്ങളായ ഗ്രന്ഥങ്ങൾ നിരവധിയാ ണ്. ഈ ഗ്രന്ഥങ്ങളെല്ലാം തന്നെ ശ്രുതി, യു ക്തി അനുഭവം എന്നീ അവസ്ഥകളിൽ നിന്ന് ഉണ്ടായവയാണ്.

വൈവിധ്യമാർന്ന മതവിശ്വാസങ്ങളുടേ യും ആചാരങ്ങളുടേയും സവിശേഷതയിലാ ണ് ഇൻഡ്യയിലെ മതങ്ങൾ നിലകൊള്ളുന്ന ത്. ലോകത്തിലെ പ്രധാന നാലു മതങ്ങളുടെ സംവിധാനങ്ങൾ രൂപം കൊണ്ടത് ഭാരത ഉപ ഭൂഖണ്ഡത്തിലാണ് ആദിയായ ഹിന്ദുമതം, ബുദ്ധമതം, സിക്കുമതം, ജൈനമതം ഇവയെ ല്ലാം ആവിർഭവിച്ചത്. ഭാരതഭൂമിയിലെ മതപ രമായ വൈവിധ്യവും മതസഹിഷ്ണുതയും നിയമത്താൽ തന്നെ പരിരക്ഷിക്കപ്പെടുന്ന മഹത്തായ പാരമ്പര്യം ഭാരതത്തിനുണ്ട്. മത സ്വാതന്ത്ര്യം ഇവിടെ മൗലീകാവകാശമാണ് ഇൻഡ്യമതേതരരാഷ്ട്രമായി നിലകൊള്ളുന്നു.

2011ലെ (കനേഷുമാരി) കണക്കെടുപ്പു പ്രകാരം ഇൻഡ്യൻ ജനതയിൽ എൺപതുശ തമാനത്തോളം ഹിന്ദുമത വിശ്വാസികളാണ്. ഇസ്ലാം കൃസ്ത്യൻ, സൊരാഷ്ട്രീയൻ, ബഹാ യി, സനാമഹിസം, ജൂതമതം തുടങ്ങിയ അനേക ഇതര മതവിഭാഗങ്ങൾക്കും ഇൻഡ്യ യിൽ ചരിത്രമുണ്ട്. ആയിരക്കണക്കിന് വി ശ്വാസികളുമുണ്ട്. 2004 ലെ കണക്കുപ്രകാരം ലോകജനത 640 കോടി എന്നു പറയുന്നു. ഇക്കൂട്ടത്തിൽ 3-ാം സ്ഥാനമാണ് ഹിന്ദു വിഭാ ഗത്തിന്. ഇതിൽ മുന്തിയ പങ്കും ഭാരതത്തിൽ തന്നെയാണ് ഉള്ളത്. ലോകത്തിലെ ശ്രേ ഷ്ഠഹിന്ദു സന്യാസിവര്യന്മാർ ഭാരതത്തിലാ ണുള്ളത്. വൻ ഹിന്ദു ക്ഷേത്രങ്ങൾ ഇവിടെ നിലകൊള്ളുന്നു. വലിയ ഹിന്ദു തീർത്ഥാടന സ്ഥാനങ്ങളും ഭാരതത്തിലാണുള്ളത്. യോഗ, ധ്യാനം, ആയുർവേദം, ഭാവികഥനം, കർമ്മം, പുനർജന്മം തുടങ്ങിയ ഹിന്ദുത്വത്ത്വചിന്തയു ടെ വൈവിധ്യധാരകൾ അനേകലോകജനത യെ ഇങ്ങോട്ടാകർഷിക്കുന്നു.

*തുടരും*

*****

# ഭാഗ്യം

യു.എസ്. രവീന്ദ്രൻ – 9496120978

**ചി**ലപ്പോൾ നമ്മൾ ഇഷ്ടപ്പെടുന്ന ഒരു കാര്യവും ശരിയാകാതെ പോവാറുണ്ട്. കിട്ടും എന്ന് പ്രതീക്ഷിച്ചു പോയിരുന്ന ഒരു ജോലി കിട്ടാതെ വരുമ്പോൾ, ഒരു വിശേഷാവസരത്തിന് പോകുമ്പോൾ ധരിച്ചിരിക്കുന്ന വസ്ത്രത്തിൽ ചെളി തെറിക്കുമ്പോൾ, വീട്ടിലെ വളർത്തു പൂച്ച മുറിയെല്ലാം വൃത്തികേടാക്കി ഇടുമ്പോൾ, ഇങ്ങനെയൊക്കെ സംഭവിക്കുമ്പോൾ സ്വാഭാവികമായും ഒരാൾക്ക് തോന്നിയേക്കാം എന്തോ ശുഭകരമല്ലാത്ത അവസ്ഥയിലേക്കാണ് ജീവിതം പൊയ്ക്കൊണ്ടിരിക്കുന്നതെന്ന്. നിങ്ങൾ അന്ധവിശ്വാസിയല്ല. എന്നാൽ ഒരു നിർഭാഗ്യവാനാണെന്ന് തോന്നി തുടങ്ങിയേക്കാം. ഇങ്ങനെയുള്ള അനിഷ്ടസംഭവങ്ങൾക്ക് ഒരറുതിയുണ്ടാവുകയില്ലേ എന്ന് തോന്നിയേക്കാം. വൈകിയാണെങ്കിലും ഇത് ചിലർക്ക് ജീവിതത്തിനോടുള്ള കാഴ്ചപ്പാട് മാറ്റിയെടുക്കുവാൻ സാധിച്ചേക്കാം. എല്ലാം വേണ്ട വിധം നടക്കുകയാണെങ്കിൽ അത് ഭാഗ്യമാണെന്ന് നമ്മൾ വിശ്വസിക്കുന്നു. ഇങ്ങനെയുള്ള ഒരു അവസ്ഥ ഉണ്ടാക്കിയെടുക്കാൻ ജീവിതത്തോടുള്ള കാഴ്ചപ്പാട് മാറ്റേണ്ടതുണ്ട്.

എന്താണ് ഭാഗ്യം. ഭാഗ്യത്തിനെ മൂന്ന് വിധത്തിലാണ് നിർവചിച്ചിരിക്കുന്നതെന്നാണ് അമേരിക്കയിലെ ടെക്സസ്സിലെ മനശാസ്ത്ര പ്രൊഫസർ ജാകിലിൻ വൂളിയുടെ അഭിപ്രായം. പലരും ഭാഗ്യത്തിനെ അനുകൂലമായ അവസരം എന്നു പറയുന്നു. ലോട്ടറിയിൽ സമ്മാനം കിട്ടുന്നതിനെ ഭാഗ്യം എന്നു പറയുന്നു. എന്നാൽ അത് ഒരു ക്രമരഹിതമായ (RANDOM EVENT) സംഭവമാണ്. ഭാഗ്യത്തിന്റെ വേറൊരു നിർവ്വചനം അത് ഒരു പ്രകൃത്യാതീതമായ (SUPERNATURAL) ശക്തികൊണ്ടുണ്ടാകുന്നതാണെന്നാണ്. ഈ ശക്തി പലരെയും പല സമയത്തും സ്പർശിക്കുന്നത്രേ. അത് നേടിയെടുക്കാൻ ചില ആചാരങ്ങൾ കൊണ്ട് സാധിക്കുമെന്ന് ചിലർ വിശ്വസിക്കുന്നു. മൂന്നാമതായി ഭാഗ്യം ചിലർക്ക് ജന്മനാൽ കിട്ടുന്ന പുണ്യമാണെന്ന് ചിലർ വിശ്വസിക്കുന്നു.

ഇങ്ങനെയെല്ലാം ചിലത് നിലനിൽക്കുന്നുണ്ടോ The Luck Factor എന്ന പുസ്തകത്തിന്റെ രചയിതാവായ റിച്ചാർഡ് വൈസ്മാൻ യു.കെ. യിലെ ഹാർട്ട് ഫോർഡ് ഷെയർ യൂണിവേഴ്സിറ്റിയിലെ മനശാസ്ത്രജ്ഞൻ വിശ്വസിക്കുന്നത് ഭാഗ്യം എന്നത് ഇന്ദ്രജാലമോ പ്രകൃത്യാതീതമായ പ്രതിഭാസമോ അല്ല എന്നാണ്. ഇത് ഭാഗ്യക്കുറി നേടാനോ ഉപദ്രവിക്കാനോ കൂട്ടു നിൽക്കുന്നില്ല. നിങ്ങളെ നിർഭാഗ്യവാനോ ഭാഗ്യവാനോ ആക്കുന്നത് നിങ്ങൾ എങ്ങനെ നോക്കി കാണുന്നു എന്നതിനെയും, അത് നിങ്ങളിൽ ഉണ്ടാക്കുന്ന ചലനങ്ങളെയും വികാരവിചാരങ്ങളെയും ആശ്രയിച്ചും സ്വയം ആത്മപൂരണത്തിനു വേണ്ടിയുള്ള അർപ്പണ മനോഭാവത്തിനേയും ആശ്രയിച്ചിരിക്കുന്നു എന്നതാണ്. ഒരു വിധത്തിൽ പറഞ്ഞാൽ ഭാഗ്യം എന്ന പ്രതിഭാസം നിലനിൽക്കുന്നുണ്ട് തന്നെ. ചരിത്രത്തിന്റെ ഏതു ഏടുകൾ എടുത്തു നോക്കിയാലും അന്ന് ജീവിച്ചിരുന്നവർ ചില വിശ്വാസങ്ങളെയും ആചാരങ്ങളെയും പറ്റി അല്ലെങ്കിൽ അനുകൂലമായ അവസരങ്ങളെ പറ്റി സംസാരിച്ചിരുന്നതായി കാണാം. നാം ഇപ്പോൾ ചെയ്യുന്നതുപോലെ ശാസ്ത്രം ഇത്രയും പുരോഗമിച്ചിട്ടും അത് നമ്മുടെ മനസ്സിന്റെ അഗാധതയിൽ ഒളിഞ്ഞു കിടക്കുന്നു. ജീവിതം അവസരങ്ങളുടെ നിയന്ത്രണത്തിലാണെന്ന ബോധം. അതിനെ നിയന്ത്രിച്ച സ്വന്തം അധീനതയിൽ ആക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ് എന്ന് ജാകിലിൻ വൂളി സമ്മതിക്കുന്നു.

മനുഷ്യർ അനിശ്ചിതത്വത്തിൽ അസ്വസ്ഥരാണ്. സ്വന്തം ജീവിതം സ്വന്തം നിയന്ത്രണത്തിലല്ലാതാകുമ്പോൾ അവർക്ക് തോന്നുന്നു കാര്യങ്ങൾ ക്രമരഹിതം ആണ് ശരിയായ ദിശയിൽ അല്ല. അതിന്റെ കാരണങ്ങൾ പ്രകൃതി നിയമങ്ങൾക്ക് വിധേയമല്ല എന്ന് കണ്ടെത്തി സമാധാനിക്കുന്നു. ലോകത്തിൽ ചില കാര്യങ്ങൾ നിശ്ചിതമാണ് ചില കാര്യങ്ങൾ അനിശ്ചിതമാണ് ഇതിനിടയിൽ ഒരു സാധ്യതയുണ്ട് ഇതിനെ വേണമെങ്കിൽ ഭാഗ്യം എന്നു വിളിക്കാം.

യഥാർത്ഥ ജീവിതത്തിൽ ഭാഗ്യത്തിന്റെ പങ്ക് എന്താണ് 2017 ൽ യു.കെ. യിൽ നടത്തിയ

ഒരു പഠനത്തിൽ പറയുന്നത് ശ്രദ്ധിക്കുക. Gold Smith Institution ലെ ഒരദ്ധ്യാപകൻ 44 പേരെ ഇന്റർവ്യൂ ചെയ്തു. ഈ 44 പേരും കരാർ വ്യവസ്ഥയിൽ താൽക്കാലികമായി ജോലിയിൽ കയറിയവരാണ്. എല്ലാവരും ഉത്കണ്ഠാകുലരും സുരക്ഷിതത്വബോധമില്ലാത്തവരുമായിരുന്നു എന്ന് കണ്ടെത്തി. എന്നാൽ അതിൽ ഒരാൾക്ക് ജോലി സ്ഥിരമായി എന്ന കൽപ്പന കിട്ടിയപ്പോൾ അയാൾ അതൊരു ഭാഗ്യമായി കരുതി. ഇത് തികച്ചും യാദൃശ്ചികമായ സംഭവമല്ലേ. കഠിനാധ്വാനത്തിന്റെ ചരിത്രം ഒന്നുമില്ലല്ലോ. ഇത് ഭാഗ്യം തന്നെ എന്ന് അയാൾ കരുതി.

2020ൽ ഇംഗ്ലണ്ടിൽ കുട്ടികളിൽ നടത്തിയ ഒരു പഠനത്തിൽ ഭാഗ്യം എന്ന അവസ്ഥയെ പറ്റിയുള്ള അവരുടെ ധാരണ ഏതെങ്കിലും സമ്മാനങ്ങളോ പുസ്തകമോ ലഭിക്കുക കുടുംബത്തിൽ സന്തോഷകരമായി ജീവിക്കുക എന്നതൊക്കെയാണെന്ന് കണ്ടു. 4 വയസ്സു മുതൽ 8 വയസ്സുവരെയുള്ള കുട്ടികളെയാണ് ആദ്യത്തെ പഠനത്തിൽ ഉൾപ്പെടുത്തിയത്. എന്നാൽ രണ്ടാമത്തെ ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരുന്നത് 8 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളെയായിരുന്നു. ഭാഗ്യത്തെ പറ്റിയുള്ള അവരുടെ ധാരണ വേറെയായിരുന്നു. ആഗ്രഹിക്കുന്നത് എപ്പോഴും സംഭവിക്കുന്നില്ല. അത് സംഭവിച്ചാൽ മാത്രമേ ഭാഗ്യമെന്നു കരുതാവൂ എന്നാണ്.

ഭാഗ്യം വന്ന് ചേരുന്നത് ചില ആചാരക്രമങ്ങൾ അനുഷ്ഠിക്കുന്നവർക്ക് കുട്ടിക്കാലം തൊട്ടേ വിശ്വസിക്കുന്നതു കൊണ്ട് ചിലർ മുതിരുമ്പോഴും ആ വിശ്വാസം കൊണ്ട നടക്കുന്നു. ഇലക്ഷനു മുമ്പ് മുൻ പ്രസിഡന്റ് ബരാക് ഒബാമ ബാസ്കറ്റ്ബോൾ കളികളിൽ നിത്യവും പങ്കെടുത്തിരുന്നു. ഇലക്ഷനിൽ ജയിക്കാനുള്ള ഭാഗ്യം ബാസ്ക്കറ്റ് ബോൾ കളികൊണ്ടുവരുമെന്ന് അദ്ദേഹം വിശ്വസിച്ചു. പ്രസിദ്ധ ബാസ്ക്കറ്റ് ബോൾ കളിക്കാരൻ മൈക്കിൾ ജോർദാൻ NBA യൂണിഫോമിനടയിലും പണ്ട് കോളേജിൽ പ്രാക്ടീസ് ചെയ്യുമ്പോൾ ഉപയോഗിച്ചുകൊണ്ടിരുന്ന ട്രൗസർ ധരിച്ചിരുന്നത് ഭാഗ്യം പ്രതീക്ഷിച്ചുകൊണ്ടാണ്. ഒരു പക്ഷേ ഭാഗ്യംകൊണ്ട് ആവില്ല അവർ ജയിച്ചത്. ആ വിശ്വാസം അവരുടെ പ്രകടനങ്ങൾ മെച്ചപ്പെടുത്താൻ സഹായിച്ചത് കൊണ്ടാകാം.

ഭാഗ്യത്തെ പറ്റിയുള്ള വീക്ഷണഗതി മാറ്റാൻ സാധിക്കുമോ അങ്ങനെയാണെങ്കിൽ അത് നല്ല പരിസമാപ്തി കൊണ്ട് തരുമോ മനശാസ്ത്രജ്ഞർ ഭാഗ്യം കൂട്ടുവാനുള്ള വിദ്യകൾ പറഞ്ഞു തരുന്നു. ഭാഗ്യമുള്ളവർ സ്വന്തം കഴിവുകളെ അറിയുന്നവരും അവസരങ്ങളെ വേണ്ട വിധത്തിൽ ഉപയോഗിക്കുവാൻ കഴിവുള്ളവരുമാണ്. അവർ അവരുടെ മനസ്സ് പറയുന്ന അബോധത്തിനനുസരിച്ച് പ്രവർത്തിക്കുന്നു.

നിങ്ങൾ ശാന്തരും സന്തോഷവാൻമാരും ആണെങ്കിൽ ലോകത്തെ നിങ്ങൾ വിശാലമായ കാഴ്ചപ്പാടിലൂടെ കാണുന്നു. കൂടുതൽ അവസരങ്ങൾ കണ്ടെത്തുന്നു. കടും പിടുത്തക്കാർ അല്ലാതെ വേണ്ടപ്പോൾ വഴങ്ങുന്ന സ്വഭാവക്കാരാണെങ്കിൽ വന്നു ചേരുന്ന അവസരങ്ങളെ വേണ്ടവിധത്തിൽ കൈകാര്യം ചെയ്ത് ജയിച്ച മുൻപോട്ടു പോകുന്നു. ഭാഗ്യം ഉള്ളവർക്ക് അറിയാം എവിടെയാണ് എത്തി നിൽക്കുന്നതെന്നും കാറ്റിന്റെ ഗതി എങ്ങോട്ടാണെന്നും ഇനി ഏത് ദിശയിൽ മുന്നോട്ടു പോകണമെന്നും. ഭാഗ്യമുള്ളവർ നല്ലത് പ്രതീക്ഷിക്കുന്നു. മോശമായ അനുഭവങ്ങളെ ഉൾക്കൊണ്ട് പാഠം പഠിച്ച ശേഷം ഭാഗം നല്ലതാക്കി തീർക്കാൻ ശ്രമിക്കുന്നു. തീർച്ചയായും അവർ ശുഭാപ്തി വിശ്വാസക്കാരാണ്. മോശമായ അനുഭവങ്ങളെ പ്രതിരോധിക്കുവാൻ ശേഷിയും ഉള്ളവരാണ്. അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ അവർ വിചാരിക്കും 'സാരമില്ല ഇതിനേക്കാൾ മോശമായത് വരാനിരുന്നതാണ്.'

ഓരോ ജീവിതശൈലി എന്ന നിലയിൽ ഭാഗ്യ ഡയറി സൂക്ഷിക്കാവുന്നതാണ്. ഓരോ ദിവസങ്ങളിലും സംഭവിച്ച നല്ല കാര്യങ്ങൾ എഴുതി വയ്ക്കാം. അതിൽ ഇടപഴകേണ്ടി വന്ന എല്ലാവരോടും കൂട്ടുകാർ, കുടുംബാംഗങ്ങൾ, സ്വന്തം ആരോഗ്യം തുടങ്ങി എല്ലാത്തിനോടും നന്ദി രേഖപ്പെടുത്താം. മോശപ്പെട്ട് അനുഭവങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻ പ്രാർത്ഥിക്കാം.

എപ്പോഴും ഒരേ വഴി തന്നെ തിരഞ്ഞെടുക്കരുത്. വഴികൾ മാറി മാറി നടക്കുക. വൈവിധ്യമാർന്ന ടിവി പ്രോഗ്രാമുകൾ കാണുക. വ്യത്യസ്ത വ്യക്തികളോട് സംസാരിക്കുക. ചെറിയ ചെറിയ മാറ്റങ്ങൾ കൂടി ഫലപ്രദമാക്കാം. കണ്ണുകൾ തുറന്ന് മനസ്സുതുറന്ന് പല പല അവസരങ്ങളെയും സ്വീകരിക്കുവാൻ തയ്യാറായിരിക്കുക. നിങ്ങൾക്കും ഭാഗ്യവാനാകാം

****

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## സെപ്റ്റംബർ – ഒക്ടോബർ 2022

| | | | | |
|---|---|---|---|---|
| 1. | 12-09-2022 | തിങ്കൾ | വിമൻസ് ഫോറം | 3.30 pm |
| 2. | 18-09-2022 | ഞായർ | സാംസ്കാരിക വേദി – സംഗീതം | 4.00 pm |
| 3. | 10-09-2022<br>17-09-2022<br>24-09-2022<br>01-10-2022<br>08-10-2022 | ശനി | വേദാന്ത പഠന ക്ലാസ്സ് – ശ്രീമദ് ഭഗവത്ഗീത – ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 4. | 14-09-2022<br>21-09-2022<br>28-09-2022<br>05-10-2022 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.00 p.m. |
| 5. | 08-09-2022<br>15-09-2022<br>22-09-2022<br>29-09-2022<br>06-10-2022 | വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |

# 1–ാം ചരമവാർഷികം

07–09–2022



വേർപാടിന്റെ ഒരു വർഷം

ടി. ഹരിദാസ്, എലഞ്ഞേരി വീട്, കെ.പി. വള്ളോൻ റോഡ്, കടവന്ത്ര- കൊച്ചി 20

**ദുഖാർത്തരായ കുടുംബാംഗങ്ങൾ**

ഭാര്യ- രമ, മക്കൾ-സീത, സിന്ധു, സന്ധ്യ

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2022 ആഗസ്റ്റ് മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | കെ. ഹരിഹരൻ, 9 B, സ്കൈലൈൻ എമറാൾഡ്, പനമ്പിള്ളിനഗർ, കൊച്ചി - 36 | 25,000/- |
| 2. | രാധാ ഹരിഹരൻ, 9 B, സ്കൈലൈൻ എമറാൾഡ്, പനമ്പിള്ളിനഗർ, കൊച്ചി - 36 | 25,000/- |
| 3. | ഡോ. പ്രകാശ് ചന്ദ്രൻ, കമ്മത്തിപറമ്പിൽ, ഇളമക്കര, കൊച്ചി | 5,984/- |
| 4. | ടി.പി. രാജേഷ്, വൈഷ്ണവം, 19/113, MORA- 44, മരട്, പി.ഒ. കൊച്ചി -682304 | 5,000/- |
| 5. | ചന്ദ്രശേഖർ, M-136, ഓമന, ചങ്ങമ്പുഴ നഗർ, കളമശ്ശേരി, കൊച്ചി | 5,000/- |


## 2022 ആഗസ്റ്റ് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**തങ്കം ഡി മേനോൻ**
L/1032 ഗായത്രി
G -50 ഇളമന,
പനമ്പിള്ളി നഗർ




**വി. വേണുഗോപാൽ**
L/2716 ശ്രീ,
ഫാത്തിമാ ചർച്ച് റോഡ്,
എളംകുളം
കൊച്ചി - 20




**വേണുഗോപാൽ സി**
L/3244, ജയനിവാസ്,
പൊയ്ംബ്ലാശ്ശേരി
രവിപുരം റോഡ്,
കൊച്ചി - 16



**പി. ഭാസ്ക്കരൻ**
L/3150 പൈപ്പ് ഫീൽഡ്,
നോർത്ത് ജനതാ റോഡ്
പാലാരിവട്ടം,
കൊച്ചി - 25



**ഗോപിനാഥൻ നായർ**
L/4475 സമീരം
അപ്പാർട്ട്മെന്റ്,
പാടം സ്റ്റോപ്പ് , ഇളമക്കര



**എം. രവീന്ദ്രനാഥൻ**
L/2249 പ്രതീക്ഷ,
ചക്കുങ്കൽ റോഡ്,
പാലാരിവട്ടം



**വി. സുധാകരൻ**
L/1778 അമ്പാടി അപ്പാർട്ട്മെന്റ്
വാരിയം റോഡ്
കൊച്ചി - 16

**2022 ആഗസ്റ്റ് 15 സെപ്റ്റംബർ മുതൽ 16 വരെ**

# മാസഫലം

കന്നിമാസഫലം

## ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160, Mob : 8848036518, 9645683491

**ജ്യോതിഷാചാര്യ: ജി.കെ. മേനോൻ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക ആദ്യപാദം) എല്ലാ കാര്യങ്ങളി



ലും അനുകൂലമായ സ്ഥിരോത്സാഹം ഉണ്ടാവുകയും സൂക്ഷ്മ മായ വിശലകനത്തിലൂടെ പ്രവർത്തി വിജയനേട്ടം നേടുകയും, ബിസിനസ് പുരോഗതി പൊതു കാര്യങ്ങളിൽ വിജയം. നല്ല കാര്യങ്ങൾക്ക് വേണ്ടി ധനംവിനിയോഗിക്കുക എന്നീ ഗുണ ഫലങ്ങളും അലർജി സംബന്ധമായ രോഗ വിഷമങ്ങൾ മൂർച്ഛിക്കുകയും ഫലേ സർപ്പപ്രീതി വരുത്തി പ്രശ്നപരിഹാരം നേടുക. സെപ്റ്റംബർ 29, 30, ഒക്ടോബർ 1 ദിവസങ്ങളിൽ പ്രധാന കാര്യങ്ങൾ ഒഴിവാക്കുക.

ഇടവക്കൂർ (കാർത്തിക അവസാന മൂന്നു ഭാഗം, രോഹിണി, മകീര്യം ആദ്യപകുതി) ഗൃഹം പുതുക്കി പണിയാനുദ്ദേശിക്കുന്നവർ



ക്കും വാങ്ങാൻ ഉദ്ദേശിക്കുന്നവർക്കും വാഹന മോഹം കൊണ്ടു നടക്കുന്നവർക്കും അനുകൂലമായ ഫലം ലഭിക്കും. ഹൃദ്രോഹ സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്നവർക്ക് രോഗം അലട്ടും. ദോഷഫലശാന്തിക്കും ഗുണഫലങ്ങളുടെ വർദ്ധനവിനും ദേവി പ്രീതികരമായ നാമജപവും ക്ഷേത്രദർശനവും നടത്തുക. ഒക്ടോബർ 2,3 തീയതികൾ നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുക.

മിഥുനക്കൂർ (മകീര്യം രണ്ടാം പകുതി തിരുവാതിര, പുണർതം അവസാന



മൂന്ന് പാദം) യാത്രകൊണ്ട് ഗുണം. കാലിന് വേദന പുകച്ചിൽ ഷോൾ്ഡർ വേദന നെഞ്ചിടിപ്പ് തുടങ്ങിയ ശാരീരിക അസ്വസ്ഥതകൾ അലട്ടാം. ശിവ ക്ഷേത്രദർശനവും നാമജപവും അനുഷ്ഠിക്കുന്നത് ദോഷങ്ങളുടെ തീവ്രത കുറയ്ക്കുവാൻ സഹായകമാകും. ഒക്ടോബർ 5,6 തീയതികൾ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും മറ്റ് നല്ല കാര്യങ്ങൾക്കും ഒഴിവാക്കുന്നത് നല്ലതാണ്.

കർക്കിടകക്കൂർ (പുണർതം അവസാന പാദം, പൂയ്യം, ആയില്യം) കലാരംഗ



ത്തുനിന്നും ധനലാഭം പ്രതീക്ഷിക്കാം. സഹായികൾ നിമിത്തം ദ്രവ്യ നാശം സംഭവിക്കാം. ജീവിത പങ്കാളിക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാം. തൊണ്ട, തോൾ മുതലായ ഭാഗങ്ങളിൽ വേദന നീര് എന്നിവക്ക് സാധ്യത ഉള്ളതിനാൽ വിഘ്നേശ്വര നാമജപം ക്ഷേത്ര ദർശനം എന്നിവ നടത്തുക. ദഹനസംബന്ധമായ പ്രശ്നങ്ങൾ പ്രതിസന്ധി സൃഷ്ടിച്ചേക്കാം. ഒക്ടോബർ 6,7 തീയതികൾ ശുഭകാര്യങ്ങൾക്ക് വർജ്ജിക്കേണ്ടതാണ്.

ചിങ്ങക്കൂർ (മകം, പൂരം, ഉത്രം ആദ്യപാദം ) ദ്രവ്യ ലാഭം, അംഗീകാരം,



പൊതു ജനങ്ങളിൽ നിന്ന് ആദരവ് നേടുക. വിദ്യാർത്ഥികൾക്ക് മികച്ച വിജയം നേടാൻ അനുകൂല സാഹചര്യമാണ് തൊണ്ട വേദന ദഹനക്കുറവ് ഗ്യാസ് നടുവേദന തുടങ്ങിയ രോഗങ്ങൾ അസ്വസ്ഥത സൃഷ്ടിക്കാം. ശിവ ക്ഷേത്രദർശനവും നാമജപവും വിദ്യാർത്ഥികൾക്ക് പ്രതിസന്ധികളിൽ ഊർജ്ജം പകരും ഒക്ടോബർ 9, 10 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. നല്ല കാര്യങ്ങൾ ഈ ദിവസങ്ങൾ ഒഴിവാക്കുന്നത് നല്ലതാണ്.

കന്നിക്കൂർ (ഉത്രം അവസാന മൂന്ന് പാദം, അത്തം, ചിത്തിര ആദ്യപ



കുതി)കലാരംഗങ്ങളിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം വിദേശയാത്ര സംബന്ധമായി ചില അനുകൂല സൂചനകൾ ലഭിക്കും ശത്രുവിജയം. കഴുത്തിന് മുകളിലേക്കുള്ള ഭാഗങ്ങളിൽ പല വിധേനയുള്ള അസ്വസ്ഥതകൾ സൃഷ്ടിക്കും. ഗണപതിഹോമം നടത്തുകയും ക്ഷേത്രദർശനവും നാമജപവും പ്രതിസന്ധികൾ ഇല്ലാതാക്കാൻ സഹായിക്കും ഒക്ടോബർ 11, 12 ദിവസങ്ങൾ ശുഭ കാര്യങ്ങൾക്കായി സ്വീകരിക്കാതിരിക്കുന്നതാണ് ഉചിതം.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

തുലാക്കൂറ് (ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യമൂന്ന്



പാദം) പ്രണയ സാഫല്യം നേടുന്നതിനും ഇടയാകും ദാമ്പത്യ കലഹം ശിരോരോഗം നെഞ്ചെരിച്ചിൽ മുട്ടുവേദന എന്നീ ദോഷഫലങ്ങൾക്ക് സാധ്യതയുള്ളതിനാൽ ഗണപതി ഹോമം സർപ്പപ്രീതി നാരായണജപം എന്നിവ അനുഷ്ഠിക്കുക. ഒക്ടോബർ 14, 15 ദിവസങ്ങൾ അനുകൂലമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്കും ദ്രവ്യങ്ങളുടെ കൊടുക്കൽ വാങ്ങലുകൾക്കും ഒഴിവാക്കുന്നത് ഗുണകരമാവും.

വൃശ്ചികക്കൂർ (വിശാഖം അവസാന പാദം അനിഴം, തൃക്കേട്ട) സ്ഥാ



നമാനാദി ഗുണങ്ങളും വിഭവങ്ങളും ഉത്തരവാദിത്വപ്പെട്ട പദവികളുടെ നേട്ടവും പ്രതീക്ഷിക്കാം. ഉദര സംബന്ധമായും കാൽമുട്ട് കാൽപാദം എന്നീ അവയവങ്ങളിലും രോഗ സാധ്യത കാണുന്നതിനാൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വീഴ്ച പറ്റാതിരിക്കാൻ കരുതൽ എടുക്കുക. ഒക്ടോബർ 16, 17 ദിവസങ്ങൾ പൊതുവേ ഗുണകരമായി കാണുന്നില്ല ആയതിനാൽ ഈ ദിവസങ്ങളിൽ പ്രധാനപ്പെട്ട കരാറുകളോ മറ്റു രേഖകൾ ഒപ്പിടാതിരിക്കാൻ പരമാവധി ശ്രമിക്കുക.

ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം ഒന്നാം പാദം ) സാഹിത്യരംഗത്തും



സാമൂഹ്യരംഗത്തും സ്ഥാനമാനങ്ങളും അംഗീകാരവും നേടും. സർക്കാർ ജോലിക്ക് ശ്രമിക്കുന്നവർക്ക് കാലം അനുകൂലമായിരിക്കും മതപരമായ കാര്യങ്ങളും തത്വചിന്താപരമായ കാര്യങ്ങളിലും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കും. വിദേശയാത്രക്ക് ശ്രമിക്കുന്നവർക്ക് ആഗ്രഹ സഫലീകരണത്തിന് സാധ്യതയുണ്ട്. ശാരീരിക അസ്വസ്ഥതകൾക്ക് ശിവക്ഷേത്ര ദർശനം അയ്യപ്പക്ഷേത്ര ദർശനം നാമജപം യഥാശക്തി വഴിപാടുകൾ എന്നിവ ദോഷം ഫലം ലഘൂകരിക്കും.

മകരക്കൂർ ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യപ



കുതി) കർമ്മപരമായ പ്രതിസന്ധികൾ മാനസിക പ്രയാസത്തിന് ഇടവരുത്തും അപ്രതീക്ഷിതമായ ചില സഹായങ്ങൾ കരുത്തായി ഭവിക്കും. ദാമ്പത്യസുഖം ലഭ്യമാകും. സന്താനങ്ങളുമായി കലഹത്തിന് ഇടവരും ഇത്തരം ദോഷാനുഭവങ്ങൾക്ക് സാധ്യത ഉള്ളതിനാൽ നവഗ്രഹ ക്ഷേത്രത്തിൽ ശനിദോഷ നിവാരണത്തിന് പൂജ നടത്തുകയും അയ്യപ്പദർശനവും നാമജപവും ശനിയാഴ്ചകളിൽ നിർബന്ധമായും അനുഷ്ഠിക്കുകയും ചെയ്യേണ്ടതാണ്.

കുംഭക്കൂർ (അവിട്ടം അവസാന പകുതി, ചതയം, പൂരൂരുട്ടാതി ആദ്യ



മൂന്ന് പാദം) വിദ്യാർത്ഥികൾക്ക് കാലം അനുകൂലമായിരിക്കും. കോഴ്സുകൾക്ക് ചേരാൻ ആഗ്രഹിക്കുന്നവർക്ക് അനുകൂല സാഹചര്യം ഉണ്ടാകും. ധനപരമായി മെച്ചപ്പെടും. പരിശ്രമം കുറവുകൊണ്ട് പല അവസരങ്ങളും നഷ്ടപ്പെടാനും സാധ്യതയുണ്ട്. ദാമ്പത്യ കലഹവും ശത്രുഭയവും വർദ്ധിക്കും. പല ഗുണാനുഭവങ്ങളും കയ്യെത്തും ദൂരത്തു നിന്നും നഷ്ടപ്പെടാം. ഗണപതിഹോമം, നാമജപം, സർപ്പപ്രീതി ശിവ ക്ഷേത്ര ദർശനം എന്നിവ ശീലിക്കുക.

മീനക്കൂർ (പൂരുരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) ഊർ



ജ്ജസ്വലത പ്രതിരോധ ശക്തി ആരോഗ്യം എന്നിവ കൈവരിക്കും വിജ്ഞാന സമ്പാദനം വിജ്ഞാന ദാഹം എന്നിവ വർദ്ധിക്കും. മത്സരബുദ്ധിയോടെ ഉള്ള പ്രവർത്തികൾ വിജയത്തിൽ എത്തും. കള്ളം പറയേണ്ട സാഹചര്യം ഉണ്ടാവും. വാക്ക് ദോഷം പ്രശ്നങ്ങൾക്ക് ഇടവരുത്തും. സ്ത്രീകൾക്ക് മൂത്രസംബന്ധമായ പ്രശ്നങ്ങൾ രൂക്ഷമാകും. സഹായികളും സഹോദര സാനിയയും പ്രതികൂലമായി പ്രവർത്തിക്കും സ്വയം പരിശ്രമത്തിലൂടെ കിട്ടേണ്ട ധനം കൈവശം വന്ന് ചേരും.


# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 32,170cm, Visakham, Wheatish, B.Tech (Mech),Asst Manager, Kerala Gramin Bank, Ph:0484-2340643, Mob:9495219853, 945076180


Email:kkbalac@gmail.com
Date of Birth:27-11-1989(14.50)
Sishta Dasa:Guru:3-9-10.48




Contact Address:
MR.K.K.BALACHANDRAN
505 SUNNY PALACE
CHANGAMPUZHA SAMADHI RD
EDAPPALLY
ERNAKULAM - 682024

Nair Boy, 34,180cm, Rohini, White, Electrcal (MTEC),Asst Engineer, Mob:9961402347, 9495063369


Email:arunchand87@gmail.com
Date of Birth:14-09-1987(2.15 pm)
Sishta Dasa:Chandra 2-3-19 days




Contact Address:
MR. CHANDRAN NAIR. C.M.
CHITTADIYIL HOUSE
KOODAPPULAM P.O.,
RAMAPURAM BAZZAR (VIA)
KOTTAYAM - 686576

Nair Boy, 30/183cm,Chithira,Fair, B.Tech, Software Developer,Pref: Working Professionals.Mob: 8590361581, 7030523521

Email:pkiran.kala@gmail.com
Date of Birth:29-12-1991(9.57pm)
Sishta Dasa:Kuja





Contact Address:
MR.KALADHARAN M
WEST MARATH HOUSE
VADAVANNUR P.O
PALAKKAD
PIN - 678504

# വരനെ ആവശ്യമുണ്ട്

Menon Girl,25/157cm,Pooruruttathi 1/4(Meenam), BBA,LLB,Coporate Lawyer, Associate, SNG Partners, Mumbai, Mob: 9884606446, 9447135647


Email:nandakumar.parameswaram@gmail.com
Date of Birth:3-5-1997(1.35pm)
Sishta Dasa:Guru : 1-6-20




Contact Address:
MR.NANDAKUMAR MENON
PARAMESWARAM,
PATTATH PADATH HOUSE
RAMANKULANGARA TEMPLE RD
NAYARAMBALAM
ERNAKULAM

Nair Girl,23/168cm,Makam,Fair, B.VSC (Doing Internship),Pref: employed in USA/UK,Canada /Gagetted post in Kerala Govt,Districts-Native of Ernakulam /Thrissur,Mob:9495364253

Email:malinivo@gmail.com
Date of Birth:5-1-1999(8.32pm)
Sishta Dasa:Kujan :4-0-9




Contact Address:
MR.U T.RADHAKRISHNAN
SANTHI SREYAS
FLAT NO.8A
ERNAKULATHAPPAN ROAD
NEAR IMA BLOOD BANK
ERNAKULAM-


## THOTTEKKATT DIWAN'S MEMMORIAL HALL ERNAKULAM KARAYOGAM

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com



ഗുരുവായൂർ

**Radheyam®**

GUEST HOUSE


**Thekke Nada, Karakkat Road, Guruvayur - 680 101**


**E-mail: radheyamguesthouse@gmail.com**

**Tel: +91 487 2504700, +91 85478 71161**



**Fully Air Conditioned**







**സൗകര്യപ്രദമായ 36 മുറികൾ**

**വിശാലമായ പാർക്കിംഗ്**

**വിവാഹാവശ്യങ്ങൾക്കും മറ്റുമായി വിശാലമായ രണ്ടു ഹാളുകൾ**

*Administrative Office:* **ERNAKULAM KARAYOGAM**

**T.D.M Hall Complex, D.H. Road, Kochi 682016, Kerala**

**Tel: 0484 2361160**

DATE OF PUBLICATION: 10-09-2022

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2022-24

M6-57945/2007

Volume No. 14 September 2022 Issue No. 9






## എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം

**സെപ്റ്റംബർമാസ പരിപാടി**

ജോൺസൺ മാസ്റ്ററുടെ പതിനൊന്നാം ചരമവാർഷികാനുസ്മരണം.
ഓർമ്മകളിൽ പാട്ടിന്റെ രാജഹംസമായ മാസ്റ്ററിന്റെ
ഈണങ്ങളിലൂടെ ഒരു സായാഹ്നം 18-09-2022, ഞായറാഴ്ച, 4 pm
യമുന, ടിഡി.എം. ഹാൾ

***ഏവർക്കും സ്വാഗതം***

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

**സേവനം ജീവിതസാഫല്യം**